VOL NO: 04 | ISSUE 52
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 DECEMBER 26 | 1442 JUMADAL AWWAL 11 | ₹12 വാരിക

## വളരുന്ന വർഗീയതയും രാഷ്ട്രീയ കക്ഷികളുടെ നിലപാടുകളും

മതേതര കക്ഷികളിൽ പെട്ടവർ പോലും കേവലം രാഷ്ട്രീയ ലാഭത്തിനു വേണ്ടി വർഗീയ പരാമർശങ്ങൾ നടത്തുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. വർഗീയതയാകുന്ന വൈറസിനെ പുറത്തു വിട്ടാലുണ്ടാകുന്ന തിക്തഫലമെന്തെന്ന് അറിയാത്തവരല്ല ഇവരാരും. താൽക്കാലിക ലാഭത്തിനായി വർഗീയ ധ്രുവീകരണമുണ്ടാക്കാൻ ശ്രമിക്കുന്നവർ രാജ്യത്തിന്റെ സമാധാനമാണ് തകർക്കുന്നത്.



|| തുരത്തണം വർഗീയ വൈറസിനെയും
|| തെറ്റായ ധാരണകളും തെറ്റുന്ന ബന്ധങ്ങളും
|| ഖത്തപ്പുരകെട്ടി ക്വുർആൻ ഓതൽ: പ്രമാണങ്ങൾ എന്ത് പറയുന്നു?

## പാഠം ഒന്ന്: കോവിഡ് വാക്സിൻ കൊടുത്താൽ പൗരത്വനിയമം ഉണരും

രാജ്യത്ത് കോവിഡ് വാക്സിനേഷൻ ആരംഭിച്ചാലുടൻ പൗരത്വനിയമം നടപ്പാക്കുന്നതിനുള്ള നടപടികളാരംഭിക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ പ്രഖ്യാപിച്ചിരിക്കുകയാണ്. കൊറോണയും കാർഷിക ബില്ലും വരുത്തിവെച്ചതിനെക്കാൾ വലിയ വിനകളാണ് രാജ്യത്ത് ഇനി വരാനിക്കുന്നതെന്നർഥം.

## ഓൺലൈൻ കോൺഫറൻസിനോടനുബന്ധിച്ച് വിസ്ഡം ബുക്സ് പുതുതായി പുറത്തിറക്കിയ

## 1400 രൂപയിലധികം വിലയുള്ള ഒരു ഡസൻ പുസ്തകങ്ങൾ

## ഇപ്പോൾ വെറും 1000 രൂപക്ക്...!!!

WISDOM BOOKS

PUBLISHING || DISTRIBUTION


Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244


### പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅ്ഫർ സ്വാദിഖ് മദീനി | ₹ 170 |






നേർപഥം
വാരിക

0206 / 2020 ഡിസംബർ 26 / 1442 ജുമാദൽ അവ്വൽ 11 / പുസ്തകം 04 / ലക്കം 52


# വളരുന്ന വർഗീയതയും രാഷ്ട്രീയ കക്ഷികളുടെ നിലപാടുകളും


**സുഫ്‌യാൻ അബ്ദുസ്സലാം / 10**

**മുഖമൊഴി**
പാഠം ഒന്ന്: കോവിഡ് വാക്സിൻ കൊടുത്താൽ പൗരത്വനിയമം ഉണരും / 05

**ജാലകം**
തേനീച്ചയും ഈച്ചയും പിന്നെ നമ്മളും / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ലേഖനം**
തെറ്റായ ധാരണകളും തെറ്റുന്ന ബന്ധങ്ങളും / 07
ദുൽക്കർഷാൻ അലനല്ലൂർ

**ചരിത്രപഥം**
മുഹമ്മദ് നബി(സ്വ) സൃഷ്ടിക്കപ്പെട്ടത് പ്രകാശത്തിൽനിന്നോ? / 18
ഹുസൈൻ സലഫി, ഷാർജ

**ക്വുർആൻ ദർശനം**
ഹശ്ർ (തുരത്തിയോടിക്കൽ) / 23
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**വിമർശനം**
ഖത്തപ്പുരകെട്ടി ക്വുർആൻ ഓതൽ: പ്രമാണങ്ങൾ എന്ത് പറയുന്നു? / 26
മൂസ സ്വലാഹി, കാര

**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം / 29
പി.എൻ സോമൻ

**നമുക്ക് ചുറ്റും**
തുരത്തണം വർഗീയ വൈറസിനെയും / 34
ടി.കെ.അശ്റഫ്



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




### മുഹമ്മദ് നബിﷺ എന്ന അധ്യാപകൻ

1400 വർഷങ്ങൾക്കു മുമ്പ്, ഒരു യൂണിവേഴ്സിറ്റിയിൽനിന്നും ഒരു ഡിഗ്രിയും കരസ്ഥമാക്കിയിട്ടില്ലാത്ത, അക്ഷരജ്ഞാനം പോലുമില്ലാതിരുന്ന ഒരധ്യാപകനുണ്ടായിരുന്നു അറേബ്യയിൽ. ലോക ജനതയ്ക്കാകമാനം മാർഗദർശിയായ ഒരധ്യാപകൻ. അത് മറ്റാരുമല്ല; മുഹമ്മദ് നബിﷺയാണ്. ലോകം കണ്ട ഏറ്റവും മികച്ച ഗുരുവര്യൻ.

ജാതി, മത, വർണ, വർഗ വ്യത്യാസങ്ങൾക്കതീതമായി എല്ലാവർക്കും വേണ്ടി അവിടുന്ന് ഉപദേശങ്ങൾ നൽകി; ഭൗതികമായ യാതൊരു നേട്ടവും പ്രതീക്ഷിക്കാതെ. മാനവരാശിയെ അജ്ഞതയുടെ അന്ധകാരത്തിൽനിന്ന് അറിവിന്റെ വെളിച്ചത്തിലേക്ക് സ്നേഹപൂർവം നയിച്ച ആ ഗുരുനാഥൻ ത്യാഗത്തിന്റെയും സഹനത്തിന്റെയും പ്രാധാന്യം നമ്മെ ബോധ്യപ്പെടുത്തി. സൽസ്വഭാവത്തിന്റെ പൂർത്തീകരണം സ്വജീവിതത്തിലൂടെ ലോകത്തിന് സമർപ്പിച്ചു.

അനാഥ മക്കളുടെ മുമ്പിൽവച്ച് സ്വന്തം മക്കളെ ലാളിക്കരുതെന്ന് പഠിപ്പിച്ച കാരുണ്യത്തിന്റെ അധ്യാപകൻ, അയൽവാസി പട്ടിണികിടക്കുമ്പോൾ വയറുനിറച്ച് ആഹരിക്കുന്നവൻ നമ്മിൽ പെട്ടവനല്ല എന്ന് മുന്നറിയിപ്പുനൽകിയ, 'ജൂതനാണെങ്കിലും അയാൾ മനുഷ്യനല്ലേ' എന്ന ഓർമപ്പെടുത്തലിലൂടെ മനുഷ്യത്വത്തിന്റെ മൂല്യം പഠിപ്പിച്ചുതന്ന അധ്യാപകൻ.

സ്വന്തം മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിൽ പോലും മോഷ്ടാവിനുള്ള ശിക്ഷയായി അവളുടെ കരംഛേദിക്കുമെന്ന് ഓർമപ്പെടുത്തിയ നീതിയുടെ അധ്യാപകൻ, പുഞ്ചിരിക്കുന്ന മുഖവുമായി തന്റെ സഹോദരനെ സമീപിക്കുന്നതുപോലും ധർമമാണെന്ന് പഠിപ്പിച്ച മാതൃകാഗുരു, അതായിരുന്നു മുഹമ്മദ് നബിﷺ.

തമാശയായി പോലും കള്ളം പറയരുതെന്ന് പഠിപ്പിച്ച സത്യത്തിന്റെ വഴികാട്ടി. അല്ലാഹുവിന്റെ ഭവനങ്ങളായ പരിശുദ്ധ പള്ളികളിൽ പ്രവേശിക്കുന്നതു മുതൽ തിരിച്ചിറങ്ങുന്നതുവരെ പാലിക്കേണ്ട അച്ചടക്ക മര്യാദകൾ പകർന്നുതന്ന മഹാനായ ഗുരു. വഴിയിൽനിന്നും ഉപദ്രവങ്ങൾ നീക്കുന്നത് പുണ്യകർമമാണെന്നും മനസ്സിൽ ചൊറിച്ചിലുണ്ടാക്കുന്നതെല്ലാം പാപമാണെന്നും പഠിപ്പിച്ച നന്മയുടെ വഴികാട്ടി.

ഒരേസമയം കുടുംബനാഥനായും സ്നേഹനിധിയായ പിതാവായും അനാഥ സംരക്ഷകനായും രാഷ്ട്രത്തലവനായും സേനാനായകനായും മാതൃക കാണിച്ച സമാനതകളില്ലാത്ത ഗുരുനാഥൻ.

യഥാർഥ അധ്യാപകൻ അറിവിൽ വർധനവ് ആഗ്രഹിക്കുന്നവനാണ്. 'അല്ലാഹുവേ, എനിക്ക് നീ അറിവിൽ വർധനവ് നൽകേണമേ' എന്ന് പ്രവാചകൻ ധാരാളമായി പ്രാർഥിക്കുകയും അതിനായി അനുചരന്മാരെ ഉപദേശിക്കുകയും ചെയ്യുമായിരുന്നു.

എന്തുകൊണ്ട് പ്രവാചകൻﷺ അധ്യാപകരിൽ ഉന്നതനായി എന്ന ചോദ്യത്തിനുള്ള ഉത്തരം; അവിടുന്ന് പഠിപ്പിക്കുന്ന കാര്യങ്ങൾ ആദ്യം സ്വന്തം ജീവിതത്തിൽ പകർത്തി മാതൃക കാണിച്ചു എന്നതാണ്. മത, വർഗ, വർണ വ്യത്യാസത്തിന്റെ പേരിൽ ഒരാളെ പോലും അവിടുന്ന് അകറ്റിനിർത്തിയില്ല.

'താങ്കൾ മഹത്തായ സ്വഭാവത്തിലാകുന്നു' എന്ന് അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ ആ പ്രവാചകനെ വിശേഷിപ്പിച്ചത് എത്രമാത്രം വലിയ ബഹുമതിയാണ്!

അവിടുന്ന് പുഞ്ചിരിച്ചിരുന്നു; എന്നാൽ പൊട്ടിച്ചിരിച്ചിരുന്നില്ല. ദുഃഖിച്ചിരുന്നു; എന്നാൽ വിലപിച്ചിരുന്നില്ല. ഔദാര്യവാനായിരുന്നു; എന്നാൽ അമിതവ്യയം ചെയ്തിരുന്നില്ല. കോപിച്ചിരുന്നു: എന്നാൽ അക്രമാസക്തനായിട്ടില്ല. ഇങ്ങനെ എണ്ണിയാൽ തീരാത്ത സൽസ്വഭാവത്തിനുടമയായിരുന്ന ആ അധ്യാപകനെ ഓർമിക്കാതെ വിശ്വാസികൾക്കെങ്ങനെ ജീവിതത്തിലെ ഓരോ നിമിഷവും തള്ളിനീക്കാനാകും?

**- മുഹ്സിന ടീച്ചർ ഒതായി**

**സ്കൂൾ ഓഫ് ഖുർആൻ**
**പ്രദേശിക സെന്ററുകൾ അനുവദിക്കുന്നു**

കേരളത്തിനകത്തും പുറത്തുമായി ഇരുപതിലധികം സെന്ററുകളുള്ള സ്കൂൾ ഓഫ് ഖുർആനിന്റെ പ്രദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. 8089999597 എന്ന നമ്പറിലോ mail@schoolofqfuran.com എന്ന മെയിലിലോ ബന്ധപ്പെടുക.

Office: School of Qur'an, Jamia Al-Hind
Al-Islamiyya, Jamia Campus, Mini Ootty - Oorakam

മുഖമൊഴി

# പാഠം ഒന്ന്: കോവിഡ് വാക്സിൻ കൊടുത്താൽ പൗരത്വനിയമം ഉണരും

രാജ്യത്ത് കോവിഡ് വാക്സിനേഷൻ ആരംഭിച്ചാലുടൻ പൗരത്വനിയമം നടപ്പാക്കുന്നതിനുള്ള നടപടികളാരംഭിക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ പ്രഖ്യാപിച്ചിരുക്കുന്നു. ബംഗാളിലെ തെരഞ്ഞെടുപ്പു റാലിയിലാണ് രാജ്യത്തിന്റെ നെഞ്ചിലേക്ക് ഈ വെടിയുതിർത്തിരിക്കുന്നത്. ബംഗ്ലാദേശിൽ നിന്നുള്ള നുഴഞ്ഞുകയറ്റംമൂലം ബംഗാളിലെ ജനങ്ങൾ അസന്തുഷ്ടരാണെന്നും ഇത് അവസാനിപ്പിക്കാൻ വരുന്ന തെരഞ്ഞെടുപ്പിൽ ജനങ്ങൾ മാറ്റംകൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞതിൽനിന്നുതന്നെ ഈ അവസരത്തിലുള്ള ഈ പ്രഖ്യാപനത്തിന്റെ ലക്ഷ്യം വ്യക്തമാണല്ലോ.

കോവിഡിന്റെ വരവാണ് പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെയുള്ള ജനകീയ സമരം അവസാനിപ്പിക്കാൻ കാരണമായത്. നിയമം നടപ്പിലാക്കാൻ സർക്കാരിനു തടസ്സമായതും കോവിഡുതന്നെ. എന്നാൽ രണ്ടും കൽപിച്ച് ഇറങ്ങാനുള്ള പുറപ്പാടിലാണ് സർക്കാർ എന്നാണ് ആഭ്യന്തര മന്ത്രിയുടെ പ്രഖ്യാപനത്തിൽനിന്നു മനസ്സിലാകുന്നത്. ഒരുപക്ഷേ, ബംഗാളിലെ ഭരണം പിടിക്കാനുള്ള ആയുധം മാത്രമായേക്കാം ഈ പ്രഖ്യാപനം. ഫാസിസത്തിന് ഭരണം നിലനിർത്താനും പിടിച്ചെടുക്കാനും വൈകാരികമായ ഒരു കാരണം വേണം. ബാബരി മസ്ജിദും രാമക്ഷേത്ര നിർമാണവും അത്തരത്തിലുള്ള ഒരു വൈകാരിക വിഷയമായിരുന്നു. അത് കത്തിച്ചുനിർത്തി രാഷ്ട്രീയ നേട്ടം ഏറെ കൊയ്തെടുക്കുവാൻ സംഘ്പരിവാറിനു കഴിഞ്ഞു. സുപ്രീം കോടതിയുടെ അന്തിമവിധിയോടെ അത് കെട്ടടങ്ങി.

അതോടെ പുറത്തെടുത്ത പുതിയ ഒരായുധമാണ് പൗരത്വവുമായി ബന്ധപ്പെട്ട ബിൽ. കൂടുതൽ സംസ്ഥാനങ്ങളിൽ ഭരണം പിടിച്ചെടുക്കുന്നതുവരെയോ അടുത്ത പാർലിമെന്റ് തെരഞ്ഞെടുപ്പുകൂടി കഴിയുന്നതുവരെയോ വിഷയം സജീവമായി നിലനിർത്തിയേക്കാം. നടപ്പിലാക്കൽ അത്ര എളുപ്പമായിരിക്കില്ല. അന്താരാഷ്ട്ര സമൂഹത്തിന്റെ എതിർപ്പും രാജ്യത്തിനകത്തെ എതിർപ്പും പാടെ അവഗണിച്ച് മുന്നോട്ടു പോയാൽ രാഷ്ട്രീയമായ ലാഭം നേടാൻ കഴിയുമെന്ന് ഉറപ്പില്ലല്ലോ. അതിനാൽ 'പുലി വരുന്നേ' എന്ന് ഇടയ്ക്കിടയ്ക്ക് വിളിച്ചുപറഞ്ഞുകൊണ്ടേയിരിക്കും. അത് വർഗീയ വിഷം ഉള്ളിൽ കുമിഞ്ഞുകൂടിയവർക്ക് മനസ്സിന് ആനന്ദം നൽകാനും ഇരകളാകാൻ പോകുന്നവരെ പേടിപ്പിക്കാനുമുള്ള അടവും ആയിരിക്കാം.

ഒരുപക്ഷേ, പ്രഖ്യാപിച്ചതുപോലെ താമസിയാതെ പുറത്താക്കലും അകത്താക്കലുമൊക്കെ തുടങ്ങിയേക്കാം. ഇവിടെ, രാജ്യത്തെയും രാജ്യത്തിന്റെ ഭരണഘടനയെയും സ്നേഹിക്കുന്ന, മതനിരപേക്ഷതയും നാനാത്വത്തിൽ ഏകത്വമെന്ന സവിശേഷതയും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന, എല്ലാ മതക്കാർക്കും അവരവരുടെ വിശ്വാസാചാരങ്ങൾ പിന്തുടർന്ന് ജീവിക്കുവാനും അത് പ്രബോധനം ചെയ്യുവാനുമുള്ള സ്വാതന്ത്ര്യം അടയറവയ്ക്കില്ല എന്ന് വാശിയുള്ള ഓരോ പൗരനും കൈയും കെട്ടി നോക്കിനിന്നുകൂടാ. പുതിയ പൗരത്വ നിയമം നടപ്പാക്കുന്നതിനെതിരെ അതിശക്തമായ സമര പരിപാടികളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. ഇത് മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന വിഷയമാണ് എന്ന് ആരെങ്കിലും കരുതുന്നെങ്കിൽ അത് മൂഢധാരണയാണ്. നാളെ മറ്റുള്ള മതക്കാർക്കും കമ്യൂണിസ്റ്റുകൾക്കുമെതിരെയും ഈ വാൾ ഉയരും. ഫാസിസ്റ്റുകൾ ആഗ്രഹിക്കുന്നത് സവർണാധിപത്യമാണ്. അതിനുകീഴിൽ ദളിതുകളായ ഹൈന്ദവ ഭൂരിപക്ഷത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്ന് മനുസ്മൃതി പറഞ്ഞുതരുന്നുണ്ട്.

തലസ്ഥാന നഗരിയെ വിറപ്പിക്കുന്ന, ഭരണാധിപന്മാരുടെ ഉറക്കംകെടുത്തുന്ന കർഷകസമരം പോലെ പൗരത്വ നിയമം പിൻവലിക്കുംവരെ സമരം ചെയ്യാൻ തയ്യാറാകേണ്ടതുണ്ട്. അതിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും എല്ലാ മതവിഭാഗങ്ങളും തോളോടു തോൾചേർന്ന് അണിനിരക്കണം. രാജ്യത്തിന്റെയും രാജ്യത്തെ മൊത്തം ജനങ്ങളുടെയും വിഷയമായി ഇതിനെ കാണാൻ സാധിക്കണം.

നാളുകളേറെ കഴിയുമ്പോൾ കർഷകർ നിരാശപ്പെട്ട്, പരാജിതരായി സമരം അവസാനിപ്പിക്കും എന്ന ചിന്തയാലായിരിക്കണം ഭരണകൂടം അനുകൂലമായി പ്രതികരിക്കാത്തത്. അത് പരാജയപ്പെട്ടാൽ പൗരത്വബില്ലിനെതിരെയുള്ള സമരത്തെയും സർക്കാർ ഈവിധം നേരിട്ടേക്കാം. ഏതായാലും കാത്തിരുന്നു കാണാം.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# തേനീച്ചയും ഈച്ചയും പിന്നെ നമ്മളും

ചെറിയ രണ്ടു പ്രാണികളാണെങ്കിലും ഇവയെപ്പറ്റി ആലോചിക്കുന്നവർക്ക് ഇവയിൽ ധാരാളം പാഠങ്ങളുണ്ട്. രണ്ടു ജീവികളും നമുക്കുചുറ്റും അങ്ങിങ്ങായി പാറിപ്പറന്നു നടക്കുന്നതിനാൽ എല്ലാവർക്കും സുപരിചിതമാണ്. അന്യായമായി ആരെയും ഉപദ്രവിക്കാതെ, മരങ്ങൾക്കും ചെടികൾക്കുമിടയിൽ പൂക്കളെ മാത്രം തേടി നടന്ന്, അവയുടെ തേൻ നുകർന്ന്, മധുരമുള്ള തേൻ മാത്രം മനുഷ്യർക്കു നൽകുന്ന തേനീച്ചയാണൊന്ന്. നേതൃത്വത്തിനോടുള്ള അനുസരണ, കഠിനാധ്വാനം, പരസ്പര സഹകരണം, പ്രതികൂലാവസ്ഥകളെ അതിജീവിക്കാനുള്ള സഹനം, ബുദ്ധിപരമായ നിർമാണ പാടവം, വൃത്തിഹീനമായ സ്ഥലങ്ങളിൽ നിന്ന് വിട്ടുനിൽക്കൽ തുടങ്ങിയ ഒട്ടേറെ നന്മകൾ അല്ലാഹു തേനീച്ചയുടെ പ്രകൃതത്തിൽ നിക്ഷേപിച്ചിരിക്കുന്നു.

എന്നാൽ ഈച്ചയോ? മഹാനാശകാരിയായ ഒരു പ്രാണി. വൃത്തിഹീനമായ വസ്തുക്കളെവിടെയുണ്ടോ അവ മാത്രം തെരഞ്ഞുകണ്ടെത്തി അവിടെയിരിക്കുന്നു. എന്നിട്ട് ആ മാലിന്യങ്ങൾ നാടാകെ പരത്തുന്നു. മഹാമാരികൾക്ക് കാരണമായ രോഗാണുക്കളെ വഹിക്കുന്നതിനാൽ ഈച്ച എന്നും മനുഷ്യസമൂഹത്തിന്റെ പേടിസ്വപ്നമാണ്. പുരാതന ഗ്രീക്കുകാരും അസ്സീരിയക്കാരും ഈച്ചയുടെ ശല്യത്തിൽനിന്ന് മോചനം നേടാൻ വേണ്ടി ബലി നടത്തിയിരുന്നുവത്രെ! ഒന്നാം ലോകമഹായുദ്ധത്തിന്നു മുമ്പ് അമേരിക്കൻ ജനത ഭരണകൂടത്തിന്റെ ഉത്തരവ് പ്രകാരം ദിവസവും ഉച്ചക്ക് ഒരുമണിക്ക് അഞ്ചുമിനിട്ടു മുമ്പായി ഈച്ചകളെ കൊല്ലുന്ന ഇടവേളയായി നിശ്ചയിച്ചിരുന്നുവത്രെ! ഈച്ചയും തേനീച്ചയും തമ്മിൽ എത്ര അന്തരം!

ഒരു സത്യവിശ്വാസിയെ നബിﷺ തേനീച്ചയോട് ഉപമിച്ചത് കാണുക: അബൂറസീനുൽ ഉഖൈലി(റ) ഉദ്ധരിക്കുന്നു; നബിﷺ പറഞ്ഞു: "സത്യവിശ്വാസിയുടെ ഉപമ തേനീച്ചയെപ്പോലെയാണ്. അത് നല്ലതേ തിന്നുകയുള്ളൂ. നല്ലത് സ്രവിക്കുകയും ചെയ്യും" (ത്വബ്റാനി).


മറ്റൊരു റിപ്പോർട്ടുപ്രകാരം ഈ നബി വചനം ഇങ്ങനെ വായിക്കാം: "മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ ആ അല്ലാഹുവാണെ സത്യം, ഒരു സത്യവിശ്വാസി തേനീച്ചയെപോലെത്തന്നെയാണ്. അത് വിശുദ്ധമായത് മാത്രം തിന്നു, വിശുദ്ധമായത് സ്രവിച്ചു; ചില്ലകളൊടിക്കാതെ, നാശമൊന്നും വരുത്താതെ" (അഹ്മദ്).

വിശുദ്ധ ക്വുർആനിലെ 16ാം അധ്യായമാണ് തേനീച്ച എന്നർഥമുള്ള 'അന്നഹ്ൽ.' അതിൽ ഇപ്രകാരം കാണാം: "നിന്റെ നാഥൻ തേനീച്ചക്ക് ഇപ്രകാരം ബോധനം നൽകുകയും ചെയ്തിരിക്കുന്നു. മലകളിലും മരങ്ങളിലും മനുഷ്യർ കെട്ടിയുയർത്തുന്നവയിലും നീ പാർപ്പിടങ്ങളുണ്ടാക്കിക്കൊള്ളുക. പിന്നെ എല്ലാതരം ഫലങ്ങളിൽനിന്നും നീ ഭക്ഷിച്ചുകൊള്ളുക. എന്നിട്ട് നിന്റെ രക്ഷിതാവ് സൗകര്യപ്രദമായി ഒരുക്കിത്തന്നിട്ടുള്ള മാർഗങ്ങളിൽ നീ പ്രവേശിച്ചുകൊള്ളുക. അവയുടെ ഉദരങ്ങളിൽനിന്നും വ്യത്യസ്ത വർണങ്ങളിലുള്ള പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്കു രോഗശമനമുണ്ട്. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്." (16:68-69).

ചിന്തിക്കാനുള്ള അല്ലാഹുവിന്റെ കൽപനയും നബിﷺ സത്യവിശ്വാസിയെ തേനീച്ചയോടുപമിച്ചതും ഒന്നിച്ചുവായിച്ചാൽ സ്വയം വിലയിരുത്താൻ ആർക്കും സാധിക്കും. നാം കാണുന്നിടത്തും കേൾക്കുന്നിടത്തും ഇപപഴകുന്നിടത്തും മാലിന്യക്കൂമ്പാരങ്ങൾ എമ്പാടുമുണ്ട്. ഈച്ചയുടെ സ്വഭാവമാണ് നമ്മിൽ ഒരാളുടേതെങ്കിൽ ഈ മാലിന്യങ്ങളോടായിരിക്കും അയാൾക്കിഷ്ടം. അത്തരം കൂട്ടുകാരോടും സാഹചര്യങ്ങളോടുമായിരിക്കും അയാളുടെ ബന്ധങ്ങൾ. പിന്നീട് അയാൾ ആ രോഗബീജങ്ങളുടെ വാഹിനിയായി മാറുകയും ചെയ്യും. സ്വയം നശിക്കുന്നതോടൊപ്പം മറ്റുള്ളവരെക്കൂടി നശിപ്പിക്കുന്ന നികൃഷ്ട ജന്തുവായി അയാൾ പരിണമിക്കും. എന്നാൽ തേനീച്ചയെപ്പോലെ നല്ലതു കണ്ടെത്തി തിന്നാൻ നാം ശ്രമിക്കണം. നമ്മുടെ സമ്പത്തിൽനിന്ന് കൊടുത്തുതീർക്കേണ്ട സകാത്ത് വിഹിതം കൊടുക്കാതെ ബാക്കിവെച്ചാൽ അത് മാലിന്യമായിരിക്കും എന്നോർക്കുക. അപ്രകാരം നല്ലത് പഠിക്കുകയും നല്ലത് കേൾക്കുകയും നല്ലവരുമായി ചങ്ങാത്തം കൂടുകയും ചെയ്താൽ നല്ലത് മാത്രം പറയാനും നല്ലസ്വഭാവം പുലർത്താനും നമുക്ക് സാധിക്കും. തേനീച്ചയുടെ ജീവിതത്തിൽ ഒട്ടധികം സൽമാതൃകകളുടെ പാഠങ്ങളുണ്ടായത് കൊണ്ടാണല്ലോ ഇതിൽ ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്ന് അല്ലാഹു പറഞ്ഞത്.

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# തെറ്റായ ധാരണകളും തെറ്റുന്ന ബന്ധങ്ങളും

മനുഷ്യർക്കിടയിലെ മിക്ക പ്രശ്നങ്ങൾക്കും കാരണമാകാറുള്ള ഒരു കാര്യം തെറ്റുധാരണയാണ്. ഏറെക്കാലമായി പരസ്പര സ്നേഹത്തിൽ കഴിഞ്ഞിരുന്ന സുഹൃത്തുക്കൾ തമ്മിൽ പിണങ്ങാനും അകലാനും, ഊഷ്മളമായ സ്നേഹത്തിൽ കഴിഞ്ഞിരുന്ന ഭാര്യാഭർത്താക്കന്മാർക്കിടയിലെ ബന്ധത്തിൽ വിള്ളലുണ്ടാകാനും, ഒരുമിച്ച് ജോലിചെയ്യുന്നവർക്കിടയിലും ഒരു പാർട്ടിയിലോ സംഘടനയിലോ കൂട്ടായ്മയിലോ ദീർഘകാലമായി പ്രവർത്തിക്കുന്നവർക്കിടയിലും ചേരിതിരിവും പിളർപ്പും സംഘട്ടനങ്ങളും ഉണ്ടാകാനുമൊക്കെ തെറ്റുധാരണ കാരണമാകാറുണ്ട്.

തെറ്റുധാരണ ഉണ്ടായാൽ അതുമൂലം ബന്ധങ്ങൾക്കിടയിൽ വിള്ളലും അകൽച്ചയും ഉണ്ടാകുന്നു. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സ്ഥാനത്ത് വെറുപ്പും വിദ്വേഷവും പകയും കയറിവരുന്നു. അതാകട്ടെ വലിയ ദുരന്തങ്ങൾക്കും തകർച്ചകൾക്കും സാഹചര്യമൊരുക്കുകയും ചെയ്യും.

ഒരു ഉദാഹരണം പറയാം; ഒരാൾ ബസ് കാത്തുനിൽക്കെ അദ്ദേഹത്തിന് പരിചയമുള്ള ഒരു പണ്ഡിതൻ അരികിലൂടെ നടന്നുപോയി. അദ്ദേഹത്തെ കണ്ടപ്പോൾ ബസ് കാത്തുനിൽക്കുന്നവൻ സലാം പറഞ്ഞു. എന്നാൽ അദ്ദേഹം അതിന് മറുപടി പറയാതെ നടന്നകന്നു. അന്നേരം സലാം പറഞ്ഞ വ്യക്തിക്ക് മനസ്സിൽ നീരസം തോന്നി. ഇയാൾ വല്ലാത്ത അഹങ്കാരിതന്നെ! സലാം പറഞ്ഞിട്ട് മടക്കാതെ പോകാൻ മാത്രം ഞാൻ അദ്ദേഹത്തോട് എന്ത് അപരാധം ചെയ്തു? ഇങ്ങനെ പോകുന്നു ചിന്തകൾ...

ഈ വ്യക്തി പിന്നീട് ആ പണ്ഡിതനെ കണ്ടുമുട്ടുന്ന സാഹചര്യമുണ്ടായാൽ മാറിനിൽക്കുകയും മുഖംകൊടുക്കാതിരിക്കുകയും ചെയ്യും. ചിലപ്പോൾ അദ്ദേഹം ഈ വ്യക്തിയോട് മിണ്ടിയാൽ പോലും അത് ഗൗനിച്ചെന്നും വരില്ല. ഒരു പക്ഷേ, ആ പണ്ഡിതൻ ഇയാൾ സലാം പറയുന്ന അവസരത്തിൽ എന്തോ ഗൗരവമുള്ള കാര്യത്തെക്കുറിച്ച് ആലോചിച്ച് നടക്കുകയായിരുന്നിരിക്കാം. അതിനാൽ ഈ വ്യക്തിയെ ശ്രദ്ധയിൽ പെടുകയോ സലാം പറയുന്നത് കേൾക്കുകയോ ചെയ്തിട്ടില്ലായിരിക്കും. എന്നാൽ പണ്ഡിതൻ തന്നെ മനഃപൂർവം അവഗണിച്ചെന്ന തെറ്റായ ധാരണയാണ് മറ്റെയാൾ വച്ചുപുലർത്തിയത്. അതുകാരണത്താൽ അവർക്കിടയിലെ ബന്ധത്തിൽ വിള്ളലുണ്ടാവുകയും ചെയ്തു.

ഇതുപോലെയാണ് മൊബൈൽ ഫോൺ കാരണത്താലുണ്ടാകുന്ന പിണക്കങ്ങളും അകൽച്ചയും.ഒരാൾ മറ്റൊരാൾക്ക് വാട്സാപ്പിലൂടെ മെസ്സേജ് അയക്കുന്നു. അത് ഒരുപക്ഷേ, തന്റെ മഹല്ലിലെ ഉസ്താദിനോട് വല്ല സംശയവും ചോദിച്ചുകൊണ്ടുള്ളതായിരിക്കാം. അതല്ലെങ്കിൽ ഓഫീസിലെ സീനിയർ ഉദ്യോഗസ്ഥനോട് എന്തെങ്കിലും കാര്യം ചോദിച്ചുകൊണ്ടുള്ളതായിരിക്കാം. അതുമല്ലെങ്കിൽ ഒരു സ്ഥാപനത്തിലെ പ്രവർത്തകരോ ഒരേ കമ്പനിയിലെ ജോലിക്കാരോ സുഹൃത്തുക്കളോ പരസ്പരം അറിയാൻ ആഗ്രഹിക്കുന്ന എന്തെങ്കിലും കാര്യങ്ങളാവാം. ഇത്തരം മെസ്സേജുകൾക്ക് ഉദ്ദേശിച്ച സമയത്തിനുള്ളിൽ മറുപടി കിട്ടിയില്ലെങ്കിൽ ആ സമയം മുതൽ മെസ്സേജ് അയച്ച വ്യക്തിയുടെ മനസ്സ് അസ്വസ്ഥമായിത്തുടങ്ങും. സമയം വൈകുന്തോറും മനസ്സിൽ പല ചിന്തകളും കടന്നുവരും. ആദ്യം താൻ അയച്ച മെസ്സേജ് അദ്ദേഹം റീഡ് ചെയ്തിട്ടുണ്ടോ എന്ന് നോക്കും. ഉണ്ട് എന്നാണെങ്കിൽ പിന്നെ ചിന്തകൾക്കൊന്നുകൂടി കനംതൂങ്ങും. മനഃപൂർവം എന്റെ സന്ദേശത്തെ അവഗണിച്ചു എന്നു ചിന്തിച്ചുതുടങ്ങും. ദിവസങ്ങൾ കഴിഞ്ഞിട്ടും മറുപടി കിട്ടിയില്ലെങ്കിൽ പരസ്പരം കണ്ടാൽ മിണ്ടാത്ത അവസ്ഥവരെ ഈയൊരു കാരണത്താൽ ഉണ്ടാകും.

ചിലപ്പോൾ സന്ദേശം ലഭിച്ചയാൾ ആയിരിക്കില്ല മെസ്സേജ് വായിച്ചത്. ഇന്ന് സ്കൂൾപഠനവും മദ്റസാ പഠനവുമൊക്കെ ഓൺലൈനിലൂടെയാണല്ലോ. അതുകാരണത്താൽ മിക്ക രക്ഷിതാക്കളുടെയും ഫോൺ പകൽ സമയം കുട്ടികളുടെ കൈകളിലായിരിക്കും. രക്ഷിതാക്കൾ നോക്കേണ്ടതും അറിയേണ്ടതും മറുപടി നൽകേണ്ടതുമായ പല മെസ്സേജുകളും മക്കളായിരിക്കും റീഡ് ചെയ്തിരിക്കുക. ചിലപ്പോൾ അവർ ഡിലീറ്റ് ചെയ്തെന്നുമിരിക്കും. ഇതൊന്നും അയാൾ അറിഞ്ഞിട്ടുണ്ടാകില്ല. മറുപടി നൽകാൻ പറ്റാത്ത സാഹചര്യത്തിലായതിനാൽ പിന്നീട് നൽകാമെന്നു കരുതിയിട്ടുണ്ടാകും ചിലപ്പോൾ. പിന്നീട് അത് മറന്നുപോവുകയും ചെയ്തു. ഇങ്ങനെ പല കാരണങ്ങളും ഉണ്ടായേക്കാം. എന്നാൽ മെസ്സേജ് അയച്ച വ്യക്തിയുടെ ചിന്തകൾ കാടുകയറി. ഫലമോ? മനസ്സിൽ അയാളെക്കുറിച്ച് വെറുപ്പുണ്ടായി എന്നതു മാത്രം!

ഇത്തരം തെറ്റുധാരണകളും അതുകൊണ്ടുള്ള അപകടങ്ങളും പല സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും പല പ്രവർത്തനങ്ങൾക്കിടയിലും ഉണ്ടാകാം. അതിനുദാഹരണമാണ് ഒരു സ്ഥലത്ത് അന്യരായ ഒരു സ്ത്രീയും പുരുഷനും സംസാരിച്ച് നിൽക്കുന്നതു കണ്ടാൽ അവരെക്കുറിച്ച് അപവാദം പറയൽ. ഒരുത്തന്റെ കൃഷിസ്ഥലത്ത് കന്നുകാലികൾ വിളതിന്നുന്നതു കണ്ട വ്യക്തി ആ കന്നുകാലികളെ അവിടെ നിന്നും ഓടിക്കുകയും അവ കുത്തിമറിച്ചിട്ടവ ശരിയാക്കുകയും ചെയ്തതിനാൽ കള്ളനായി മുദ്രകുത്തപ്പെടുന്ന അവസ്ഥയെക്കുറിച്ചൊന്ന് ചിന്തിച്ചു നോക്കൂ.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ഒരാളെയും തെറ്റുധരിക്കുകയോ, തെറ്റുധാരണക്കുള്ള അവസരമുണ്ടാക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ഒരിക്കൽ നബിﷺയും ഭാര്യ സ്വഫിയ്യ(റ)യും സംസാരിച്ചു നിൽക്കുമ്പോൾ രണ്ടു സ്വഹാബിമാർ ആ വഴിയിലൂടെ നടന്നുപോയി. അന്നേരം നബിﷺ അവരെ വിളിച്ചു. അവിടുന്ന് അവരോട് പറഞ്ഞു: 'ഇത് എന്റെ ഭാര്യ സ്വഫിയ്യയാണ്.' അവർ പറഞ്ഞു: 'നബിയേ, ഞങ്ങൾ താങ്കളെ സംശയിക്കുകയോ?' അപ്പോൾ നബിﷺ അവരോട് പറഞ്ഞത് ഇമാം മുസ്ലിം ഉദ്ധരിക്കുന്ന ഹദീഥിൽ കാണാം: "...തീർച്ചയായും പിശാച് മനുഷ്യനിൽ രക്തം സഞ്ചരിക്കുന്നിടത്തെല്ലാം സഞ്ചരിക്കും" (മുസ്ലിം).

തെറ്റായ ധാരണകൾ സമൂഹത്തിലെ ഉന്നതരെ അപമാനപ്പെടുത്തിയേക്കാം. അതല്ലെങ്കിൽ നന്മയുടെ കൈകളെ അറുത്തുമാറ്റിയേക്കാം. അതുമല്ലെങ്കിൽ സൽപ്രവർത്തനങ്ങൾ നിലയ്ക്കാൻ കാരണമായേക്കാം. ആദർശ ബന്ധുക്കൾക്കിടയിലാണ് ഇത്തരം തെറ്റുധാരണകൾ വരുന്നത് എങ്കിൽ അതുകൊണ്ടുണ്ടാകുന്ന അപകടം ചെറുതൊന്നുമായിരിക്കില്ല.

വിശുദ്ധ ക്വുർആൻ ഈ രംഗത്ത് നൽകുന്ന ഉപദേശം നോക്കൂ: "സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി

നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത് അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (49:12).

ഊഹങ്ങൾ മനുഷ്യസഹജമാണ്. ചില ഊഹങ്ങൾ ശരിയായിരിക്കുവാൻ ഇടയുണ്ട്. ചിലതെല്ലാം യഥാർഥത്തിൽ തെറ്റായതും കുറ്റകരമായതുമായിരിക്കും. രണ്ടും വ്യക്തമായി വേർതിരിച്ചറിയുവാൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള ധാരണകൾ വെച്ചുപുലർത്തുന്നവർ ആ ധാരണയുടെ അടിസ്ഥാനത്തിലായിരിക്കും പിന്നീട് പെരുമാറുന്നതും സംസാരിക്കുന്നതും. ഇതിന്റെ അനന്തര ഫലം പലപ്പോഴും ദൂരവ്യാപകവും വമ്പിച്ചതുമായിരിക്കും. അതുകൊണ്ടാണ് മിക്ക ഊഹങ്ങളെയും വർജിക്കേണ്ടതാണെന്ന് അല്ലാഹു കൽപിക്കുന്നത്. തെറ്റും ശരിയും ഇന്നതാണെന്ന് വ്യക്തമായി അറിയാത്തപ്പോൾ, തെറ്റുപിണഞ്ഞേക്കാവുന്ന വിഷയത്തിൽ പ്രവേശിക്കുന്നതും തെറ്റുതന്നെ. ഇവിടെ മാത്രമല്ല, എവിടെയും ഓർമിക്കേണ്ടുന്ന ഒരു തത്ത്വമാണിത്.

അബൂഹുറയ്റ(റ) നിവേദനം; നബി(ﷺ) പറഞ്ഞു: "നിങ്ങൾ ഊഹത്തെ സൂക്ഷിക്കുക. കാരണം, ഊഹം വർത്തമാനങ്ങളിൽവെച്ച് ഏറ്റവും കളവായതാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും ഗൂഢാന്വേഷണം നടത്തുകയും അന്യോന്യം വഴക്കുകൂടുകയും അസൂയപ്പെടുകയും വിദ്വേഷം വെക്കുകയും (സഹകരിക്കാതെ) പിന്നോക്കം വെക്കുകയും അരുത്. അല്ലാഹുവിന്റെ അടിയാൻമാരെ, നിങ്ങൾ സഹോദരൻമാരായിരിക്കണം" (ബുഖാരി, മുസ്‌ലിം).

ഊഹംവെച്ചു വാർത്ത പ്രചരിപ്പിച്ചവരോട് അല്ലാഹു ചോദിച്ചത് ഇങ്ങനെയാണ്: "നിങ്ങൾ അത് കേട്ട സമയത്ത് സത്യവിശ്വാസികളായ സ്ത്രീകളും പുരുഷൻമാരും തങ്ങളുടെ സ്വന്തം ആളുകളെപ്പറ്റി എന്തുകൊണ്ട് നല്ലതു വിചാരിക്കുകയും ഇതു വ്യക്തമായ നുണതന്നെയാണ് എന്ന് പറയുകയും ചെയ്തില്ല?" (ക്വുർആൻ 24:12).

പ്രവാചക പത്നിയായ ആഇശ(റ)യെക്കുറിച്ച് അപവാദം പ്രചരിപ്പിക്കപ്പെട്ടപ്പോൾ അവരുടെ നിരപരാധിത്വം തെളിയിച്ചുകൊണ്ട് അല്ലാഹു ക്വുർആൻ സൂക്തങ്ങൾ അവതരിപ്പിക്കുകയുണ്ടായി. അപ്പോഴാണ് നബി(ﷺ)ക്ക് പോലും അവരുടെ കാര്യത്തിൽ സമാധാനവും സന്തോഷവും ഉണ്ടായത്.

"നീ നിന്റെ സഹോദരനെ തെറ്റിദ്ധരിക്കുന്നതിനു മുമ്പ് അവന്റെ എഴുപത് ഒഴിവുകഴിവുകളെ എണ്ണുക. എന്നിട്ടും നിന്റെ ധാരണ ശരിയാകുന്നില്ലെങ്കിൽ എനിക്കറിയാത്ത എന്തോ ഒരു കാര്യം ഉണ്ട് എന്ന് കരുതുക. അല്ലാതെ നീ അവനെ തെറ്റിദ്ധരിക്കരുത്" എന്ന ഉപദേശം നാം ഉൾക്കൊള്ളുക.

ഒരാളെ തെറ്റുധരിക്കുന്നതിനു മുമ്പും തെറ്റായ ഊഹം മനസ്സിലേക്ക് കൊണ്ടുവരുന്നതിനു മുമ്പും അയാളെക്കുറിച്ച് നാം മനസ്സിലാക്കണം. അയാളുടെ തിരക്കുകളും അസൗകര്യങ്ങളും തിരിച്ചറിയണം. ഇത്തരത്തിലുള്ള വീഴ്ചകൾ നമ്മിലും വരാമമെന്ന കാര്യം മറക്കാതിരിക്കണം. അപ്പോൾ ആർക്കും ആരെയും കുറിച്ച് ഒരു തെറ്റായ ധാരണയും ഉണ്ടാകില്ല.

ഉമറുബ്നുൽ ഖത്വാബ്(റ) പറഞ്ഞു: "തന്റെ വിചാരം കൊണ്ട് ഗുണം കൊയ്യാത്തവൻ തന്റെ ശരീരം കൊണ്ടും ഗുണം നേടില്ല."

## ചീത്ത ഊഹങ്ങളുടെ കാരണങ്ങൾ

1. മനസ്സിൽ പാപങ്ങൾ നിറയുകയും ഈമാൻ കുറയുകയും ചെയ്യുന്നത്.

2. മുൻവിധി.

3. അസൂയ (ഒരാളുടെ നേട്ടവും വിജയവും കാണുമ്പോൾ).

4. അഭിപ്രായ ഭിന്നതകളോടുള്ള ഇടുങ്ങിയ സമീപനം.

5. മുൻ അഭിപ്രായങ്ങൾ വെച്ചുള്ള വിലയിരുത്തൽ.

## എങ്ങനെ നമുക്ക് നല്ല ഊഹങ്ങൾ ഉണ്ടാക്കിയെടുക്കാം?

1. ഹൃദയ വിശാലതക്കും വിശുദ്ധിക്കും വേണ്ടിയുള്ള പ്രാർഥനകളിലൂടെ.

2. തന്റെ വീഴ്ചകളെയും അംഗീകരിക്കുക.

3. അപരന്റെ നേട്ടത്തിലും വിജയത്തിലും ആത്മാർഥമായി സന്തോഷിക്കുക.

4. മനുഷ്യ സ്വഭാവത്തിലുള്ള വ്യത്യാസം മനസ്സിലാക്കാനും ആദരിക്കാനും പരിശ്രമിക്കുക.

## നല്ല ഊഹങ്ങളിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ

1. സ്രഷ്ടാവിന്റെ തൃപ്തി.

2. സന്തോഷവും ആരോഗ്യവുമുള്ള മനസ്സ്.

3. ജനങ്ങൾ ഇഷ്ടപ്പെടുന്നവനായിത്തീരുന്നു.

4. സ്വന്തം ന്യൂനതകൾ തിരിച്ചറിയുന്നു.

കവർ സ്റ്റോറി

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# വളരുന്ന വർഗീയതയും രാഷ്ട്രീയകക്ഷികളുടെ നിലപാടുകളും

**മതേതര കക്ഷികളിൽ പെട്ടവർ പോലും കേവലം രാഷ്ട്രീയ ലാഭത്തിനു വേണ്ടി വർഗീയ പരാമർശങ്ങൾ നടത്തുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. വർഗീയതയാകുന്ന വൈറസിനെ പുറത്തുവിട്ടാലുണ്ടാകുന്ന തിക്തഫലമെന്തെന്ന് അറിയാത്തവരല്ല ഇവരാരും. താൽക്കാലിക ലാഭത്തിനായി വർഗീയ ധ്രുവീകരണമുണ്ടാക്കാൻ ശ്രമിക്കുന്നവർ രാജ്യത്തിന്റെ സമാധാനമാണ് തകർക്കുന്നത്.**

വിവിധ വിഭാഗങ്ങൾക്കിടയിൽ വർഗീയമായ ചേരിതിരിവുകൾ രൂപപ്പെടുമ്പോഴാണ് ഒരു സമൂഹത്തിൽ അന്തഛിദ്രതകളും കാലുഷ്യങ്ങളും വർധിക്കുന്നത്. ഒരു രാജ്യത്ത് വർഗീയത തഴച്ചുവളരുകയാണെങ്കിൽ അത് പൂർണമായും തകർന്നടിയുമെന്ന കാര്യത്തിൽ സംശയമില്ല. മനുഷ്യർ വിവിധ വർഗങ്ങളാണ് എന്നത് ഒരു യാഥാർഥ്യമാണ്. വർണം, ഭാഷ, ദേശം തുടങ്ങിയ ജന്മനാ മനുഷ്യരിൽ ഉണ്ടായിത്തീരുന്ന വർഗങ്ങൾ മാത്രമല്ല, തൊഴിൽ, ധനസ്ഥിതി, ഭൂസ്വത്ത് തുടങ്ങി മനുഷ്യർ അധ്വാനത്തിലൂടെയും അല്ലാതെയും നേടിയെടുക്കുന്ന പദവികളുടെ അടിസ്ഥാനത്തിലും വർഗങ്ങൾ രൂപംകൊണ്ടിട്ടുണ്ട്. എന്നാൽ

വിശ്വാസപരമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടായിത്തീരുന്ന വർഗങ്ങൾക്കിടയിൽ വളരുന്ന അസ്വാസ്ഥ്യങ്ങളെയാണ് ലോകം ഏറെ ഭയപ്പെടുന്നത്. വിവിധ മതവിഭാഗങ്ങളുടെ പേരിലും മതവിഭാഗങ്ങളിലെ വിവിധ ജാതികൾ, കക്ഷികൾ എന്നിവയുടെ പേരിലും നടന്നുകൊണ്ടിരിക്കുന്ന വർഗീയ ചേരിതിരിവുകളാണ് ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം.

### വർഗങ്ങളും വർഗീയതയും

വിവിധ വർഗങ്ങൾ എന്ന യാഥാർഥ്യത്തെ നിരാകരിക്കുകയും സാമ്പത്തിക ഉച്ചനീചത്വത്തിന്റെ അടിസ്ഥാനത്തിലുള്ള വർഗങ്ങളെ മാത്രം അംഗീകരിക്കുകയും ചെയ്യുക എന്നതാണ് ഇടതു ഭൗതിക പ്രത്യയശാസ്ത്രങ്ങൾ പൊതുവിൽ അംഗീകരിച്ചിട്ടുള്ള തത്ത്വം. തൊഴിലാളി മുതലാളി സംഘട്ടനങ്ങളെ വിശുദ്ധമായി കാണുകയും ഇതര വർഗങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പിലേക്ക് അവരെ നയിച്ചത് ഈ തത്ത്വമാണ്. അതേസമയം ഒരേയൊരു വർഗത്തിന് മാത്രം നിലനിൽക്കാൻ അനുമതി നൽകുകയും മറ്റെല്ലാ വർഗങ്ങളുടെയും നിലനിൽപിനെ അംഗീകരിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് തീവ്രവലതുപക്ഷ പ്രത്യയശാസ്ത്രങ്ങൾ സ്വീകരിച്ചിട്ടുള്ള നിലപാട്. ഇത്തരത്തിലുള്ള നിലപാടുകളാണ് ലോകത്തിന്റെ ആധിപത്യം കൊതിച്ചിരുന്ന സ്വേച്ഛാധിപതികൾ മുഴുവനും സ്വീകരിച്ചിരുന്നത്. വർഗീയതയും കക്ഷിത്വവുമായിരുന്നു അവരുടെ പ്രധാന ആയുധങ്ങൾ. ക്വുർആൻ പറയുന്നു: "തീർച്ചയായും ഫിർഔൻ നാട്ടിൽ ഔന്നത്യം നടിച്ചു. ഒരു വിഭാഗത്തെ ദുർബലരാക്കിക്കൊണ്ട് സമൂഹത്തെ അവൻ വ്യത്യസ്ത കക്ഷികളാക്കി" (28:4).

മതവും ജാതിയും അടക്കമുള്ള വിവിധ വർഗങ്ങളെ സമൂഹത്തിൽ നിലനിൽക്കുന്ന യാഥാർഥ്യങ്ങളാണ് എന്ന് അംഗീകരിക്കുന്നത് വർഗീയതയല്ല. അതേസമയം ഒരു ജനാധിപത്യസമൂഹത്തിൽ ഒരു മതത്തിനോ ജാതിക്കോ വർഗത്തിനോ മറ്റൊരു മതത്തിനും ജാതിക്കും വർഗത്തിനും മുകളിൽ മേൽക്കോയ്മായോ അധികാരമോ ഉണ്ടെന്ന് ശഠിക്കുന്നതാണ് വർഗീയത. ഒരു വർഗം അതിന്റെ അവകാശങ്ങൾക്കു വേണ്ടി രാഷ്ട്രീയമായി സംഘടിക്കുന്നതോ ജനാധിപത്യ മാർഗത്തിൽ സമരം ചെയ്യുന്നതോ വർഗീയതയല്ല. എന്നാൽ ഇതര വർഗങ്ങൾക്കെതിരെ അവയുടെ അവകാശങ്ങൾ ധ്വംസിക്കുന്നതിനു വേണ്ടിയോ അവരെ കായികമായോ മറ്റോ അക്രമിക്കാൻ വേണ്ടിയോ ആണെങ്കിൽ അത് വർഗീയതയാണ്.

മനുഷ്യരെ മനുഷ്യരായി കാണുകയും അവർക്കിടയിലുള്ള വിശ്വാസപരമോ ആചാരപരമോ ആയ വ്യത്യാസങ്ങളുടെ പേരിൽ അസഹിഷ്ണുത കാണിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് വർഗീയതയെ ഉന്മൂലനം ചെയ്യാനുള്ള മാർഗം. വിയോജിപ്പിന്റെ മേഖലയിൽ മാത്രം വിയോജിക്കുകയും യോജിപ്പിന്റെ മേഖലയിൽ പരമാവധി യോജിക്കുകയും ചെയ്യുക വർഗീയതക്കെതിരെയുള്ള പരിഹാരമാർഗമാണ്. പൊതുയിടങ്ങളിൽ മനുഷ്യർ സമ്മേളിക്കുകയും അവരുടെ ഭൗതികവും മാനുഷികവുമായ പ്രശ്നങ്ങൾ പങ്കുവയ്ക്കുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്നത് വർഗീയതയെ ഇല്ലായ്മ ചെയ്യാനുള്ള ഏറ്റവും നല്ല മാർഗങ്ങളിലൊന്നാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം പൊതുയിടങ്ങളിലെ ഇടപെടലുകൾ സാധ്യമാകുന്നത് പ്രധാനമായും രാഷ്ട്രീയകക്ഷികളിലൂടെയാണ്. എന്നാൽ രാഷ്ട്രീയകക്ഷികളിലും വർഗീയതയുടെ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തിക്കുന്ന കക്ഷികളുണ്ട്. ഇന്ത്യ ഭരിക്കുന്ന പാർട്ടി വർഗീയതയുടെ ലോകത്തെ തന്നെ ഏറ്റവും വലിയ മാതൃകയായ ആർഎസ്എസിന്റെ അജണ്ടകളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഭൂരിപക്ഷ വർഗീയതയെ ഉയർത്തിപ്പിടിച്ചാണ് ബിജെപി ഇന്ത്യയുടെ നഗരങ്ങളെയും ഗ്രാമ

> **"മതവും ജാതിയും അടക്കമുള്ള വിവിധ വർഗങ്ങളെ സമൂഹത്തിൽ നിലനിൽക്കുന്ന യാഥാർഥ്യങ്ങളാണ് എന്ന് അംഗീകരിക്കുന്നത് വർഗീയതയല്ല. അതേസമയം ഒരു ജനാധിപത്യസമൂഹത്തിൽ ഒരു മതത്തിനോ ജാതിക്കോ വർഗത്തിനോ മറ്റൊരു മതത്തിനും ജാതിക്കും വർഗത്തിനും മുകളിൽ മേൽക്കോയ്മായോ അധികാരമോ ഉണ്ടെന്ന് ശഠിക്കുന്നതാണ് വർഗീയത. ഒരു വർഗം അതിന്റെ അവകാശങ്ങൾക്കു വേണ്ടി രാഷ്ട്രീയമായി സംഘടിക്കുന്നതോ ജനാധിപത്യ മാർഗത്തിൽ സമരം ചെയ്യുന്നതോ വർഗീയതയല്ല. എന്നാൽ ഇതര വർഗങ്ങൾക്കെതിരെ അവയുടെ അവകാശങ്ങൾ ധ്വംസിക്കുന്നതിനു വേണ്ടിയോ അവരെ കായികമായോ മറ്റോ അക്രമിക്കാൻ വേണ്ടിയോ ആണെങ്കിൽ അത് വർഗീയതയാണ്."**

> **ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയ കക്ഷികൾ വർഗീയതയെ ആയുധമാക്കി പ്രവർത്തിച്ച് മുന്നേറുമ്പോൾ മതനിരപേക്ഷതയെയും ജനാധിപത്യത്തെയും ആയുധമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയകക്ഷികളുടെ ഉത്തരവാദിത്തം വർധിക്കുകയാണ്. വർഗീയതയെ തളർത്തുവാനുള്ള പദ്ധതികളും തന്ത്രങ്ങളും ആവിഷ്കരിച്ചെങ്കിൽ മാത്രമെ രാജ്യം രക്ഷപ്പെടൂ. വിവിധ മതസമുദായങ്ങൾ പരസ്പരം സംശയിക്കുന്ന തരത്തിലേക്ക് വർഗീയ ചിന്തകൾ എറിഞ്ഞുകൊടുക്കുന്ന പ്രവണതകൾ മതനിരപേക്ഷ രാഷ്ട്രീയ കക്ഷികൾ ഉപേക്ഷിക്കണം. കേവലമായ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾക്കു വേണ്ടി മതവിഭാഗങ്ങൾക്കിടയിൽ ധ്രുവീകരണം സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രസ്താവനകളും പോസ്റ്റുകളും ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതാക്കളിൽനിന്നുമുണ്ടാകുന്നത് ഒട്ടും പ്രോത്സാഹിപ്പിക്കാൻ പാടുള്ളതല്ല.**

ങ്ങളെയും കീഴ്പെടുത്തിയിട്ടുള്ളത്. ന്യൂനപക്ഷങ്ങളിലും വർഗീയത അജണ്ടയാക്കി പ്രവർത്തിക്കുന്ന ചില നാമമാത്ര സംഘടനകളുണ്ട് എന്ന കാര്യവും വിസ്മരിക്കുന്നില്ല.

ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയ കക്ഷികൾ വർഗീയതയെ ആയുധമാക്കി പ്രവർത്തിച്ച് മുന്നേറുമ്പോൾ മതനിരപേക്ഷതയെയും ജനാധിപത്യത്തെയും ആയുധമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയകക്ഷികളുടെ ഉത്തരവാദിത്തം വർധിക്കുകയാണ്. വർഗീയതയെ തളർത്തുവാനുള്ള പദ്ധതികളും തന്ത്രങ്ങളും ആവിഷ്കരിച്ചെങ്കിൽ മാത്രമെ രാജ്യം രക്ഷപ്പെടൂ. വിവിധ മതസമുദായങ്ങൾ പരസ്പരം സംശയിക്കുന്ന തരത്തിലേക്ക് വർഗീയ ചിന്തകൾ എറിഞ്ഞുകൊടുക്കുന്ന പ്രവണതകൾ മതനിരപേക്ഷ രാഷ്ട്രീയ കക്ഷികൾ ഉപേക്ഷിക്കണം. കേവലമായ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾക്കു വേണ്ടി മതവിഭാഗങ്ങൾക്കിടയിൽ ധ്രുവീകരണം സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രസ്താവനകളും പോസ്റ്റുകളും ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതാക്കളിൽനിന്നുമുണ്ടാകുന്നത് ഒട്ടും പ്രോത്സാഹിപ്പിക്കാൻ പാടുള്ളതല്ല. കേരളത്തിൽ ഏതാനും വർഷങ്ങളായി രാഷ്ട്രീയകക്ഷികൾ ഉയർത്തിക്കൊണ്ടിരിക്കുന്ന ചില വിവാദങ്ങൾ പരിശോധിച്ചാൽ വർഗീയതയെ താലോലിച്ച് അതിൽനിന്നും മുതലെടുപ്പ് നടത്തുന്നതിന് വേണ്ടിയുള്ളവയാണ് അതെന്ന് മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ല.

### വിരോധവും പ്രീണനവും

ഏതാനും വർഷങ്ങൾക്കുമുമ്പ് അറബിക് സർവകലാശാലയെ കുറിച്ച് ഉയർന്നുവന്ന വിവാദങ്ങൾ ഇത്തരത്തിലുള്ളതായിരുന്നു. അറബിക് ഒരു ഭാഷ മാത്രമാണ്. ഭാഷക്ക് മതമോ ജാതിയോ ഒന്നുമില്ല. കേരളത്തിൽ വിവിധ മതസ്ഥരിൽ പെട്ട എത്രയോ ആളുകൾ സ്കൂൾ തലത്തിലും കോളേജ് തലത്തിലും അറബി പഠനം നടത്തുന്നുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി 2006ൽ അന്നത്തെ ഇടതുപക്ഷ സർക്കാർ നിയോഗിച്ച പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ സുപ്രധാന ശിപാർശയായിരുന്നു അറബിക് സർവകലാശാല. ഈ നിർദേശം മുൻനിർത്തിയാണ് 2011ൽ അധികാരമേറ്റ യു.ഡി.എഫ് സർക്കാറിന്റെ വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് അറബിക് സർവകലാശാല സ്ഥാപിക്കാനുള്ള നിർദേശം മുന്നോട്ടുവച്ചത്. സംസ്ഥാനത്തെ അറബിക് കോളേജുകളെ കുറിച്ച് പഠിച്ച ഡോ. പി.അൻവർ ചെയർമാനായ ഒമ്പതംഗ കമ്മീഷന്റെ റിപ്പോർട്ടിലെ പ്രധാന നിർദേശം സർവകലാശാല സ്ഥാപിക്കണമെന്നായിരുന്നു. റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗീകരിച്ച് സർക്കാറിന്റെ പരിഗണനക്കായി സമർപ്പിച്ചു. എന്നാൽ ധനവകുപ്പ് ഉടക്കി. സാമ്പത്തിക പരാധീനതകളായിരുന്നു ധനവകുപ്പിന്റെ എതിർവാദം. എന്നാൽ സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറി പറഞ്ഞത് വർഗീയതയായിരുന്നു. 'കലാപകലുഷിതമായ അന്തരീക്ഷത്തിൽ വർഗീയത ആളിക്കത്തിക്കാനേ സർവകലാശാല ഉപകരിക്കൂ' എന്നായിരുന്നു ജിജി തോംസൺ ഉന്നയിച്ച വാദം. മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ ജാതിമത വ്യത്യാസങ്ങൾക്ക് അതീതമായി ഉപയോഗിക്കുന്ന ഒരു ഭാഷക്കെതിരെ ഇത്രയും കടുത്തഭാഷയിൽ വർഗീയത ആരോപിച്ചതിന്റെ പിന്നിലുള്ള രാഷ്ട്രീയം മറ്റൊന്നാണ്; ഭൂരിപക്ഷ പ്രീണനം. മുന്നണികൾ മാറിമാറി ഭരിക്കുമ്പോഴെല്ലാം ഇങ്ങനെയുള്ള വർഗീയ വിരോധങ്ങളും പ്രീണനങ്ങളും അരങ്ങേറുന്നു എന്നത് വരാനിരിക്കുന്ന വൻവിപത്തിലേക്കുള്ള സൂചനയാണ്.

'അഞ്ചാം മന്ത്രി' വിവാദത്തിന്റെ പരിണിതിയും അതുതന്നെയായിരുന്നു. മുസ്ലിം ലീഗിന് അഞ്ചാമതൊരു മന്ത്രിയുണ്ടാകുന്നതിനെ വിമർശിക്കാൻ ഇതര രാഷ്ട്രീയപാർട്ടികൾക്ക് അവകാശമുണ്ട്. പക്ഷേ,

അന്നുണ്ടായ വിവാദങ്ങൾ ലീഗിനെ ചുറ്റിപ്പറ്റിയായിരുന്നില്ല, മറിച്ച് മുസ്‌ലിം സമുദായത്തെ ആവരണം ചെയ്തുകൊണ്ടായിരുന്നു എന്നത് രാഷ്ട്രീയപാർട്ടികളുടെ നിരുത്തരവാദപരമായ നിലപാടാണ് ബോധ്യപ്പെടുത്തുന്നത്. 'സാമുദായിക സമവാക്യം' തെറ്റിച്ചു എന്നായിരുന്നു അഞ്ചാം മന്ത്രി പ്രശ്നത്തിൽ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഉന്നയിച്ചത്. അതിന്റെ പേരിൽ ചില രാഷ്ട്രീയ പാർട്ടികളുടെ ഭാരവാഹിത്വങ്ങളിൽ അഴിച്ചുപണി നടത്തിയെന്നത് എത്രമാത്രം ലജ്ജാകരമാണ്! ഇപ്പോൾ നിലവിലുള്ള മന്ത്രിസഭയിൽ രണ്ടു മുസ്‌ലിം മന്ത്രിമാർ മാത്രമാണുള്ളത് എന്ന കാര്യം വിലയിരുത്തുമ്പോൾ 'സാമുദായിക സമവാക്യം' പറഞ്ഞിരുന്നവരുടെ നാവ് എവിടെപ്പോയി? സാമുദായിക സന്തുലനവാദികളുടെ പ്രശ്നം മറ്റൊന്നായിരുന്നു എന്നല്ലേ ഇതിൽനിന്നും മനസ്സിലാക്കേണ്ടത്? 1977ലെ 18 അംഗ ആന്റണി മന്ത്രിസഭയിൽ മുഖ്യമന്ത്രിയടക്കം ഏഴു ക്രിസ്ത്യൻ മന്ത്രിമാരും (38.8 ശതമാനം) മൂന്ന് മുസ്‌ലിം മന്ത്രിമാരുമാണ് (16.6 ശതമാനം) ഉണ്ടായിരുന്നത് എന്ന തടക്കമുള്ള ചരിത്രം ഇതോടൊപ്പം ഓർക്കേണ്ടതുണ്ട്. ഒരുകാലത്തും മന്ത്രിമാരുടെയോ എംഎൽഎമാരുടെയോ കാര്യങ്ങളിൽ മതവും ജാതിയും ചർച്ചയാവാറുണ്ടായിരുന്നില്ല. രാഷ്ട്രീയത്തിൽ പാർട്ടികൾ തമ്മിലും മുന്നണികൾ തമ്മിലും ഉണ്ടാകുന്ന ആരോപണ, പ്രത്യാരോപണങ്ങൾ രാഷ്ട്രീയ സ്വഭാവത്തോടുകൂടിയുള്ളതായിരിക്കണം. അതൊരിക്കലും വർഗീയതയിലേക്ക് വഴുതിമാറരുത്. ഇത്തരം വിവാദങ്ങൾ വഴുതിമാറുന്നതുകൊണ്ട് സംഭവിക്കുന്നതല്ല, മറിച്ച് വർഗീയത ആളിക്കത്തിച്ച് രാഷ്ട്രീയനേട്ടം കൈവരിക്കുക എന്ന ദുഷ്ടലാക്ക് മാത്രമാണ് ഇതിനുപിന്നിൽ.

ജാതിചിന്തകൾക്കതീതമായി കേരളത്തിൽ നവോത്ഥാനചിന്തകൾക്ക് തിരികൊളുത്തിയ ശ്രീനാരായണഗുരുവിന്റെ പേരിൽ സ്ഥാപിതമായ സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലറായി മുസ്‌ലിം സമുദായത്തിൽ പെട്ട ഒരാളുടെ പേര് നിർദേശിക്കപ്പെട്ടപ്പോൾ അതിനെതിരെ ഉയർന്നുവന്ന വിമർശനം കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങളുടെ അപചയം എത്രമാത്രമാണെന്ന് ബോധ്യപ്പെടുത്തുന്നുണ്ട്. വിവാദങ്ങൾ ഉയർത്തുന്നവർ കേരളത്തിന്റെ മതേതരമുഖത്തെ വികൃതമാക്കുകയും വർഗീയതയ്ക്ക് വേണ്ടി രാഷ്ട്രീയത്തെ ദുരുപയോഗം ചെയ്യുകയുമാണ് ചെയ്യുന്നത് എന്ന കാര്യം ഓർക്കേണ്ടതുണ്ട്. ചില്ലറ ലാഭങ്ങൾക്ക് വേണ്ടിയുള്ള ഇത്തരം പ്രതികരണങ്ങൾമൂലം കേരളത്തിൽ സംജാതമാകുന്ന സാമുദായിക ധ്രുവീകരണം ഒടുവിൽ തങ്ങളെത്തന്നെ തിരിഞ്ഞുകൊത്തുമെന്ന് മനസ്സിലാക്കാൻ രാഷ്ട്രീയപാർട്ടികളും സമുദായ സംഘടനാനേതാക്കളും തയ്യാറാവേണ്ടതുണ്ട്. മുന്നാക്ക സവർണ വിഭാഗങ്ങളെ പ്രീതിപ്പെടുത്തുക എന്ന വർഗീയമായ കാഴ്ചപ്പാട് മാത്രമാണ് സാമ്പത്തിക സംവരണത്തിലേക്ക് രാഷ്ട്രീയകക്ഷികളെ എക്കാലവും നയിച്ചിട്ടുള്ളത്. വസ്തുതാപരമായി പരിശോധിക്കുമ്പോൾ സാമ്പത്തിക സംവരണം ഭരണഘടനാനുസൃതമായോ യുക്തിപരമായോ ന്യായീകരിക്കാൻ സാധിക്കില്ലെന്ന് മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾക്ക് അറിയാഞ്ഞിട്ടല്ല. പക്ഷേ, പ്രീണനം തന്നെയാണ് പ്രശ്നം. 1987ലെ കെ. കരുണാകരൻ സർക്കാരും ഇപ്പോൾ ഭരണം നടത്തുന്ന പിണറായി സർക്കാരും ഇക്കാര്യത്തിൽ ഒരേ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇങ്ങനെ വർഗീയതയെ താലോലിക്കുന്ന നിലപാടുകൾ വ്യത്യസ്ത ഘട്ടങ്ങളിൽ മുന്നണികളും സർക്കാരുകളും സ്വീകരിക്കുന്നതുകൊണ്ടാണ് ഭൂരിപക്ഷ ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ വർഗീയമായ അന്തരം സൃഷ്ടിക്കപ്പെടുന്നത്.

## അപക്വമായ പ്രതികരണങ്ങൾ

ഭൂരിപക്ഷ വർഗീയത രാജ്യം മുഴുവൻ കത്തിയാളുമ്പോൾ ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രശ്നങ്ങളിലുള്ള പ്രതികരണങ്ങൾ വളരെ സൂക്ഷിച്ചുവേണം. ന്യൂനപക്ഷങ്ങൾക്കു വേണ്ടിയെന്ന് പറയപ്പെടുന്ന ചില പ്രതികരണങ്ങളും പ്രതിഷേധങ്ങളും ഫലത്തിൽ ഭൂരിപക്ഷ വർഗീയതയുടെ ഏകീകരണത്തിന് കാരണമാകുന്നു എന്ന വസ്തുത മനസ്സിലാക്കാതെ സ്ഥാനത്തും അസ്ഥാ



നത്തും പ്രതികരണങ്ങളുമായി എഴുന്നള്ളുന്നവരും വർഗീയതയുടെ ഉയർച്ചക്ക് അറിഞ്ഞോ അറിയാതെയോ കാരണമാവുകയാണ്.

'ബീഫ്' ജാതിമത വ്യത്യാസങ്ങൾക്ക് അതീതമായി രാജ്യത്തെ മനുഷ്യർ കഴിക്കുന്ന ഭക്ഷ്യയിനമാണ്. പക്ഷേ, അതിന്റെ പേരിലുള്ള ഫെസ്റ്റുകളും സമരങ്ങളും പ്രതികരണങ്ങളും ന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കാൻ വേണ്ടി നടത്തുമ്പോൾ മറുഭാഗത്ത് അതിന്റെ പേരിൽ തന്നെ ഭൂരിപക്ഷ വർഗീയതയ്ക്ക് വളരുവാനുള്ള സാഹചര്യം സൃഷ്ടിച്ചുവെന്നത് മറന്നുപോകരുത്. രാഷ്ട്രീയ പാർട്ടികൾ അവരുടെ സമരങ്ങൾക്ക് വിഷയദാരിദ്ര്യം അനുഭവിക്കുമ്പോൾ എടുത്തുപയറ്റാവുന്ന കാര്യങ്ങളല്ല ന്യൂനപക്ഷങ്ങളുടെ പേരിലുള്ള സമരങ്ങൾ. ന്യൂനപക്ഷങ്ങളെ ആവേശത്തിന്റെ കൊടുമുടികളിൽ എത്തിക്കുകയും അവരുടെ പ്രശ്നങ്ങളിൽ പ്രായോഗിക നടപടികളൊന്നും സ്വീകരിക്കാതിരിക്കുകയും ചെയ്യുകയെന്ന ശൈലി ഉത്തരവാദപ്പെട്ട രാഷ്ട്രീയകക്ഷികൾ സ്വീകരിച്ചു വരുന്നത് ഖേദകരമാണ്. അറബിക് സർവകലാശാലയുടെ പേരുപറഞ്ഞ് അറബി ഭാഷയെ സ്നേഹിക്കുന്നവരെ പ്രലോഭിപ്പിച്ചവർ ഇപ്പോഴും അതിനെ പ്രയോഗവത്കരിക്കാൻ ശ്രമിക്കുന്നില്ല എന്ന് കാണുമ്പോൾ ന്യൂനപക്ഷങ്ങൾ കേവലം ചട്ടുകങ്ങൾ മാത്രമായി മാറുകയാണെന്ന് മനസ്സിലാകും.

> **മുന്നാക്ക സവർണ വിഭാഗങ്ങളെ പ്രീതിപ്പെടുത്തുക എന്ന വർഗീയമായ കാഴ്ചപ്പാട് മാത്രമാണ് സാമ്പത്തിക സംവരണത്തിലേക്ക് രാഷ്ട്രീയകക്ഷികളെ എക്കാലവും നയിച്ചിട്ടുള്ളത്. വസ്തുതാപരമായി പരിശോധിക്കുമ്പോൾ സാമ്പത്തിക സംവരണം ഭരണഘടനാനുസൃതമായോ യുക്തിപരമായോ ന്യായീകരിക്കാൻ സാധിക്കില്ലെന്ന് മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾക്ക് അറിയാഞ്ഞിട്ടല്ല. പക്ഷേ, പ്രീണനം തന്നെയാണ് പ്രശ്നം. 1987ലെ കെ. കരുണാകരൻ സർക്കാരും ഇപ്പോൾ ഭരണം നടത്തുന്ന പിണറായി സർക്കാരും ഇക്കാര്യത്തിൽ ഒരേ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇങ്ങനെ വർഗീയതയെ താലോലിക്കുന്ന നിലപാടുകൾ വ്യത്യസ്ത ഘട്ടങ്ങളിൽ മുന്നണികളും സർക്കാരുകളും സ്വീകരിക്കുന്നതുകൊണ്ടാണ് ഭൂരിപക്ഷ ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ വർഗീയമായ അന്തരം സൃഷ്ടിക്കപ്പെടുന്നത്.**

## 'ജയ്ശ്രീറാം' ബാനറിലെ രാഷ്ട്രീയം

പാലക്കാട് നഗരസഭ കാര്യാലയത്തിനുമുകളിൽ 'ജയ്ശ്രീറാം' ബാനറുയർത്തിയ ബിജെപി, ശ്രീരാമനോടുള്ള സ്നേഹം കൊണ്ടല്ല അത് ചെയ്തത് എന്ന കാര്യം എല്ലാവർക്കുമറിയാം. ശ്രീരാമനെ ഭക്ത്യാദരപൂർവം കാണുന്ന ഹൈന്ദവസമൂഹത്തിന്റെ പിന്തുണയൊന്നും ഇത്തരം കാപട്യങ്ങൾക്കില്ലെന്ന വസ്തുതയും മതേതരകേരളം മനസ്സിലാക്കിയിട്ടുണ്ട്. ശ്രീരാമനെ പരസ്യമായി ഇങ്ങനെ അവഹേളിക്കുന്നതിനോട് ഹൈന്ദവസമൂഹം അനുകൂലമായി പ്രതികരിക്കുമെന്ന് ആരും കരുതുന്നില്ല. ശ്രീരാമനോടുള്ള സ്നേഹമല്ലെങ്കിൽ പിന്നെയെന്തിനാണവർ നഗരസഭാകാര്യാലയത്തിനു മുകളിൽ ബാനർ ഉയർത്തിയത്? ന്യൂനപക്ഷ വിഭാഗങ്ങളെ പ്രകോപിപ്പിക്കുവാനും അവരെ വൈകാരിക പ്രതികരണങ്ങൾക്ക് പ്രേരിപ്പിക്കുവാനും വേണ്ടി മാത്രമാണ് ഇത്തരം കോപ്രായങ്ങൾ സംഘടിപ്പിക്കുന്നതിന് പിന്നിലുള്ള ലക്ഷ്യം. ഇതുകണ്ട് ഏതെങ്കിലും വിവരദോഷികൾ 'അല്ലാഹു അക്ബർ,' 'ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' തുടങ്ങിയ ബാനറുകൾ സ്ഥാപിച്ചാൽ അതുവഴി ഒരു വർഗീയ കലാപത്തിന് തിരികൊളുത്താമെന്നുമെല്ലാം അവർ മനക്കോട്ട കെട്ടി. എന്നാൽ ഇത്തരം കോപ്രായങ്ങൾക്ക് നിമിഷങ്ങളുടെ ആയുസ്സ് മാത്രമേയുള്ളൂവെന്ന് കേരളത്തിലെ ഭൂരിപക്ഷം വരുന്ന മതേതര വിശ്വാസികൾ മനസ്സിലാക്കിക്കൊടുത്തു.

## ഐക്യത്തിന്റെ ലക്ഷ്യം അനൈക്യമാകരുത്

'ഐക്യം' എന്ന പദം വർഗീയതയുടെ പ്രചാരണത്തിന് കാരണമാകുന്നുണ്ടോ എന്ന പരിശോധനയും ആവശ്യമാണ്. ഹിന്ദു ഐക്യം, മുസ്‌ലിം ഐക്യം, ക്രിസ്ത്യൻ ഐക്യം എന്നിങ്ങനെയുള്ള 'ഐക്യങ്ങൾ' ഉയർത്തുന്ന പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഓരോ സമൂഹവും അതാത് സമൂഹങ്ങളുടെ പുരോഗതിക്ക് വേണ്ടിയും അവർക്കിടയിൽ ഉണ്ടായിരിക്കേണ്ട ബന്ധങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടിയും അവർക്കിടയിൽ ഐക്യമുണ്ടാക്കുന്നത് വളരെ നല്ല കാര്യമാണ്. ഈയർഥത്തിൽ ഹിന്ദു ഐക്യം, മുസ്‌ലിം ഐക്യം, ക്രിസ്ത്യൻ ഐക്യം തുടങ്ങിയ പ്രയോഗങ്ങൾ ആരോഗ്യകരമാണ്. എന്നാൽ ഓരോ മതവിഭാഗവും ഐക്യമുണ്ടാക്കുന്നത് ഇതര മതവിഭാഗങ്ങളോട് അസഹിഷ്ണുത കാണിക്കുന്ന

തിനു വേണ്ടിയോ അവർക്കെതിരെ വന്മതിലുകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയോ ആണെങ്കിൽ തീർച്ചയായും അത്തരം ഐക്യങ്ങൾ പ്രതിലോമകരമാണ്. ഏതെങ്കിലുമൊരു മതവിഭാഗത്തിന്റെ പേരിൽ ഉണ്ടായിത്തീരുന്ന വർഗീയതയെ മറ്റേതെങ്കിലും മതവിഭാഗത്തിന്റെ മാത്രം പ്രശ്നമാമയിട്ടല്ല; രാജ്യത്തിന്റെ മൊത്തം പ്രശ്നമായി കാണാൻ സാധിക്കണം.

### കേരളത്തിന്റെ സവിശേഷത

വർഗീയതയ്ക്ക് ഒരുകാലത്തും വേണ്ടത്ര വേരോട്ടം ലഭിക്കാത്ത നാടാണ് കേരളം. ജാതീയമായ അടിച്ചമർത്തലുകൾ കാരണം ഒരുകാലത്ത് കേരളത്തെ 'ഭ്രാന്താലയം' എന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചിരുന്നെങ്കിലും മതത്തിന്റെ പേരിലുള്ള വർഗീയാസ്വാസ്ഥ്യങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം അത്യപൂർവമാണ്. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ, പ്രബുദ്ധമായ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ഉന്നതരായ മത, സാമുദായിക, രാഷ്ട്രീയ വ്യക്തിത്വങ്ങൾ, സാംസ്കാരിക നായകന്മാർ തുടങ്ങിയ ഘടകങ്ങളാണ് കേരളത്തെ 'ഭ്രാന്താലയം' എന്ന പേരുദോഷത്തിൽനിന്നും സംരക്ഷിച്ച് മതസൗഹാർദത്തിന്റെ കേദാരമെന്ന ഖ്യാതിയിലേക്ക് വളർത്തിക്കൊണ്ടുവന്നത്. ഈ പ്രബുദ്ധത കാത്തുസൂക്ഷിക്കുന്നതിൽ കേരളത്തിലെ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് വലിയ ഉത്തരവാദിത്തമുണ്ട്. മതേതരകുപ്പായമണിഞ്ഞ ചില രാഷ്ട്രീയ കക്ഷികൾ കേരളത്തിലെ മുഖ്യധാരാ മുസ്‌ലിം സംഘടനകൾക്കുമേൽ വർഗീയത ആരോപിച്ചുകൊണ്ട് നടത്തുന്ന പ്രസ്താവനകൾ ഭൂരിപക്ഷ വർഗീയതയ്ക്ക് ആക്കംകൂട്ടാനും ന്യൂനപക്ഷങ്ങളിൽ ഭീതിവളർത്താനും മാത്രമെ ഉപകരിക്കുകയുള്ളൂ. തീക്കൊള്ളികൊണ്ട് തല ചൊറിയുന്ന അവർ ഇരിക്കുന്ന കൊമ്പാണ് മുറിക്കുന്നത് എന്ന കാര്യം ഓർത്തുകൊള്ളട്ടെ.

ഇന്ത്യയുടെ രാഷ്ട്രീയ, സാമൂഹിക ഘടനകളെക്കുറിച്ചും വിവിധ സമൂഹങ്ങളെക്കുറിച്ചും പഠനം നടത്തിയ രാഷ്ട്രീയ ചിന്തകനാണ് അശുതോഷ് വാർഷ്നി. അദ്ദേഹം രചിച്ച 'വംശീയ സംഘർഷങ്ങളും നാഗരിക ജീവിതവും: ഇന്ത്യയിലെ ഹിന്ദുക്കളും മുസ്‌ലിംകളും' (Ethnic Conflict and Civic Life: Hindus and Muslims in India) എന്ന പുസ്തകത്തിൽ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലെ വർഗീയ സംഘർഷ സാധ്യതകളെക്കുറിച്ച് ചില താരതമ്യ പഠനങ്ങൾ സമർപ്പിക്കുന്നുണ്ട്. മൂന്ന് സെറ്റ് നഗരങ്ങളെയാണ് അദ്ദേഹം തെരഞ്ഞെടുത്തത്. അഹമ്മദാബാദ്-സൂറത്ത്, ഹൈദരാബാദ്-ലക്നൗ, അലിഗഢ്-കോഴിക്കോട് എന്നീ നഗരങ്ങളെയാണ് അദ്ദേഹം താരതമ്യം ചെയ്തത്. എന്തുകൊണ്ടാണ് അലിഗഢിൽ വർഗീയ സംഘർഷങ്ങൾ കൂടുന്നതെന്നും കോഴിക്കോട്ട് എന്തുകൊണ്ടാണ് അത് നടക്കാത്തതെന്നുമുള്ള അന്വേഷണമാണ് അദ്ദേഹം നടത്തിയിട്ടുള്ളത്.



പൗരന്മാർ തമ്മിലുള്ള ബന്ധങ്ങളുടെ ആഴവും പരപ്പും കൂടുമ്പോൾ മാത്രമാണ് ഒരു നഗരത്തിൽ വർഗീയ സാധ്യത കുറയുകയെന്നതാണ് വാർഷ്നിയുടെ പ്രധാനപ്പെട്ട കണ്ടെത്തൽ. ചരിത്രപരമായിത്തന്നെ കോഴിക്കോട്ട് നിലനിൽക്കുന്ന പൗരബന്ധങ്ങൾ വിവിധ മതവിഭാഗങ്ങൾക്കിടയിൽ വലിയ അടുപ്പം സൃഷ്ടിച്ചിരിക്കുന്നു എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. മതം വ്യത്യസ്തമാണെങ്കിലും രാഷ്ട്രീയം, കച്ചവടം തുടങ്ങിയ പൊതുയിടങ്ങളിൽ അവർ ഒരുമിച്ച് പ്രവർത്തിക്കുന്നു. തൊഴിലാളികൾക്കിടയിൽ നിലനിൽക്കുന്ന ഐക്യവും കോഴിക്കോടിന്റെ സവിശേഷതയാണ്. കോഴിക്കോട്ടെ വിവിധ മതവിഭാഗങ്ങളിലെ പൗരന്മാർക്കിടയിൽ നിലനിൽക്കുന്ന ഭ്രാതൃനിർവിശേഷമായ ബന്ധം ഉറച്ചതാണെന്നും അത് നേടിയെടുത്തതിൽ മതസമൂഹങ്ങൾക്കും മതേതര പ്രസ്ഥാനങ്ങൾക്കുമുള്ള പങ്ക് വളരെ വലുതാണെന്നും അദ്ദേഹം പറയുന്നു. മത-മതേതര സമൂഹങ്ങൾ നിർവഹിച്ച പരസ്പരമുള്ള ആദാന പ്രദാനങ്ങളും ആശയ വിനിമയങ്ങളുമാണ് അവർക്കിടയിൽ ഒരു സമൂഹമാണെന്ന ബോധം വളർത്തിയത്. അലിഗഢ് അടക്കമുള്ള പല ഉത്തരേന്ത്യൻ നഗരങ്ങളിലുമുള്ള മുസ്‌ലിം പൗരജീവിതം സമുദായത്തിന്റെ അകത്തുനി

ന്നു മാത്രം രൂപപ്പെട്ടതാണെന്നുള്ള അശുതോഷ് വാർഷ്നിയുടെ നിരീക്ഷണം പ്രസക്തമാകുന്നത് ഇവിടെയാണ്. സമുദായത്തിലെ അംഗങ്ങൾ സമുദായത്തിന്റെ അകത്തേക്ക് ഉൾവലിയുകയും പൊതുയിടങ്ങളിൽനിന്നും അപ്രത്യക്ഷമാകുകയും ചെയ്യുമ്പോൾ വർഗീയത വളരുവാനുള്ള സാഹചര്യം വർധിക്കുകയാണ് ചെയ്യുന്നത്.

### പൗരത്വ നിയമം രാജ്യത്തിന്റെ പ്രശ്നമാണ്

പൗരത്വ വിഷയങ്ങൾ അടക്കമുള്ള കാര്യങ്ങളിൽ സമരമാർഗങ്ങളിലേക്ക് ചാടിപ്പുറപ്പെട്ടിട്ടുള്ളവരിൽ പലരും ഉയർത്തിപ്പിടിക്കുന്ന 'ഐക്യസന്ദേശങ്ങൾ' വർഗീയ ധ്രുവീകരണങ്ങൾക്ക് കാരണമാകുന്നുണ്ടെങ്കിൽ അത് തിരുത്തപ്പെടേണ്ടതുണ്ട്. വർഗീയതയെ നേരിടേണ്ടത് സമുദായത്തിന്റെ ഉള്ളിലേക്ക് ഉൾവലിഞ്ഞുകൊണ്ടല്ല. ഭൂരിപക്ഷം വരുന്ന മതേതര സമൂഹത്തെ മുന്നിൽ നിർത്തിയാണ്. പൗരത്വ പ്രശ്നം ഒരു സമുദായത്തിന്റേത് മാത്രമല്ല, മറിച്ച് അത് രാജ്യത്തിന്റെ പ്രശ്നമാണെന്ന് ബോധ്യപ്പെടുത്താൻ സാധിച്ചത് പൊതുസമൂഹത്തിൽ മതനിരപേക്ഷതയുടെ സന്ദേശം ഉയർത്തിപ്പിടിച്ചതുകൊണ്ടും മതേതര കക്ഷികളെ ചേർത്തുപിടിച്ചതുകൊണ്ടുമാണ്. പക്ഷേ, ഇത്തരം സന്ദർഭങ്ങളിലും ന്യൂനപക്ഷങ്ങളുടെ വികാരങ്ങൾ ഇളക്കിമറിച്ച് ഒരേസമയം ഭൂരിപക്ഷ, ന്യൂനപക്ഷ വർഗീയതയെ ആളിക്കത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കക്ഷികളെ തിരിച്ചറിഞ്ഞു പ്രതിരോധിക്കാൻ സാധിക്കുകയും ചെയ്യേണ്ടതുണ്ട്. ഏതാനും നിമിഷനേരങ്ങളിലേക്ക് മാത്രം 'ശരി' എന്നു തോന്നിപ്പിക്കുന്ന പല പ്രതികരണങ്ങളും പ്രതിഷേധങ്ങളും ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകണം. വികാരപ്രകടനങ്ങൾ ഒരിക്കലും പ്രശ്നത്തിന് പരിഹാരമാവില്ല. എന്തൊക്കെയോ ചെയ്തുവെന്ന തോന്നലുകൾ ഉണ്ടാക്കി മനസ്സിനെ തൃപ്തിപ്പെടുത്താൻ ഒരു പക്ഷേ, അതുവഴി സാധിച്ചെന്നുവരാം. എന്നാൽ അതിന്റെ മറുപുറം വീക്ഷിക്കുമ്പോൾ മാത്രമാണ് അത്തരം പ്രതികരണങ്ങൾ ഒരു ജനാധിപത്യ സമൂഹത്തിൽ എന്തുമാത്രം



വിള്ളലുകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും സ്വന്തം മുഖങ്ങൾ എത്രമാത്രം വികലമാക്കപ്പെട്ടിട്ടുണ്ടെന്നും മനസ്സിലാവുകയുള്ളൂ.

### മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഉയർന്നുചിന്തിക്കുക

ഇന്ത്യയുടെ സാമൂഹിക സാഹചര്യങ്ങളിൽ മതേതരത്വത്തെ ഒരു ജീവിതവീക്ഷണമായി കാണുവാൻ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ആത്മാർഥമായും തയ്യാറാവേണ്ടതുണ്ട്. അഞ്ചുവർഷം കൂടുമ്പോൾ കടന്നുവരുന്ന തെരഞ്ഞെടുപ്പുകളെ മാത്രം ലക്ഷ്യമിട്ടു നടത്തുന്ന 'ഇലക്ടറൽ സെക്കുലറിസം' ആവരുത് രാഷ്ട്രീയകക്ഷികളുടെ മതേതര വീക്ഷണം. തെരഞ്ഞെടുപ്പുകളിൽ ജയവും എണ്ണവുമാണ് പ്രധാനം എന്നതിനെ അവഗണിക്കുന്നില്ല. അതിനുവേണ്ടി രൂപപ്പെടുത്തുന്ന അടവുനയങ്ങൾ മിക്കപ്പോഴും ജയിച്ചുകയറാനുള്ള ഒരു പാലം മാത്രമാണ്. എന്നാൽ അത് അടിസ്ഥാനതത്ത്വങ്ങളെ ബലി നൽകിക്കൊണ്ടായിരിക്കരുത്. മറിച്ച് വർഗീയതയെ ഇല്ലായ്മ ചെയ്യാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും അതിനുവേണ്ടി പരസ്പരം കൈകോർക്കുവാനും ഭിന്നതകൾ മറന്നുകൊണ്ട്, 'കോംപ്ലക്സുകൾ' മാറ്റിവച്ച് രാഷ്ട്രീയപ്രസ്ഥാനങ്ങൾ മുന്നോട്ടുവരികയാണ് വേണ്ടത്. മതസമുദായ നേതാക്കളും പ്രബോധക സംഘങ്ങളും വർഗീയതക്കെതിരെ ബോധവൽക്കരണം നടത്തുകയും ഇതര മതവിഭാഗങ്ങളുമായി ഒരുമിച്ച് പ്രവർത്തിക്കുവാനുള്ള വേദികൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്.

# നേർപഥം പ്രീ മെഗാ ക്വിസ് ചോദ്യോത്തരങ്ങൾ

1) ഹിജ്റ എട്ടാം വർഷത്തിൽ ബഹ്റൈനിൽനിന്ന് നബി(സ)യെ കാണാൻ വേണ്ടി മദീനയിലേക്ക് വന്നത് ഏത് കുടുംബത്തിലെ വിശ്വാസികൾ ആയിരുന്നു? / **അബ്ദുൽഖൈസ്**

2) "ഗോതമ്പ് റൊട്ടിയിൽ നിന്ന് (ഭക്ഷിച്ച്) വയറു നിറഞ്ഞിട്ടില്ലാത്ത അവസ്ഥയിലാണ് അല്ലാഹുവിന്റെ റസൂൽ(സ) ഭൗതിക ലോകത്ത് നിന്ന് യാത്രയായത്" (ബുഖാരി). ഈ ഹദീഥ് നിവേദനം ചെയ്ത സ്വഹാബി? / **അബൂഹുറൈറ(റ)**

3) "...നിവർന്നിരുന്നകൊണ്ട് നബി(സ) പറഞ്ഞു: 'താങ്കൾക്ക് സംശയമുണ്ടോ? അവർക്കുള്ള സുഖങ്ങളെല്ലാം ഈ ക്ഷണിക ജീവിതത്തിൽ മുൻകൂട്ടി നൽകിയിരിക്കുകയാണ്.' ഇത് ആരോട് പറഞ്ഞതാണ്? / **ഉമർ(റ)**

4) വിദ്യാഭ്യാസ മേഖലയിലെ പഠനത്തിന് വേണ്ടി കേന്ദ്ര സർക്കാർ നിയോഗിച്ച കോത്താരി കമ്മീഷന്റെ കാലയളവ്? / **1964 – 1966**

5) ഈയിടെ മരണമടഞ്ഞ ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി ജനിച്ചത് ഇന്ത്യയിൽ ആയിരുന്നു. ഏത് സംസ്ഥാനം? / **അവിഭക്ത ഇന്ത്യയിലെ ഉത്തർപ്രദേശ്**

6) "പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർഥിക്കരുത്" സൂറത്ത് നമ്പർ, ആയത്ത് നമ്പർ? / **72:18**

7) ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ ഉൾപ്പെടുന്ന കൺകറന്റ് ലിസ്റ്റിൽ എത്ര ഇനങ്ങളാണുള്ളത്? / **52**

8) ത്രിഭാഷാ പദ്ധതിയുമായി ബന്ധപ്പെട്ട ആദ്യ റെക്കമെന്റേഷൻ 1948 - 49ൽ മുന്നോട്ടുവച്ചത്? / **യൂണിവേഴ്സിറ്റി എഡ്യുക്കേഷൻ കമ്മീഷൻ**

9) "ഹൃദയങ്ങൾ രഹസ്യങ്ങളുടെ സൂക്ഷിപ്പു സ്ഥലങ്ങളാകുന്നു. ചുണ്ടുകൾ അവയുടെ പൂട്ടുകളും നാവുകൾ താക്കോലുകളുമാകുന്നു. അതിനാൽ ഓരോ മനുഷ്യനും തന്റെ രഹസ്യത്തിന്റെ താക്കോൽ കാത്തുസൂക്ഷിക്കട്ടെ." ഇത് ആരുടെ വാക്കാണ്? / **ഉമർ ഇബ്നു അബ്ദിൽഅസീസ്(റഹി)**

10) യു.ജി.സിയുടെ യഥാർഥ രൂപം? / **യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ**

11) 'ഹിദായത്തുൽ അദ്കിയാഅ്' ആരുടെ ഗ്രന്ഥമാണ്? / **ശൈഖ് സൈനുദ്ദീൻ മഖ്ദൂം**

12) 'ശാസ്ത്രം കൂടുതൽ പഠിക്കുന്തോറും ഞാൻ കൂടുതൽ ദൈവവിശ്വാസിയാവുകയാണ് ചെയ്യുന്നത്.' എന്ന് പറഞ്ഞത് പ്രശസ്തനായ ഒരു ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ ഫോട്ടോയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആരാണദ്ദേഹം? / **ആൽബർട്ട് ഐൻസ്റ്റീൻ**

13) ഹുനൈൻ യുദ്ധം കഴിഞ്ഞ് മടങ്ങുന്ന വേളയിൽ യുദ്ധാർജിത സ്വത്തുക്കൾ നബി സൈന്യങ്ങൾക്ക് വീതിച്ച് നൽകിയത് എവിടെ വെച്ചായിരുന്നു? / **ജഅ്റാന**

14) ബൈസന്റൈൻ രാജ്യത്തെ എത്രകാലമാണ് തുർക്കി ഭരിച്ചത്? / **544 വർഷം**

15) "നമ്മൾ എവിടെനിന്ന് വന്നു? എവിടേക്കാണ് നാം പോകുന്നത്? ഇതൊരു വലിയ ചോദ്യമാണ്. എല്ലാവർക്കും ആശയക്കുഴപ്പമുള്ള ചോദ്യം. സയൻസിന് ഇതിനൊരു ഉത്തരവുമില്ല" എന്ന് പറഞ്ഞ ശാസ്ത്രജ്ഞന്റെ ഫോട്ടോയാണ് മുകളിലുള്ളത്. ആരാണിയാൾ? / **എർവിൻ ഷ്രോഡിംഗർ**

16) 'അവർ വിറളിപിടിച്ച കഴുതകളെപ്പോലിരിക്കുന്നു. സിംഹത്തിൽ നിന്ന് ഓടിരക്ഷപ്പെടുന്ന (കഴുതകൾ).' ആരെക്കുറിച്ചാണ് വിശുദ്ധ ക്വുർആൻ ഇപ്രകാരം പറഞ്ഞത്? / **ഉൽബോധനത്തിൽനിന്ന് തിരിഞ്ഞുകളയുന്നവരെക്കുറിച്ച്**

17) 'വസ്സമാഇ ദാതിർറജഅ്' എന്നതിന് ആധുനിക ശാസ്ത്ര വിശദീകരണത്തിന് സമാനമായ 'ആവർത്തിച്ചാവർത്തിച്ച് മഴപെയ്യുന്ന മഴമേഘങ്ങൾ' എന്ന വിശദീകരണം നൽകിയ ക്വുർആൻ വ്യാഖ്യാതാവ്? / **അബ്ദുല്ലാഹിബ്നു അബ്ബാസ്(റ)**

18) 'പിശാചുബാധ ഏറ്റ് മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല' ആര്? /**പലിശ ഭുജിക്കുന്നവൻ**

19) ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ച പ്രധാനമന്ത്രി? / **ഇന്ദിരാഗാന്ധി**

20) നബി(സ)യുടെ വിയോഗാനന്തരം ആഇശ(റ) എത്രകാലം ജീവിച്ചു? / **48 വർഷം**

21) നസ്വീഹത്ത് എന്ന വാക്കിന്റെ അർഥം? / **ഗുണകാംക്ഷ**

22) ശാന്തിനികേതൻ സ്ഥാപിച്ചത് ആരാണ്? / **രവീന്ദ്രനാഥ ടാഗോർ**

23) കമ്യൂണിസ്റ്റുകാരനായ ഒരു പ്രശസ്ത ഫ്രഞ്ച് തത്ത്വചിന്തകൻ എഴുതിയ "The founding Myths of Israel" എന്ന പുസ്തകത്തിന്റെ കവറാണ് മുകളിൽ കൊടുത്തത്. ആരാണ് ഈ രചയിതാവ്? / **റജാ ഗരോഡി**

24) ഈ കർമ്മം നിർവഹിക്കുന്നവന് സ്വർഗത്തിന്റെ എട്ടു കവാടങ്ങളിൽ അവനുദ്ദേശിക്കുന്നതിലൂടെ പ്രവേശിക്കാൻ കഴിയുമെന്ന് നബി(സ) അറിയിച്ചിട്ടുണ്ട്. ഏത് കർമ്മം? / **വുദൂഇനു ശേഷമുള്ള പ്രാർഥന ചൊല്ലുക**

25) "അടിസ്ഥാനപരമായി മൗലിദ് ബിദ്അത്ത് ആണ്. ആദ്യ മൂന്നു നൂറ്റാണ്ടുകളിലെ മഹത്തുക്കളായ മുസ്ലിംകളിൽ നിന്ന് കൈമാറിവന്ന ആചാരമല്ല അത്" - ഇങ്ങനെ പറഞ്ഞത് ആര്? / **ഇബ്നു ഹജർ (റഹി)**

26) സൂറത്തുൽ ഹശ്റിൽ പരാമർശിക്കുന്ന ജൂതഗോത്രം ഏതാണ്? / **ബനൂനളീർ**

27) ശിയായിസത്തിനു വിത്തുപാകിയ ജൂതൻ? / **അബ്ദുല്ലാഹിബിനു സബഅ്**

28) ബാബരി മസ്ജിദ് ധ്വംസനത്തെ കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി 1992 ഡിസംബർ 16ന് രൂപവത്കരിക്കപ്പെട്ട കമ്മീഷൻ? / **ജസ്റ്റിസ് എം.എൽ ലിബർഹാൻ കമ്മീഷൻ**

29) ആദ്യ റഷ്യൻ വിപ്ലവം അരങ്ങേറിയത്? / **1917 മാർച്ചിൽ**

30) ഒരു മുദ്ദ് എന്ന് പറഞ്ഞാൽ എത്രയാണ്? / **രണ്ട് കൈകളും കൂട്ടി വാരുന്ന അത്ര അളവ്**

31) ഏതു യുദ്ധത്തിലാണ് അബ്ദുർറഹ്മാനുബ്നു ഔഫി(റ)ന് ഇരുപതിലധികം മുറിവുകൾ ഏറ്റത്? / **ഉഹ്ദ്**

32) ശിയാക്കളിലെ ഏതു വിഭാഗമാണ് തങ്ങളുടെ ഇമാം മുഹമ്മദുബ്നുൽ ഹനഫിയ്യ മരണപ്പെട്ടിട്ടില്ല, മറിച്ച് റിദ്വ മലനിരകളിൽ ബന്ധിതനാണ് എന്നും അവസാനനാളിൽ അദ്ദേഹം വരുമെന്നും വിശ്വസിക്കുന്നത്? / **കൈസാനിയ്യ**

33) തൗറാത്ത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും, എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരെ ക്വുർആൻ 62:5ൽ ഉപമിച്ചത് എന്തിനോടാണ്? / **ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയോട്**

34) 1961ൽ സെക്രട്ടറിയേറ്റിലേക്കും മറ്റു ചില വകുപ്പുകളിലേക്കും പിഎസ്സി നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ പിന്നാക്ക വിഭാഗക്കാർ ഇല്ലെന്നു കണ്ടപ്പോൾ മുഖ്യമന്ത്രി ഇടപെട്ട് ഒരു സപ്ലിമെന്ററി പരീക്ഷ നടത്തിക്കുകയും അതുവഴി 20 മുസ്ലിംകൾ അടക്കമുള്ള ഏതാനും പിന്നാക്ക വിഭാഗക്കാരുടെ ലിസ്റ്റ് പിഎസ്സിക്ക് പ്രസിദ്ധീകരിക്കേണ്ടിവരികയും ചെയ്തു. ആരായിരുന്നു ആ മുഖ്യമന്ത്രി? / **പട്ടം താണുപിള്ള**

35) കപടവിശ്വാസികൾ നബി(സ)യുടെ പത്നി ആഇശ(റ)ക്കെതിരെ ഒരു മഹാ അപരാധം പ്രചരിപ്പിച്ചപ്പോൾ അതിൽ പെട്ടുപോവുകയും ശേഷം പശ്ചാത്തപിച്ചുമടങ്ങുകയും ചെയ്ത സ്വഹാബി? / **മിസ്ത്വഹ്(റ)**

36) അബൂബക്ർ(റ) ശത്രുക്കളുടെ ഉപദ്രവം സഹിക്കവയ്യാതായപ്പോൾ എത്യോപ്യയിലേക്ക് ഹിജ്റ പോകവെ അദ്ദേഹത്തിന് അഭയം നൽകാമെന്നു പറഞ്ഞ് പിന്തിരിപ്പിച്ച വ്യക്തി? / **ഇബ്നുദുഗന്ന**

37) നബി(സ)പറഞ്ഞു: 'മർയമിന്റെ മകൻ ഈസാ(അ)യെ ക്രൈസ്തവർ അമിതമായി പുകഴ്ത്തിയത് പോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. നിശ്ചയം ഞാൻ അല്ലാഹുവിന്റെ അടിമയാണ്. അല്ലാഹുവിന്റെ ദൂതനും അടിമയുമാണ് എന്ന് നിങ്ങൾ പറയുവിൻ' (ബുഖാരി). ഈ ഹദീഥ് ഏതു സ്വഹാബിയിൽനിന്നാണ് ഉദ്ധരിക്കുന്നത്? / **ഉമർ(റ)**

38) "സത്യവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അവർ (തെറ്റായ) യാതൊന്നും ചെയ്യാതിരിക്കെ ശല്യപ്പെടുത്തുന്നവരാരോ അവർ അപവാദവും പ്രത്യക്ഷമായ പാപവും പേറിയിരിക്കയാണ്" / **ക്വുർആൻ 33:58**

39) സൂര്യനിൽനിന്ന് ഭൂമിയിലേക്ക് വരുന്ന മാരകമായ അൽട്രാവയലറ്റ് രശ്മികളെ മുകളിൽ തടഞ്ഞുനിർത്തുന്നത്? / **ഓസോൺ പാളി**

40) ഫ്രാൻസിലെ പ്രവാചകനിന്ദയും അതിനെത്തുടർന്നുള്ള കൊലപാതകവുമായി ബന്ധപ്പെട്ട് നടന്ന മുസ്ലിം വിരുദ്ധ പ്രചാരണങ്ങൾക്കെതിരെ ഒരു രാഷ്ട്രനായകൻ നടത്തിയ പ്രഭാഷണത്തിന്റെ വീഡിയോ ആണ് മുകളിലുള്ളത്. ആരാണദ്ദേഹം? / **ജസ്റ്റിൻ ട്രൂഡോ**

## നേർപഥം പ്രീ മെഗാ ക്വിസ് വിജയികൾ

| | | | |
|---|---|---|---|
| 1. AJWAD AMEEN.V | 2. MUBTHASIM | 3. FATHIMA WARDA C.T | 4. REJUVA |
| 5. FIDHA KALLIDUMBIL | 6. MUZAINA | 7. AMEEN MOHAMMED | 8. RAJLA |
| 9. RISWANA FATHIMA | 10. UMAIRA CM | 11. MISHAB 12. NAJVA | 13. ANEES P |

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com




മുഹമ്മദ് നബി ﷺ 2

# മുഹമ്മദ് നബി ﷺ സൃഷ്ടിക്കപ്പെട്ടത് പ്രകാശത്തിൽനിന്നോ?

മുഹമ്മദ് നബി ﷺ യിൽ വിശ്വസിക്കുന്ന മുസ്‌ലിംകൾക്കിടയിൽത്തന്നെ, ആ നബിയെപ്പറ്റി പല വികല വിശ്വാസങ്ങളും കടന്നുകൂടിയിട്ടുണ്ട്. അതിനാൽ പ്രമാണബദ്ധമായി മുഹമ്മദ് നബി ﷺ യെ സംബന്ധിച്ച് നമുക്ക് ചില കാര്യങ്ങൾ മനസ്സിലാക്കാം.

പ്രവാചകന്റെ അറുപത്തി മൂന്ന് കൊല്ലത്തെ ജീവിത ചരിത്രം മുഴുവനും ഒരു പുസ്തകത്തിൽ ഉൾക്കൊള്ളിക്കുക എന്ന ശ്രമകരവും വിശാലവുമായ ദൗത്യത്തിനല്ല, പ്രവാചകത്വത്തിന് മുമ്പും ശേഷവുമുള്ള അവിടുത്തെ ജീവിതത്തിലെ സുപ്രധാനമെന്ന് തോന്നുന്ന കാര്യങ്ങൾ മാത്രം പ്രതിപാദിക്കുവാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവയിലും പല കാര്യങ്ങളും വിട്ടുപോയേക്കാം.

## നബിﷺ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്?

മുഹമ്മദ് നബിﷺ ആദം സന്തതിയാണ്. മനുഷ്യസൃഷ്ടിപ്പ് മണ്ണിൽനിന്നാണെന്ന് ക്വുർആൻ സംശയത്തിന് ഇടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുണ്ട്. ക്വുർആൻ പറയുന്നു:

"കലം പോലെ മുട്ടിയാൽ മുഴക്കമുണ്ടാകുന്ന (ഉണങ്ങിയ) കളിമണ്ണിൽനിന്ന് മനുഷ്യനെ അവൻ സൃഷ്ടിച്ചു. തീയിന്റെ പുകയില്ലാത്ത ജ്വാലയിൽനിന്ന് ജിന്നിനെയും അവൻ സൃഷ്ടിച്ചു" (ക്വുർആൻ 55:14,15).

ആഇശ﷉യിൽനിന്ന് നിവേദനം; അവർ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: 'മലക്കുകൾ പ്രകാശത്തിൽനിന്ന് സൃഷ്ടിക്കപ്പെട്ടു. ജിന്നുകൾ തീജ്വാലയിൽനിന്നും സൃഷ്ടിക്കപ്പെട്ടു. ആദം നിങ്ങളോട് വിവരിക്കപ്പെട്ടതിൽ നിന്നും സൃഷ്ടിക്കപ്പെട്ടു" (മുസ്‌ലിം 2996).

"അല്ലാഹുവെ സംബന്ധിച്ചിടത്തോളം ഈസായെ ഉപമിക്കാവുന്നത് ആദമിനോടാകുന്നു. അവനെ (അവന്റെ രൂപം) മണ്ണിൽനിന്നും അവൻ സൃഷ്ടിച്ചു. പിന്നീട് അതിനോട് ഉണ്ടാകൂ എന്ന് പറഞ്ഞപ്പോൾ അവൻ (ആദം) അതാ ഉണ്ടാകുന്നു" (ക്വുർആൻ 3:59).

"നിങ്ങളെ അവൻ മണ്ണിൽനിന്ന് സൃഷ്ടിച്ചു. എന്നിട്ട് നിങ്ങളതാ (ലോകമാകെ) വ്യാപിക്കുന്ന മനുഷ്യവർഗമായിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ" (ക്വുർആൻ 30:20)

മുകളിൽ നാം കണ്ട ഓരോ തെളിവും മനുഷ്യസൃഷ്ടിപ്പ് മണ്ണിൽനിന്നാണെന്ന് വ്യക്തമാക്കിത്തരുന്നവയാണ്. ഇനിയും ധാരാളം തെളിവുകൾ ക്വുർആനിൽനിന്നും സുന്നത്തിൽനിന്നും നമുക്ക് ലഭിക്കുകയും ചെയ്യും. എല്ലാം ഇവിടെ ഉദ്ധരിക്കുവാൻ നാം മുതിരുന്നില്ല. ആദം നബി﵇യുടെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട വിവരണത്തിലും ഈ കാര്യം നാം പ്രതിപാദിച്ചിട്ടുള്ളത് ഓർക്കുന്നുണ്ടാകുമല്ലോ.

അല്ലാഹുവാണ് പ്രപഞ്ച സ്രഷ്ടാവ്. അവൻ ഏതെല്ലാം സൃഷ്ടികളെ എന്തിൽനിന്നാണ് സൃഷ്ടിച്ചതെന്നും എങ്ങനെയാണ് സൃഷ്ടിച്ചതെന്നും അഭിപ്രായം പറയുവാൻ നമുക്ക് കഴിയില്ല. അതു സംബന്ധമായി അവൻ എന്താണോ നമുക്ക് അറിയിച്ചുതന്നത്, അത് വിശ്വസിക്കുകയാണ് നാം ചെയ്യേണ്ടത്. അഥവാ, ക്വുർആനിലോ സ്വഹീഹായ നബിവചനത്തിലൂടെയോ സ്ഥിരപ്പെട്ടുവന്നത് എന്താണോ അതാണ് നാം സ്വീകരിക്കേണ്ടത്.

ആദം നബി﵇യെ അല്ലാഹു സൃഷ്ടിച്ചത് മണ്ണിൽനിന്നാണെന്ന് നാം മനസ്സിലാക്കി. മണ്ണിൽനിന്ന് പടക്കപ്പെട്ടു എന്നത് മനുഷ്യാസ്തിത്വത്തിന് യാതൊരു ന്യൂനതയും ഉണ്ടാക്കുന്നില്ല. മാത്രവുമല്ല, പ്രകാശത്തിൽനിന്ന് സൃഷ്ടിക്കപ്പെട്ട മലക്കുകളെക്കാളും തീജ്വാലയിൽനിന്ന് സൃഷ്ടിക്കപ്പെട്ട ജിന്നുകളെക്കാളും അല്ലാഹു ആദരവ് നൽകിയ സൃഷ്ടി മനുഷ്യനാണ് എന്നതും അല്ലാഹു നമുക്ക് അറിയിച്ചുതന്നിട്ടുണ്ട്. (ക്വുർആൻ 17:70). അതുകൊണ്ടാണല്ലോ ആദം﵇നെ അല്ലാഹു സൃഷ്ടിച്ചതിന് ശേഷം മലക്കുകളോടും ജിന്നുകളിൽ പെട്ട ഇബ്‌ലീസിനോടും അദ്ദേഹത്തിന് സുജൂദ് ചെയ്യാൻ കൽപിച്ചത്. അതുപോലെ, മലക്കുകൾക്കൊന്നും പഠിപ്പിച്ചുകൊടുത്തിട്ടില്ലാത്ത അറിവ് അല്ലാഹു നൽകിയതും ആദമി﵇നായിരുന്നല്ലോ. (ക്വുർആൻ 2:31-33).

മുഹമ്മദ് നബിﷺക്ക് മഹത്ത്വവും ശ്രേഷ്ഠതയും നൽകുന്നതിനായി ചിലർ അവിടുത്തെ സൃഷ്ടിപ്പ് പ്രകാശത്തിൽനിന്നാണെന്ന് എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. അത് ഏറ്റുപിടിച്ച് പ്രചരിപ്പിക്കുന്നവരും വിശ്വസിക്കുന്നവരും നമ്മുടെ നാട്ടിലുമുണ്ട്. അല്ലാഹു ആദ്യമായി സൃഷ്ടിച്ചത് മുഹമ്മദ് നബിﷺയുടെ പ്രകാശത്തെയാണെന്നും അല്ലാഹുവിന്റെ പ്രകാശത്തിൽനിന്ന് അല്ലാഹു മുഹമ്മദ് നബിﷺയെ സൃഷ്ടിച്ചുവെന്നും അങ്ങനെ മുഹമ്മദ് നബിﷺയുടെ പ്രകാശത്തിൽനിന്ന് മറ്റു മുഴുവൻ ചരാചരങ്ങളെയും സൃഷ്ടിച്ചുവെന്നും പാരമ്പര്യമായി, യാതൊരു അടിസ്ഥാനവുമില്ലാതെ ഇക്കൂട്ടർ വിശ്വസിച്ചുപോരുന്നു. സമസ്തയുടെ മദ്റസയിലെ മൂന്നാം ക്ലാസ്സിലേക്ക് തയ്യാറാക്കിയ ചരിത്ര പാഠപുസ്തകത്തിൽ 'നബിﷺയുടെ പ്രകാശം' എന്നൊ

> **അല്ലാഹുവാണ് പ്രപഞ്ച സ്രഷ്ടാവ്. അവൻ ഏതെല്ലാം സൃഷ്ടികളെ എന്തിൽനിന്നാണ് സൃഷ്ടിച്ചതെന്നും എങ്ങനെയാണ് സൃഷ്ടിച്ചതെന്നും അഭിപ്രായം പറയുവാൻ നമുക്ക് കഴിയില്ല. അതു സംബന്ധമായി അവൻ എന്താണോ നമുക്ക് അറിയിച്ചുതന്നത്, അത് വിശ്വസിക്കുകയാണ് നാം ചെയ്യേണ്ടത്. അഥവാ, ക്വുർആനിലോ സ്വഹീഹായ നബിവചനത്തിലൂടെയോ സ്ഥിരപ്പെട്ടുവന്നത് എന്താണോ അതാണ് നാം സ്വീകരിക്കേണ്ടത്.**

രു തലക്കെട്ട് തന്നെ നമുക്ക് കാണാവുന്നതാണ്. ആ പാഠത്തിൽ കുട്ടികളെ പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: “അല്ലാഹു ആദ്യമായി സൃഷ്ടിച്ചത് നബിﷺയുടെ പ്രകാശമായിരുന്നു. ആ പ്രകാശത്തിൽ നിന്നാണ് മറ്റു ചരാചരങ്ങളെല്ലാം സൃഷ്ടിക്കപ്പെട്ടത്.”

അതുപോലെ ഈ വിഭാഗക്കാരുടെ മാലപ്പാട്ടുകളിലും ഈ വികല വിശ്വാസം പഠിപ്പിക്കുന്നുണ്ട്:

“ആദി ഒളിവായ് അതുതാൻ
വെളിവായി.

അതു പിന്നെ ആദമായ്
വന്നു വെളിവായ്

അമ്പിയ ഔലിയ ആയ്
വന്ന് വന്ന്

അവസാനം മക്കത്തതു
തന്നെ വന്ന്

പൂർത്തീകരിത്തത്തതിൽ
പിന്നെ വെളിവായ്

പെരുത്ത് ളുഹൂറാത്തുകൾ
വലിമാരായ്

അതു വെളിവാകും
അവസാനത്തോളം

അതു നിലച്ചാലന്ന്
ലോകാവസാനം.”

ക്വുർആനിലെയും സ്വീകാര്യയോഗ്യമായ ഹദീസുകളിലെയും വ്യക്തമായ പരാമർശങ്ങൾക്ക് വിരുദ്ധമല്ലേ ഈ അധ്യാപനം? ആദ്യമായി അല്ലാഹു നബിﷺയുടെ പ്രകാശത്തെയാണോ സൃഷ്ടിച്ചത്? അല്ല! മനുഷ്യ സൃഷ്ടിപ്പിന്റെ ആരംഭത്തെപ്പറ്റി അല്ലാഹു ക്വുർആനിൽ എന്താണു പറഞ്ഞതെന്ന് നാം കാണുകയുണ്ടായി.

മുഹമ്മദ് നബിﷺ ഒരു മനുഷ്യൻ തന്നെയാണ്. പ്രകാശത്തിൽനിന്ന് സൃഷ്ടിക്കപ്പെട്ടത് മലക്കുകൾ മാത്രമാണ്. മലക്കുകളാണ് പ്രകാശത്തിൽനിന്ന് സൃഷ്ടിക്കപ്പെട്ടവർ. മക്കക്കാർ നബിയായി നിയോഗിക്കപ്പെടേണ്ടത് മലക്കാകണം എന്ന് വാദമുള്ളവരായിരുന്നു. അതിന് അല്ലാഹു മറുപടി നൽകുന്നത് ക്വുർആനിൽ നമുക്ക് കാണാൻ സാധിക്കും.

മുഹമ്മദ് നബﷺയുടെ പ്രകാശത്തെയാണ് അല്ലാഹു ആദ്യമായി പടച്ചതെന്ന അന്ധവിശ്വാസത്തിന് യാതൊരു രേഖയും പ്രാമാണികമായി വന്നിട്ടില്ല. മുൻഗാമികളായ പ്രവാചകന്മാരോ സ്വഹാബിമാരോ താബിഉകളോ തബഉത്താബിഉകളോ ഇമാമുമാരോ ആരും തന്നെ ഇപ്രകാരം വിശ്വസിച്ചിരുന്നതായി ഒരു കിതാബിലും നമുക്ക് കാണാൻ കഴിയില്ല. ജാബിർ رضي الله عنه നബിﷺയോട് ആദ്യം സൃഷ്ടിക്കപ്പെട്ടത് എന്താണെന്ന് ചോദിക്കുകയും അതിന് നബിﷺ ‘നിന്റെ നബിയുടെ പ്രകാശത്തെയാണ് ജാബിറേ’ എന്ന് മറുപടി പറയുകയും ചെയ്തു എന്ന വാറോല ചിലർ കൊണ്ടുനടക്കുന്നുണ്ട്. ഇത് മുസ്വന്നഫ് അബ്ദുർറസാക്വിൽ ഉണ്ട് എന്നും അവർ തട്ടിവിടുന്നു. മുസ്വന്നഫ് നോക്കിയാൽ അങ്ങനെ ഒരു റിപ്പോർട്ട് നമുക്ക് കാണാൻ കഴിയില്ല. അപ്പോൾ ഇവർ അതിനൊരു മറുപടി ഇറക്കിയിരിക്കുന്നു. മുസ്വന്നഫിലെ ചില ഹദീസുകൾ നഷ്ടപ്പെട്ടിരുന്നു എന്നും അത് പിന്നീട് ഇന്ത്യയിൽനിന്ന് കണ്ടെടുക്കുകയുണ്ടായി എന്നും അത് പിന്നീട് കിതാബായി പ്രസിദ്ധീകരിച്ചിട്ടുമുണ്ട് എന്നുമാണ് ആ മറുപടി. പച്ചക്കളവാണ് ഇത്. അങ്ങനെ ഒന്ന് സംഭവിച്ചിട്ടില്ല. മുസ്വന്നഫിൽ നിന്ന് അങ്ങനെ ചില ഹദീസുകൾ നഷ്ടമായിട്ടില്ല. ഇത് അല്ലാഹുവിന്റെ പേരിലും അവന്റെ പ്രവാചകന്റെ പേരിലും കെട്ടിച്ചമച്ചതാകുന്നു. ഇനി ഒന്ന് ചിന്തിക്കുക; അങ്ങനെ ഒരു റിപ്പോർട്ട് നഷ്ടമായിരുന്നെങ്കിലും പൂർവികർക്ക്, അല്ലാഹു ആദ്യം സൃഷ്ടിച്ചത് നബിﷺയുടെ നൂറിനെയായിരുന്നു എന്ന വിശ്വാസം ഉണ്ടാകുമായിരുന്നല്ലോ. നാം നേരത്തെ പറഞ്ഞതുപോലെ പൂർവികരിൽ ആർക്കെങ്കിലും അപ്രകാരം ഒരു വിശ്വാസമുണ്ടായിരുന്നു എന്നതിന് ഏതെങ്കിലും ഒരു കിതാബിൽനിന്ന് ഇക്കൂട്ടർക്ക് തെളിയിക്കാൻ കഴിയുമോ?

‘ഞങ്ങളെ പോലയുള്ള ഈ മനുഷ്യനാണോ അല്ലാഹുവിന്റെ റസൂൽ?’ എന്നായിരുന്നു മക്കക്കാരുടെ ചോദ്യം. അഥവാ, മുഹമ്മദ് നബിﷺ ഒരു മനുഷ്യൻ ആയതിനാൽ മക്കക്കാർ അദ്ദേഹത്തിൽ വിശ്വസിക്കാൻ വിസമ്മതിച്ചു. അതുസംബന്ധമായി അവർ പറഞ്ഞത് ക്വുർആനിൽ നമുക്ക് കാണാവുന്നതാണ്. അതുപോലെ മക്കക്കാർ നബിﷺയോട് പല അത്ഭുതങ്ങളും പ്രകടിപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആ സമയത്ത് നബിﷺ മക്കക്കാരോട് പറഞ്ഞത് ഇപ്രകാരമായിരുന്നു:

“അവർ പറഞ്ഞു: ഈ ഭൂമിയിൽനിന്ന് ഞങ്ങൾക്ക് ഒരു ഉറവ് ഒഴുക്കിത്തരുന്നതുവരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല. അല്ലെങ്കിൽ നിനക്ക് ഈന്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടായിരിക്കുകയും, അതിന്നിടയിലൂടെ നീ സമൃദ്ധമായി അരുവികൾ ഒഴുക്കുകയും ചെയ്യുന്നതുവരെ. അല്ലെങ്കിൽ നീ ജൽപിക്കുന്നതുപോലെ ആകാശത്തെ ഞങ്ങളുടെമേൽ കഷ്ണം കഷ്ണമായി നീ വീഴ്ത്തുന്നതുവരെ. അല്ലെങ്കിൽ അല്ലാഹുവെയും മലക്കുകളെയും കൂട്ടം കൂട്ടമായി നീ കൊണ്ടുവരുന്നതുവരെ. അല്ലെങ്കിൽ നിനക്ക് സ്വർണംകൊണ്ടുള്ള ഒരു വീടുണ്ടാകുന്നതുവരെ, അല്ലെങ്കിൽ ആകാശത്തുകൂടി നീ ക

യരിപ്പോകുന്നതുവരെ. ഞങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങളുടെ അടുത്തേക്ക് നീ ഇറക്കിക്കൊണ്ടുവരുന്നത് വരെ നീ കയറിപ്പോയതായി ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല. (നബിയേ,) പറയുക: എന്റെ രക്ഷിതാവ് എത്ര പരിശുദ്ധൻ! ഞാനൊരു മനുഷ്യൻ മാത്രമായ ദൂതനല്ലേ? ജനങ്ങൾക്ക് സന്മാർഗം വന്നപ്പോൾ അവർ അത് വിശ്വസിക്കുന്നതിന് തടസ്സമായത്, അല്ലാഹു ഒരു മനുഷ്യനെ ദൂതനായി നിയോഗിച്ചിരിക്കുകയാണോ എന്ന അവരുടെ വാക്ക് മാത്രമായിരുന്നു. (നബിയേ,) പറയുക: ഭൂമിയിലുള്ളത് ശാന്തരായി നടന്നുപോകുന്ന മലക്കുകളായിരുന്നെങ്കിൽ അവരിലേക്ക് ആകാശത്തുനിന്ന് ഒരു മലക്കിനെ നാം ദൂതനായി ഇറക്കുമായിരുന്നു"(ക്വുർആൻ 17:90-95).

## നബിﷺയുടെ തറവാട്

നാട്ടിലെ അറിയപ്പെട്ട കുടുംബത്തിലായിരുന്നു ഓരോ പ്രവാചകന്റെയും ജനനം. മുഹമ്മദ് നബിﷺ മക്കയിലെ അറിയപ്പെട്ട തറവാട്ടിലായിരുന്നു പിറന്നത്.

വാസലതുബ്നുൽ അസ്ക്വഇ(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറയുന്നു: "അല്ലാഹുവിന്റെ റസൂൽﷺ (ഇപ്രകാരം) പറയുന്നതായി ഞാൻ കേട്ടു: 'അല്ലാഹു ഇസ്മാഈലിന്റെ മക്കളിൽനിന്ന് കിനാനയെ തിരഞ്ഞെടുത്തു, കിനാനഃയിൽനിന്ന് അല്ലാഹു ക്വുറയ്ശികളെ തിരഞ്ഞെടുത്തു. ക്വുറയ്ശികളിൽനിന്ന് ബനൂഹാശിമിനെ അല്ലാഹു തിരഞ്ഞെടുത്തു. ബനൂ ഹാഷിമിൽ നിന്ന് അല്ലാഹു എന്നെയും തിരഞ്ഞെടുത്തു" (മുസ്‌ലിം).

അറബികൾക്കിടയിലെ ഉന്നത കുടുംബം, ഉന്നത തറവാട്, ഉന്നത പിതൃപരമ്പര. ഇസ്മാഈൽ നബി(അ) മുതൽ മുഹമ്മദ് നബിﷺ വരെയുള്ള കുടുംബ പരമ്പര അതാത് കാലങ്ങളിൽ ആ നാട്ടിൽ പേരും പ്രശസ്തിയും ഉള്ളതായിരുന്നു. നബിﷺയുടെ വൈരികളായ മക്കക്കാർ പോലും ഈ കുടുംബ മഹിമ അംഗീകരിച്ചവരായിരുന്നു എന്നതും ഇതിലേക്ക് ചേർത്തു വായിക്കേണ്ടതുണ്ട്. ഇസ്‌ലാമിലേക്ക് ഏറെ വൈകി വന്ന സ്വഹാബിയായിരുന്നു അബൂസുഫ്‌യാൻ(റ). അദ്ദേഹം ഇസ്‌ലാമിലേക്ക് വരുന്നതിന് മുമ്പ് നടന്ന പ്രസിദ്ധമായ ഒരു സംഭവമായിരുന്നു ഹിർക്വൽ രാജാവിന്റെ കൊട്ടാരത്തിലെ ഒരു ഒത്തുകൂടൽ. മുഹമ്മദ് നബിﷺ പ്രവാചകനായി തിരഞ്ഞെടുക്കപ്പെട്ട ആദ്യനാളുകളിൽ അബൂസുഫ്‌യാൻ(റ) ഹിർക്വൽ രാജാവിനെ സമീപിക്കുകയുണ്ടായി. മുഹമ്മദ് നബിﷺയുടെ പ്രവാചകത്വത്തിന് എതിരായിട്ടായിരുന്നു ആ സംസാരം. അന്ന് ഹിർക്വൽ രാജാവ് പല കാര്യങ്ങളും മുഹമ്മദ് നബിﷺയെ പറ്റി അബൂസുഫ്‌യാനോട് ചോദിക്കുകയുണ്ടായി. 'നിങ്ങളിൽ പ്രത്യക്ഷപ്പെട്ട ആ വ്യക്തിയുടെ കുടുംബപരമ്പര എങ്ങനെയാണ്' എന്നതായിരുന്നു അതിൽ ഒരു ചോദ്യം. അന്ന് നബിﷺയുടെ ശത്രുവായിരുന്ന അബൂസുഫ്‌യാന് ഹിർക്വലിന്റെ മുമ്പിൽ സത്യം മറച്ചുവെക്കാൻ സാധിച്ചില്ല. അദ്ദേഹം പറഞ്ഞു: 'അദ്ദേഹം ഞങ്ങളിലെ ഏറ്റവും നല്ല കുടുംബമുള്ളവനാണ്...' അവസാനം ഹിർക്വൽ രാജാവ് അബൂസുഫ്‌യാനോട് പറഞ്ഞു: 'ഞാൻ നിങ്ങളോട് അദ്ദേഹത്തിന്റെ കുടുംബ സാഹചര്യത്തെ പറ്റി ചോദിച്ചപ്പോൾ, അദ്ദേഹം ഏറ്റവും നല്ല കുടുംബത്തിലാണ് ഉള്ളതെന്ന് പറഞ്ഞു. അതെ, മുൻകഴിഞ്ഞ ദൂതന്മാരെല്ലാം ഏറ്റവും നല്ല കുടുംബത്തിൽനിന്നു തന്നെയാണ് വന്നിരുന്നത്.' ഈ സംഭവം ഇമാം ബുഖാരി, ഇമാം മുസ്‌ലിം തുടങ്ങിയവർ രേഖപ്പെടുത്തിയിട്ടുണ്ട്.

> "മുഹമ്മദ് നബിﷺക്ക് മഹത്ത്വവും ശ്രേഷ്ഠതയും നൽകുന്നതിനായി ചിലർ അവിടുത്തെ സൃഷ്ടിപ്പ് പ്രകാശത്തിൽനിന്നാണെന്ന് എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. അത് ഏറ്റുപിടിച്ച് പ്രചരിപ്പിക്കുന്നരും വിശ്വസിക്കുന്നവരും നമ്മുടെ നാട്ടിലുമുണ്ട്. അല്ലാഹു ആദ്യമായി സൃഷ്ടിച്ചത് മുഹമ്മദ് നബിﷺയുടെ പ്രകാശത്തെയാണെന്നും അല്ലാഹുവിന്റെ പ്രകാശത്തിൽനിന്ന് അല്ലാഹു മുഹമ്മദ് നബിലയെ സൃഷ്ടിച്ചുവെന്നും അങ്ങനെ മുഹമ്മദ് നബിﷺയുടെ പ്രകാശത്തിൽനിന്ന് മറ്റു മുഴുവൻ ചരാചരങ്ങളെയും സൃഷ്ടിച്ചുവെന്നും പാരമ്പര്യമായി, യാതൊരു അടിസ്ഥാനവുമില്ലാതെ ഇക്കൂട്ടർ വിശ്വസിച്ചുപോരുന്നു."

മുഹമ്മദ് നബിﷺയെ ശത്രുക്കൾ മാരണക്കാരൻ, ഭ്രാന്തൻ, കവി, ജ്യോത്സ്യൻ എന്നിങ്ങനെയെല്ലാം വിളിച്ച് ആക്ഷേപിച്ചിരുന്നു. എന്നാൽ മുഹമ്മദ്ﷺ ഒരു മോശം കുടുംബത്തിൽ ജനിച്ചവനാണെന്നോ മറ്റോ പറഞ്ഞ് അവിടുത്തെ ആക്ഷേപിക്കാൻ അവർക്ക് സാധിച്ചിരുന്നില്ല എന്നതും നബിﷺയുടെ കുടുംബ മഹിമ അവർക്കിടയിൽ എത്ര പ്രശംസനീയമായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്.

ആദം(അ) മുതൽ നബിﷺയുടെ പിതാവ് അബ്ദുല്ലാഹ് വരെയും, ഹവ്വാഅ്(റ) മുതൽ ആമിനവരെയും അടങ്ങുന്ന എ



ല്ലാവരും മുസ്‌ലിമാകണമെന്ന് അതിന് അർഥമില്ല. എന്നാൽ അവിടുത്തെ കുടുംബ പരമ്പരയിൽ വ്യഭിചാരം, മോഷണം, മദ്യപാനം, കൊല തുടങ്ങിയ മ്ലേച്ഛ സ്വഭാവങ്ങളുള്ളവർ ഇല്ലായിരുന്നു. പ്രവാചകന്മാരുടെ മാതാപിതാക്കൾ ആരും തന്നെ ഇത്തരം ദുഃസ്വഭാവികളായിരുന്നില്ല. എന്നാൽ വിശ്വാസപരമായി പലരും വഴികേടിലായിരുന്നു എന്ന് നമുക്ക് കാണാൻ സാധിക്കുന്നതുമാണ്. ഇബ്‌റാഹീം നബിﷺയുടെ പിതാവ് ഒരു ഉദാഹരണം.

നബിﷺയുടെ മാതാപിതാക്കൾ ശരിയായ വിശ്വാസികളായിരുന്നു എന്ന് മനസ്സിലാക്കിയവരുണ്ട്. അത് ശരിയല്ല. നബിﷺ തന്നെ അവിടുത്തെ മാതാപിതാക്കളുടെ അവസ്ഥയെ പറ്റി നമുക്ക് വിവരിച്ച് തന്നത് നാം മനസ്സിലാക്കണം.

അനസ്ؓവിൽനിന്ന് നിവേദനം; ഒരാൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരെ, എന്റെ പിതാവ് എവിടെയാകുന്നു?" നബിﷺ പറഞ്ഞു: "നരകത്തിൽ." അങ്ങനെ അദ്ദേഹം തിരിഞ്ഞുനടന്നപ്പോൾ നബിﷺ അദ്ദേഹത്തെ വിളിച്ചു, എന്നിട്ട് പറഞ്ഞു: "തീർച്ചയായും എന്റെ പിതാവും നിന്റെ പിതാവും നരകത്തിലാകുന്നു" (മുസ്‌ലിം).

ഇമാം നവവി(റഹി) ശറഹ് മുസ്‌ലിമിൽ ഈ ഹദീസ് വരുന്ന അധ്യായത്തിന് നൽകിയ പേര് ഇപ്രകാരമാണ്: 'തീർച്ചയായും ആർ സത്യനിഷേധത്തിലായി മരണപ്പെട്ടുവോ അപ്പോൾ അവൻ നരകത്തിലായെന്നും അവന് ശുപാർശ ലഭിക്കില്ലെന്നും (അല്ലാഹുവിലേക്ക്) അടുത്തവരുടെ അടുപ്പം അവന് ഉപകാരപ്പെടുകയില്ലെന്നും വ്യക്തമാക്കുന്ന അധ്യായം.'

ഈ ഹദീസ് കൊടുത്തതിന് ശേഷം ഇമാം നവവിؒ പറയുന്നു: 'ഏതൊരാൾ സത്യനിഷേധത്തിലായി മരണപ്പെടുന്നുവോ അവൻ നരകത്തിലാണ് എന്നും (അല്ലാഹുവിലേക്ക്) സാമീപ്യം ലഭിച്ചവരുടെ അടുപ്പം അവന് ഉപകാരപ്പെടുകയില്ലെന്നും ഇതിൽ (ഈ ഹദീസിൽ തെളിവ്) ഉണ്ട്. വിഗ്രഹങ്ങളെ ആരാധിക്കുന്നതുമായി ബന്ധപ്പെട്ട അറബികളുടെ സമ്പ്രദായത്തിലായി ഒരാൾ മരണപ്പെട്ടു, അപ്പോൾ അവനും നരകക്കാരനാണെന്ന് ഇതിൽ (ഈ ഹദീസിൽ തെളിവ്) ഉണ്ട്. ഇത് പ്രബോധനം എത്തുന്നതിന് മുമ്പ് പിടികൂടുക എന്നതല്ല. (കാരണം,) ഇക്കൂട്ടർ ഇബ്‌റാഹീമിﷺന്റെയും മറ്റു നബിമാരുടെയും പ്രബോധനം എത്തിയവരാകുന്നു' (ശറഹു മുസ്‌ലിം).

മറ്റൊരു ഭാഗം കൂടി കാണുക: "നബിﷺ റബ്ബിനോട് തന്റെ മാതാവിന്റെ ക്വബ്ർ സന്ദർശിക്കുന്നതിൽ അനുവാദം ചോദിക്കുന്ന അധ്യായം.

അബൂഹുറയ്‌റؓയിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'ഞാൻ എന്റെ രക്ഷിതാവിനോട് എന്റെ ഉമ്മാക്ക് വേണ്ടി പൊറുക്കലിനെ തേടുവാൻ അനുവാദം ചോദിച്ചു. അപ്പോൾ എനിക്ക് അതിന് അനുവാദം ലഭിച്ചില്ല. അവരുടെ ക്വബ്ർ സന്ദർശിക്കുന്നതിന് വേണ്ടി ഞാൻ അനുവാദം ചോദിച്ചു. അപ്പോൾ എനിക്ക് അനുവാദം ലഭിക്കുകയുണ്ടായി.'

ബഹുദൈവ വിശ്വാസികളെ ജീവിതകാലത്തും മരണശേഷം അവരുടെ ക്വബ്‌റും സന്ദർശിക്കുന്നത് അനുവദനീയമാണ് എന്ന് ഇതിൽ (തെളിവ്) ഉണ്ട്" (ശറഹു മുസ്‌ലിം).

രണ്ടു തെളിവുകൾ ഇവിടെ നാം രേഖപ്പെടുത്തി. ഇമാം നവവി(റഹി) കൊടുത്ത ഹദീസും അതിൽനിന്ന് അദ്ദേഹം നിർധാരണം ചെയ്തെടുത്ത ആശയവും വായിക്കുന്ന ആർക്കും മനസ്സിലാകും നബിﷺയുടെ മാതാപിതാക്കൾ നരകാവകാശികളാണ് എന്ന്. ചുരുക്കത്തിൽ ഈ വിഷയത്തിൽ നബിﷺ നമുക്ക് പഠിപ്പിച്ചുതന്ന കാര്യമാണ് നാം അംഗീകരിക്കേണ്ടത്. അതിലപ്പുറം ഒരു അഭിപ്രായം പറയാൻ നമുക്ക് എന്ത് അവകാശമാണുള്ളത്? നബിമാരുടെ കുടുംബത്തിലെ അംഗങ്ങളെല്ലാം സത്യവിശ്വാസികളായിരിക്കുമെന്നൊന്നും അല്ലാഹുവോ റസൂലോ നമുക്ക് അറിയിച്ചുതന്നിട്ടില്ല. നബിമാരുടെ അടുത്ത ബന്ധുക്കളിലെ ആരെങ്കിലും അവിശ്വാസികളായി എന്നത് നബിമാരുടെ മഹത്ത്വത്തിനോ സ്ഥാനത്തിനോ യാതൊരു കുറവും ഉണ്ടാക്കുന്നില്ല. ക്വുർആനിലെ ചില ആയത്തുകൾ ഉദ്ധരിച്ച് നബിﷺയുടെ മാതാപിതാക്കൾ സ്വർഗാവകാശികളാണെന്ന് ചിലർ ദുർവ്യാഖ്യാനിക്കാറുണ്ട്. സ്വഹീഹ് മുസ്‌ലിമിലെ ഹദീസ് ക്വുർആനിന് എതിരാണോ? നബിﷺക്ക് ഈ ആയത്തുകളൊന്നും മനസ്സിലായില്ലേ? ഇമാം നവവി(റഹി)ക്ക് ഈ ആയത്തുകൾ മനസ്സിലായില്ലേ? നിഷ്പക്ഷമതികൾ ചിന്തിക്കുക. **(തുടരും)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 59, ഭാഗം 5

# ഹശ്ർ (തുരത്തിയോടിക്കൽ)

(മദീനയിൽ അവതരിച്ചത്)

18. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളെക്കുവേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു.

19. അല്ലാഹുവെ മറന്നുകളഞ്ഞ ഒരു വിഭാഗത്തെ പോലെ നിങ്ങളാകരുത്. തൻമൂലം അല്ലാഹു അവർക്ക് അവരെ പറ്റിത്തന്നെ ഓർമയില്ലാതാക്കി. അക്കൂട്ടർ തന്നെയാകുന്നു ദുർമാർഗികൾ.

20. നരകാവകാശികളും സ്വർഗാവകാശികളും സമമാകുകയില്ല. സ്വർഗാവകാശികൾ തന്നെയാകുന്നു വിജയം നേടിയവർ.

21. ഈ ക്വുർആനിനെ നാം ഒരു പർവതത്തിൻമേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത് (പർവതം) വിനീതമാകുന്നതും അല്ലാഹുവെപ്പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്കു കാണാമായിരുന്നു. ആ ഉദാഹരണങ്ങൾ നാം ജനങ്ങൾക്കു വേണ്ടി വിവരിക്കുന്നു. അവർ ചിന്തിക്കുവാൻ വേണ്ടി.

22. താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു.

23. താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്ത, അല്ലാഹുവാണവൻ. രാജാധികാരമുള്ളവൻ. പരമ പരിശുദ്ധനും അന്യൂനനും സത്യപ്പെടുത്തുന്നവനും മേൽനോട്ടം വഹിക്കുന്നവനും മഹത്ത്വം കാണിക്കുന്നവനും ആകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അവൻ എത്രയോ പരിശുദ്ധൻ.

24. സ്രഷ്ടാവും നിർമാതാവും രൂപംനൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുള്ളവ അവന്റെ മഹത്ത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَلْتَنظُرْ نَفْسٌ
مَّا قَدَّمَتْ لِغَدٍ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا
تَعْمَلُونَ ﴿١٨﴾
وَلَا تَكُونُوا۟ كَٱلَّذِينَ نَسُوا۟ ٱللَّهَ فَأَنسَىٰهُمْ أَنفُسَهُمْ ۚ
أُو۟لَـٰٓئِكَ هُمُ ٱلْفَـٰسِقُونَ ﴿١٩﴾
لَا يَسْتَوِىٓ أَصْحَـٰبُ ٱلنَّارِ وَأَصْحَـٰبُ ٱلْجَنَّةِ ۚ
أَصْحَـٰبُ ٱلْجَنَّةِ هُمُ ٱلْفَآئِزُونَ ﴿٢٠﴾
لَوْ أَنزَلْنَا هَـٰذَا ٱلْقُرْءَانَ عَلَىٰ جَبَلٍ لَّرَأَيْتَهُۥ خَـٰشِعًا
مُّتَصَدِّعًا مِّنْ خَشْيَةِ ٱللَّهِ ۚ وَتِلْكَ ٱلْأَمْثَـٰلُ
نَضْرِبُهَا لِلنَّاسِ لَعَلَّهُمْ يَتَفَكَّرُونَ ﴿٢١﴾
هُوَ ٱللَّهُ ٱلَّذِى لَآ إِلَـٰهَ إِلَّا هُوَ ۖ عَـٰلِمُ ٱلْغَيْبِ
وَٱلشَّهَـٰدَةِ ۖ هُوَ ٱلرَّحْمَـٰنُ ٱلرَّحِيمُ ﴿٢٢﴾
هُوَ ٱللَّهُ ٱلَّذِى لَآ إِلَـٰهَ إِلَّا هُوَ ٱلْمَلِكُ
ٱلْقُدُّوسُ ٱلسَّلَـٰمُ ٱلْمُؤْمِنُ ٱلْمُهَيْمِنُ
ٱلْعَزِيزُ ٱلْجَبَّارُ ٱلْمُتَكَبِّرُ ۚ سُبْحَـٰنَ ٱللَّهِ
عَمَّا يُشْرِكُونَ ﴿٢٣﴾
هُوَ ٱللَّهُ ٱلْخَـٰلِقُ ٱلْبَارِئُ ٱلْمُصَوِّرُ ۖ لَهُ ٱلْأَسْمَآءُ
ٱلْحُسْنَىٰ ۚ يُسَبِّحُ لَهُۥ مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ وَهُوَ
ٱلْعَزِيزُ ٱلْحَكِيمُ ﴿٢٤﴾

18). ഇവിടെ അല്ലാഹു വിശ്വാസികളോട് കൽപിക്കുന്നത് വിശ്വാസം അനിവാര്യമാക്കുന്ന കാര്യങ്ങളാണ്. രഹസ്യത്തിലും പരസ്യത്തിലും എല്ലാ ജീവിത സാഹചര്യങ്ങളിലും സൂക്ഷ്മത മുറുകെപ്പിടിക്കണമെന്നത് വിശ്വാസത്തിന്റെ താൽപര്യമാണ്. മതത്തിന്റെ അതിർവരമ്പുകൾ സൂക്ഷിക്കുകയും അല്ലാഹുവിന്റെ കൽപനകൾ ശ്രദ്ധിക്കണമെന്നതും അവർക്ക് അനുകൂലമായതും പ്രതികൂലമായതും ഏതെന്നും നിർദേശിക്കുന്നു. എന്തിലൂടെയാണ് പരലോകത്ത് ഉപദ്രവവും ഉപകാരവും ലഭിക്കുക എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. അവർ പരലോകത്തെ കൺമുന്നിൽ നിർത്തുകയും ഹൃദയത്തിന്റെ ക്വിബ്‌ലയാക്കുകയും അവിടെയുള്ള നിർത്തത്തിന് പ്രാധാന്യം നൽകുകയും ചെയ്താൽ അതിലേക്കെത്തിക്കുന്ന പ്രവർത്തനങ്ങൾ വർധിപ്പിക്കാൻ അവർ പരിശ്രമിക്കും. അവിടേക്കുള്ള പ്രയാണത്തിന് തടസ്സമോ ബുദ്ധിമുട്ടോ വരുന്ന കാര്യങ്ങളിൽ നിന്ന് അതിനെ ശുദ്ധീകരിക്കും. അവർ പ്രവർത്തിച്ചാൽ സൂക്ഷ്മജ്ഞാനിയായ അല്ലാഹു അതെല്ലാം സൂക്ഷ്മമായി അറിയും. അവരുടെ ഒരു ചെയ്തിയും അവനറിയാതെ പോവുകയില്ല. അത് അവൻ പാഴാക്കുകയോ അവഗണിക്കുകയോ ചെയ്യില്ല. അവർക്ക് അവൻ ത്യാഗപരിശ്രമങ്ങളെ നിർബന്ധമാക്കി.

ഒരു അടിമയ്ക്കു തന്നെ ആത്മവിചാരണ നടത്താനുള്ള അടിസ്ഥാന ആശയമാണിത്. അവൻ അവനെ സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്. വല്ല പിഴവും കണ്ടാൽ വേരോടെ പിഴുതുകളയണം. അതിലേക്കെത്തിക്കുന്ന കാരണങ്ങളെ ഒഴിവാക്കി ആത്മാർഥമായി പശ്ചാത്തപിക്കണം. അല്ലാഹുവിന്റെ വല്ല കൽപനകളിലും വീഴ്ച വന്നതായി അവന്റെ കാര്യത്തിൽ അവൻ കണ്ടാൽ ആ രംഗത്ത് പരിശ്രമിക്കാനും തന്നെ പരിപോഷിപ്പിക്കാനും പൂർണതയിലെത്തിക്കാനും അന്യൂനമാക്കാനും അവൻ തന്റെ രക്ഷിതാവിനോട് സഹായം തേടണം. തന്റെ വീഴ്ചകളും അല്ലാഹു തനിക്ക് നൽകിയ അനുഗ്രങ്ങളും തമ്മിൽ അവൻ തുലനം ചെയ്യണം. തീർച്ചയായും അവനു ലജ്ജയുണ്ടാകും; സംശയമില്ല.

19). ഇത്തരം കാര്യങ്ങളിൽ അടിമ അശ്രദ്ധത കാണിക്കുക എന്നത് എല്ലാ നിലക്കും നഷ്ടമാണ്. അവൻ അല്ലാഹുവിനെ മറന്ന ഒരു ജനതയെപ്പോലെയാകുന്നു. അവർ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്നും അവനുള്ള കടമകൾ നിർവഹിക്കുന്നതിൽനിന്നും അശ്രദ്ധമായി തങ്ങളുടെ സ്വന്തം കാര്യങ്ങളിലേക്കും ഇച്ഛകളിലേക്കും തിരിഞ്ഞു. അതുമൂലം അവർ ഒരു നേട്ടവും കൈവരിച്ചില്ല. മറിച്ച് അല്ലാഹു അവരുടെ തന്നെ നന്മകളെ മറപ്പിച്ച് കളഞ്ഞു. അതിന് ഉണ്ടാകാവുന്ന ഗുണങ്ങളിൽനിന്നും അവൻ അവരെ അശ്രദ്ധരാക്കി. അങ്ങനെ അവരുടെ കാര്യം അതിരുകവിഞ്ഞതായിത്തീർന്നു. ഇരുലോകത്തും അവർ നഷ്ടത്തിലേക്ക് മടങ്ങി. പരിഹരിക്കാൻ പറ്റാത്ത, കണ്ടെത്താൻ കഴിയാത്ത വഞ്ചനയിൽ അകപ്പെട്ടു. കാരണം അവർ (അക്കൂട്ടർ തന്നെയാകുന്നു ദുർമാർഗികൾ). അവർ അവരുടെ സ്രഷ്ടാവിനെ അനുസരിക്കാത്തവരായി തിന്മയിൽ മത്സരിച്ചു.

20). അല്ലാഹുവിനെ സൂക്ഷിക്കുന്നതിൽ ശ്രദ്ധ കാണിക്കുന്നവർ, നാളേക്കെന്തുണ്ടെന്ന് നോക്കുന്നവർ, അങ്ങനെ സുഖാനുഗ്രഹത്തിന്റെ സ്വർഗത്തിന് അർഹരാവുകയും സദ്‌വൃത്തർക്കും രക്തസാക്ഷികൾക്കും സത്യസന്ധർക്കും പ്രവാചകന്മാർക്കുമൊപ്പം സുരക്ഷിതജീവിതം നയിക്കുകയും ചെയ്യുന്നവരും അല്ലാഹുവിനെ സ്മരിക്കുന്നതിൽ അശ്രദ്ധ കാണിക്കുകയും അവനുള്ള കടമകളെ വിസ്മരിക്കുകയും അങ്ങനെ ഇഹലോകത്ത് ദൗർഭാഗ്യമടയുകയും പരലോകത്ത് ശിക്ഷക്ക് അർഹനാവുകയും ചെയ്തവരും ഒരുപോലെയാണോ? ആദ്യം പറഞ്ഞവർ വിജയിച്ചവരാണ്. അവസാനം പറഞ്ഞവരാകട്ടെ, നഷ്ടക്കാരും.

ഇവിടെ ധാരാളം കാര്യങ്ങൾ തന്റെ അടിമകൾക്കായി അല്ലാഹു വിശദീകരിച്ചു. അവന്റെ മഹദ്ഗ്രന്ഥത്തിലൂടെ അവരോട് കൽപിക്കുകയും വിരോധിക്കുകയും ചെയ്തു. അവന്റെ വിളിയിലേക്ക് ധൃതിപ്പെടാനും അതിനവരെ പ്രേരിപ്പിക്കാനും നിർബന്ധിക്കുന്നതാണിതെല്ലാം; ഉറച്ച പർവതങ്ങൾ പോലുള്ള കാഠിന്യവും ബലവും ഹൃദയത്തിന് ഉണ്ടായിരുന്നാൽ പോലും. കാരണം ഈ ക്വുർആൻ അവൻ ഇറക്കിയത് (ഒരു പർവതത്തിന്റെമേൽ ആണെങ്കിൽ അത് വിനീതമാകുന്നതും അല്ലാഹുവെ പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്ക് കാണാമായിരുന്നു). അതായത് അത് ഹൃദയത്തിൽ ചെലുത്തുന്ന സ്വാധീനത്താൽ. ക്വുർആനിന്റെ ഉപദേശങ്ങൾ എല്ലാ നിലയ്ക്കും മഹത്തായ ഉപദേശങ്ങൾ തന്നെ.

ക്വുർആനിന്റെ കൽപനാവിരോധങ്ങൾ ഉൾക്കൊള്ളുന്ന ഓരോ വിധിയിലും അതിനോട് ബന്ധപ്പെട്ട പല നന്മകളും ഉണ്ട്. അതാവട്ടെ, മനസ്സുകൾക്ക് ആശ്വാസമുള്ളതാണ്. ശരീരങ്ങൾക്ക് ഏറെ എളുപ്പമുള്ളതും വൈരുധ്യങ്ങളോ ബുദ്ധിമുട്ടുകളോ ഇല്ലാത്തതും പ്രയാസരഹിതമായതും ക്ഷീണം വരുത്താത്തതും എല്ലാ കാലത്തേക്കും ദേശത്തേക്കും ഉചിതമായതും എല്ലാവർക്കും അനുയോജ്യമായതുമാണ്.

ജനങ്ങൾക്ക് ഉപമകൾ വിശദീകരിച്ചു നൽകുന്നതിനെക്കുറിച്ചാണ് തുടർന്ന് അല്ലാഹു പറയുന്നത്.

അതിലൂടെ അവൻ തന്റെ അടിമക്ക് അനുവദനീയവും നിഷിദ്ധവും വിശദീകരിച്ചുകൊടുക്കുന്നു; അവന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കാനും ആലോചിക്കാനും വേണ്ടി. കാരണം അതിനെക്കുറിച്ചുള്ള ചിന്ത അടിമക്ക് വിജ്ഞാനത്തിന്റെ ഖജനാവുകൾ തുറന്നുകൊടുക്കും. നന്മയുടെയും തിന്മകളുടെയും വഴികളെ വിശദീകരിച്ചുകൊടുക്കും. നല്ല സ്വഭാവപ്രകൃതികൾക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. ക്വുർആനികാശയങ്ങളെക്കുറിച്ചുള്ള ചിന്തയെക്കാളും പഠനത്തെക്കാളും ഒരടിമക്ക് പ്രയോജനകരമായി മറ്റൊന്നില്ല.

22). ഈ പരിശുദ്ധ വചനങ്ങൾ അല്ലാഹുവിന്റെ ഒട്ടേറെ അതിവിശിഷ്ട നാമങ്ങളെ ഉൾക്കൊള്ളുന്നു. അവന്റെ ഉന്നതമായ വിശേഷണങ്ങളും മഹത്ത്വവും ഉദാത്തമായ പ്രമാണങ്ങളെയും ഉൾക്കൊള്ളുന്നു. അല്ലാഹു അറിയിക്കുന്നു: (അല്ലാഹു) ആരാധിക്കപ്പെടേണ്ടവൻ. (അവനല്ലാതെ യാതൊരു ആരാധ്യനുമില്ല). മഹത്തായ അവന്റെ പൂർണത, സമ്പൂർണമായ അവന്റെ നന്മ, സമഗ്രമായ അവന്റെ നിയന്ത്രണം എന്നിവയാലാണത്. അവനല്ലാത്ത എല്ലാ ആരാധ്യരും നിരർഥകമാണ്. ചെറിയൊരംശം പോലും ആരാധനക്ക് അവർക്ക് അർഹതയില്ല. കാരണം അവർ ആവശ്യക്കാരാണ്. അശക്തരാണ്. യാതൊന്നും തങ്ങൾക്കും മറ്റുള്ളവർക്കും ഉടമപ്പെടുത്താത്തവർ. പിന്നീട് തന്റെ അറിവിനെക്കുറിച്ച് പറയുന്നു. സൃഷ്ടികൾക്ക് ദൃശ്യമായതും അദൃശ്യമായതും അവനറിയും. അവന്റെ കാരുണ്യം എല്ലാറ്റിലും വിശാലമാണ്. എല്ലാ ജീവനുള്ളതിലേക്കും അതെത്തും.

23). അവന്റെ ആരാധ്യതയുടെ സമഗ്രതയും അത് അവനിൽ മാത്രം പരിമിതമാണെന്നതും ആവർത്തിച്ച് പറയുന്നു. എല്ലാ അടിമകളുടെയും ഉടമസ്ഥൻ അവനാണ്. ഉപരിയും അല്ലാത്തതുമായ ലോകങ്ങളുടെയും അതിലുള്ളവരുടെയും എല്ലാ അടിമകളുടെയും ഉടമസ്ഥത അല്ലാഹുവിനാണ്. അവർ അവനിലേക്ക് ആവശ്യക്കാരും നിയന്ത്രിക്കപ്പെടുന്നവരുമാണ്.

(പരമപരിശുദ്ധനും അത്യുന്നതനും). അതായത് പരിശുദ്ധനും എല്ലാ ന്യൂനതകളിൽനിന്നും കുറവുകളിൽ നിന്നും സുരക്ഷിതനായവനും. മഹത്ത്വമുള്ളവൻ, ശ്രേഷ്ഠൻ. ക്വുദ്ദൂസ് എന്നത് എല്ലാ ന്യൂനതകളിൽനിന്നുമുള്ള പരിശുദ്ധിയെ അറിയിക്കുന്നു. വിശേഷണങ്ങളിലും മഹത്ത്വങ്ങളിലുമെല്ലാം അല്ലാഹു ഏറെ ഉന്നതൻ.

(സത്യപ്പെടുത്തുന്നവൻ). തന്റെ പ്രവാചകൻമാരെയും ദൂതന്മാരെയും അവർ കൊണ്ടുവന്ന തെളിവുകളെയും ഖണ്ഡിതമായ പ്രമാണങ്ങളെയും വ്യക്തമായ രേഖകളെയും അവൻ സത്യപ്പെടുത്തുന്നു.

(പ്രതാപിയും). അവനെ ആരും അതിജയിക്കുകയില്ല. തടസ്സപ്പെടുത്തുകയുമില്ല. മറിച്ച്, എല്ലാറ്റിനെയും അടക്കി ഭരിക്കുന്നു. എല്ലാം അവന് കീഴൊതുങ്ങുന്നു.

(പരമാധികാരി). എല്ലാ അടിമകളെയും അവൻ കീഴടക്കിവെക്കുന്നു. മറ്റു സൃഷ്ടികൾ അവന് കീഴൊതുങ്ങുന്നു. പ്രശ്നമുള്ളവന് അവൻ പരിഹാരമുണ്ടാക്കുന്നു. ദരിദ്രന് അവൻ ഐശ്വര്യങ്ങൾ നൽകുന്നു.

(മഹത്ത്വം കാണിക്കുന്നവൻ). അവൻ മഹത്ത്വമുള്ളവനും മഹത്ത്വം കാണിക്കുന്നവനുമാണ്. അക്രമം, അനീതി, ന്യൂനതകൾ എന്നതിൽ നിന്നെല്ലാം പരിശുദ്ധൻ. (അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ). അവനിൽ പങ്കുചേർക്കുന്ന, അവനോട് ധിക്കാരം കാണിക്കുന്ന എല്ലാറ്റിൽനിന്നും അവനെ പരിശുദ്ധമാക്കുന്നതാണിത്.

24). (സ്രഷ്ടാവായ അല്ലാഹുവത്രെ അവൻ). സർവ സൃഷ്ടികളുടെയും. (നിർമാതാവ്) നിർമിക്കപ്പെട്ടവയുടെ. (രൂപം നൽകുന്നവൻ). രൂപപ്പെടുത്തപ്പെട്ടവർക്ക്. ഈ നാമങ്ങളെല്ലാം നിർണയം, നിയന്ത്രണം, സൃഷ്ടിപ്പ് എന്നിവയുമായി ബന്ധപ്പെട്ടതാണ്. ഇതിലെല്ലാം അല്ലാഹു ഏകനാണുതാനും. ഒരു പങ്കാളിയും അവനോടൊപ്പം പങ്കുചേരുന്നില്ല.

(അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്). തിട്ടപ്പെടുത്താനാവാത്തത്ര നാമങ്ങളുണ്ടവന്. അവനല്ലാതെ അവ അറിയുകയില്ല. അതോടൊപ്പം അവയെല്ലാം ഏറ്റവും ഉത്തമായതുമാണ്. അതായത് സമ്പൂർണ വിശേഷണങ്ങൾ വിശേഷണങ്ങളുടെ മഹത്ത്വത്തെയും പൂർണതയെയും അറിയിക്കുന്നു. അതിലൊന്നിലും ന്യൂനതയില്ല, ഒരു നിലയ്ക്കും. അല്ലാഹു ആ നാമങ്ങളിഷ്ടപ്പെടുന്നു എന്നതാണ് അതിന്റെ നന്മ. അവ ഇഷ്ടപ്പെടുന്നവരെ അവൻ ഇഷ്ടപ്പെടും. അത് ഇഷ്ടപ്പെടുകയും അതിനെ മുൻനിർത്തി പ്രാർഥിക്കുകയും ചെയ്യുന്ന അടിമകളെ അവൻ ഇഷ്ടപ്പെടുന്നു. അവന് ഉത്തമ നാമങ്ങളുണ്ടെന്നത് അവന്റെ പൂർണതയെ കുറിക്കുന്നതാണ്; അവന്റെ ഉന്നതവിശേഷണങ്ങളും. ആകാശ ഭൂമികളിലുള്ളവയെല്ലാം എപ്പോഴും അവനിലേക്ക് ആവശ്യമുള്ളവരാണ്. അവനെ സ്തുതിക്കുന്നതോടൊപ്പം അവനെ പ്രകീർത്തിക്കുകയും ചെയ്യുന്നു. അവരുടെ ആവശ്യങ്ങൾ അവർ അവനോട് ചോദിക്കുന്നു. അപ്പോൾ അവൻ അവന്റെ ഔദാര്യത്തിൽനിന്നും കാരുണ്യത്തിൽ നിന്നും അവന്റെ യുക്തിയും കരുണയും താൽപര്യപ്പെടുന്നത് നൽകുന്നു. (അവനത്രെ പ്രതാപിയും യുക്തിമാനും). അവനുദ്ദേശിക്കുന്നത് ഉണ്ടാകും. അവന്റെ യുക്തിയും താൽപര്യവുമനുസരിച്ചല്ലാതെ ഒന്നും ഉണ്ടാവുന്നില്ല.

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 18



# ഖത്തപ്പുരകെട്ടി ക്വുർആൻ ഓതൽ: പ്രമാണങ്ങൾ എന്ത് പറയുന്നു?

മരണാനന്തര കർമങ്ങളായി നബിﷺ പഠിപ്പിച്ച സുന്നത്തുകളെ പ്രോത്സാഹിപ്പിക്കാതെ വ്യത്യസ്തങ്ങളായ അനാചാരങ്ങളെ പ്രോത്സാഹിപ്പിച്ചും അവയ്ക്ക് ശ്രേഷ്ഠത കൽപിച്ചും മുൻഗണന നൽകിയും സമുദായത്തെ കബളിപ്പിക്കുന്നതിൽ മുൻപന്തിയിലുള്ളവരാണ് സമസ്തക്കാർ. മയ്യിത്തിന് കൂലി കിട്ടുമെന്ന് വിചാരിച്ചുള്ള യാസീൻ പാരായണം, മയ്യിത്ത് എടുക്കുമ്പോഴുള്ള കൂട്ടുപ്രാർഥനയും അൽഫാതിഹ വിളിയും, ജനാസയോടൊപ്പം പോകുമ്പോൾ ദിക്ർ ചൊല്ലൽ, മറമാടിയ ശേഷം മയ്യിത്തിന് തൽകീൻ ചൊല്ലിക്കൊടുക്കൽ, മൂന്ന്, ഏഴ്, നാൽപത്, ആണ്ട് എന്നിവ കഴിക്കൽ, ക്വബ്ർ കെട്ടിപ്പൊക്കൽ, അതിന്മേൽ എടുപ്പുണ്ടാക്കൽ എന്നിവ ഇവയിൽ പ്രധാനമാണ്.

മതമായി നബിﷺ കൊണ്ടുവന്നത് മാത്രമാണ് വിശ്വാസികൾ സ്വീകരിക്കേണ്ടത്. അല്ലാഹു പറയുന്നു: "...നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്" (ക്വുർആൻ 59:7).

ഇബ്നു കഥീർ(റഹി) പറഞ്ഞു: "അദ്ദേഹം എന്തൊന്ന് നിങ്ങളോട് കൽപിച്ചുവോ അത് നിങ്ങൾ ചെയ്യുക. അദ്ദേഹം എന്തൊന്ന് നിങ്ങൾക്ക് വിരോധിച്ചുവോ അത് നിങ്ങൾ വെടിയുകയും ചെയ്യുക. കാരണം അദ്ദേഹം നിങ്ങളോട് നന്മ മാത്രമെ കല്

പിക്കൂ. തിന്മ മാത്രമെ വിരോധിക്കൂ" (തഫ്സീർ ഇബ്നു കഥീർ/വാല്യം: 4).

അബൂഹുറയ്റ(റ)യിൽ നിന്ന്; നബി(ﷺ) പറഞ്ഞു: "ഞാൻ നിങ്ങളോട് ഏത് കാര്യം കൽപിച്ചാലും നിങ്ങൾക്ക് സാധിക്കുന്നത്ര അത് ചെയ്യുക. എന്തെങ്കിലും കാര്യം ഞാൻ നിങ്ങളോട് വിരോധിച്ചാൽ അത് നിങ്ങൾ വെടിഞ്ഞേക്കുക" (ബുഖാരി).

ക്വബ്റിനരികിൽ ഖത്തപ്പുരകെട്ടി അതിലിരുന്ന് നിർണിത ദിവസങ്ങളിൽ ക്വുർആൻ ഓതുക എന്ന ഏർപ്പാടിനെ മുസ്‌ലിയാക്കന്മാർ നബിചര്യ എന്ന പോലെയാണ് കണക്കാക്കുന്നത്. നബിചര്യയിലോ, സ്വഹാബത്തിന്റെ ജീവിതത്തിലോ ഇങ്ങനെയൊരു കാര്യം കാണുക സാധ്യമല്ല. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരും ഇത് മതത്തിന്റെ ഭാഗമായി പഠിപ്പിച്ചിട്ടില്ല.

സമസ്തയുടെ കുപ്രസിദ്ധമായ എട്ടാം പ്രമേയത്തിൽ അവരുടെ ആദർശമായി പഠിപ്പിക്കുന്ന കാര്യങ്ങളിൽ ചിലത് കാണുക: "മരിച്ചുപോയ മഹാത്മാക്കൾക്കും മറ്റു മുസ്‌ലിംകൾക്കും കൂലി ലഭിക്കാനായി ധർമം ചെയ്യൽ, കോഴി, ആട് മുതലായവ ധർമം ചെയ്യാൻ നേർച്ചയാക്കൽ, അവർക്കു വേണ്ടി ക്വബ്റിങ്ങൽവെച്ചും മറ്റും ക്വുർആൻ ഓതലും ഓതിപ്പിക്കലും..." (ഇവരെ എന്തുകൊണ്ട് അകറ്റണം? പേജ്: 14).

ക്വബ്റുകൾ കെട്ടിപ്പൊക്കി ആരാധനാകേന്ദ്രങ്ങളാക്കിയും അവിടെവെച്ച് ഇസ്‌ലാം വിരോധിച്ച കാര്യങ്ങൾ ചെയ്തും കാലം കഴിക്കുന്ന ശിയാക്കളിൽ നിന്ന് മുസ്‌ലിയാക്കന്മാർ ഇറക്കുമതി ചെയ്തതാണിതെല്ലാം. ക്വബ്റുകൾ എങ്ങനെയാകരുതെന്ന് ഇസ്‌ലാം പറഞ്ഞതിനെ പൂർണമായും നിഷേധിക്കുന്ന സ്വഭാവമാണ് ഇവർ പ്രകടിപ്പിക്കുന്നത്.

ജാബിറി(റ)ൽനിന്ന് നിവേദനം: "ക്വബ്റിന്മേൽ കുമ്മായമടിക്കുന്നതും അതിന്മേൽ ഇരിക്കുന്നതും അത് കെട്ടിയുയർത്തുന്നതും നബി(ﷺ) വിരോധിച്ചിരിക്കുന്നു" (മുസ്‌ലിം).

എന്റെ ക്വബ്ർ ആരാധനാലയമാക്കരുതെന്ന് നബി(ﷺ) പ്രാർഥിച്ചതും തന്റെ അനുചരന്മാരെ ഈ കാര്യത്തിൽ അദ്ദേഹം ഉദ്ബുദ്ധരാക്കിയതും നാം കാണാതിരുന്നുകൂടാ.

പഴയകാല ഖത്തപ്പുര സമ്പ്രദായത്തെ ഓർത്തും പുതിയ കാലത്ത് അധികപേരും അതിനെ ഒഴിവാക്കുന്നതിൽ സങ്കടപ്പെട്ടും സമസ്ത മുസ്‌ലിയാക്കന്മാരിലെ മുഖ്യൻ പറയുന്നത് കാണുക:

"അങ്ങനെ ഉപ്പ മരിച്ചപ്പോൾ ഖബറിനടുത്ത് ഖത്തപ്പുര കെട്ടി ഖുർആൻ ഓതിച്ചു. അന്ന് 15 രൂപയാണ് ഓതുന്നവർക്ക് ഹദ്‌യ കൊടുത്തിരുന്നതെങ്കിലും ഞാൻ പറഞ്ഞതനുസരിച്ച് ജ്യേഷ്ഠൻ കുഞ്ഞിപ്പ 40 രൂപ കൊടുത്തു. എന്റെ ഭാര്യ മറിയം അന്ന് ഗർഭിണിയാണ്. ആൺകുട്ടിയാണെങ്കിൽ ഉപ്പയുടെ പേര് വിളിക്കണമെന്ന് ഉപ്പ എന്നോട് പറഞ്ഞിരുന്നു. അതനുസരിച്ച് മൂത്തകുട്ടിക്ക് അബ്ദുറഹ്മാൻ എന്ന് പേരിട്ടു. ഉമ്മ മരിച്ചപ്പോഴും ഏഴ് ദിവസം ഖത്തപ്പുര കെട്ടി. ഉമ്മയുടെ സ്വർണാഭരണങ്ങൾ വിറ്റാണ് ചടങ്ങുകളെല്ലാം നടത്തിയത്. ഞങ്ങളാരും സ്വർണം ഓഹരിയെടുത്തില്ല. അതൊക്കെ ഉമ്മയുടെ പരലോക ഗുണത്തിനായി ചെലവാക്കി. സാമ്പത്തികമായി മെച്ചമില്ലാത്ത അന്നൊക്കെ ഖത്തപ്പുരകൾ എങ്ങും സജീവമായിരുന്നു. ഇന്ന് പണമുള്ളവരും അത്തരം നന്മകളിൽ സജീവമല്ലെന്നത് ഖേദകരമാണ്" (സുന്നിവോയ്സ്, 2020 ഒക്ടോബർ 1-15, പേജ്: 10).

ഈ അനാചാരം പുരോഹിതന്മാർക്ക് വരുമാനം കണ്ടെത്താനുള്ള തൊഴിലാണെന്നത് ഇതിൽ നിന്നുതന്നെ വ്യക്തമാണ്. കൂലി നൽകി ചെയ്യിപ്പിക്കേണ്ട കർമങ്ങളല്ല ഇസ്‌ലാമിലെ ആരാധനകളെന്നും നിഷ്‌കളങ്കമായി പ്രവർത്തിക്കുന്നതിനാണ് പരലോകത്ത് പ്രതിഫലം കിട്ടുകയെന്നുമുള്ള സാമാന്യ ബോധം പോലും ഇവർക്കില്ലേ?

ഖത്തപ്പുര കെട്ടി ഓതുന്നതിനെ മുസ്‌ലിയാർ നന്മയാക്കിയതിന്റെ അടിസ്ഥാനമെന്താണ്? അല്ലാഹുവിന്റെ കൽപനയും നബിചര്യയുമാണല്ലോ ഒരു കാര്യം നന്മയാകാനുള്ള നിബന്ധനകൾ. നബി(ﷺ) മക്കളുടെയോ, ഭാര്യയായ ഖദീജ(റ)യുടെയോ, തന്റെ അനുചരന്മാരിൽ ആരുടെയെങ്കിലുമോ മരണ ശേഷം ദീനാറോ, ദിർഹമോ നൽകി ഇങ്ങനെ ഒരു കർമം നടത്തിയതായി തെളിവുണ്ടോ? അത് മഹത്തായ ഒരു പുണ്യകർമമാണെങ്കിൽ അവർ അത് ചെയ്യാതെപോകുമോ?

ദൃഢവിശ്വാസത്തിന്റെയും വ്യക്തമായ പ്രമാണങ്ങളുടെയും അറിവിന്റെയും വെളിച്ചത്തിൽ ഇത്തരം ബിദ്അത്തുകളിൽനിന്ന് സമുദായത്തെ മോചിപ്പിക്കാൻ ശ്രമിക്കുമ്പോൾ അതിനെ സമുദായത്തിൽ വേരുറപ്പിക്കുവാൻ കഠിനമായി പരിശ്രമിക്കുന്നവർ മതത്തെ പരിഹസിക്കുകയല്ലേ ചെയ്യുന്നത്?

അല്ലാഹു പറയുന്നു: "തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള സ്പഷ്ടമായ തെളിവനുസരിച്ച് നിലകൊള്ളുന്ന ഒരാൾ സ്വന്തം ദുഷ്പ്രവൃത്തി അലംകൃതമായി തോന്നുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്ത ഒരുവനെ പോലെയാണോ?" (ക്വുർആൻ 47:14).

ഖത്തപ്പുര കെട്ടി അതിലിരുന്ന് ക്വുർആൻ ഓതുന്നതിന്റെ മതവിധി എന്താണെന്നു പറയാൻ ഇവർക്കുതന്നെ കഴിയുന്നില്ല: "ക്വബ്റിന്നു സമീപം ക്വുർആൻ പാരായണം ചെയ്യൽ പുണ്യമാണ്. തണലിനുവേണ്ടി മാത്രം ക്വബ്റിൻമേൽ പുര കെട്ടൽ കറാഹത്താ(വെറുക്കപ്പെട്ടത്)ണ്. എന്നാൽ ദുആ (പ്രാർഥന) ചെയ്യുന്നവർക്ക് പ്രസ്തുത പുര കറാഹത്തില്ല" (ശർവാനി 3:197).

ഖത്തപ്പുരയിലിരുന്ന് ക്വുർആൻ ഓതുന്നവർ കൂലിപ്പണിക്കാർ മാത്രം! അവർക്ക് ജമാഅത്ത് നമസ്കാരത്തെക്കൾ പ്രധാനം ഈ കൂലിപ്പണിയാണ്. ഇതിന്റെ കൂലി ഇവിടെനിന്നുതന്നെ കിട്ടുമല്ലോ!

"ഖത്തപ്പുരയിലോതുന്നവൻ കൂലിപ്പണിക്കാരായതിനാൽ ജമാഅത്ത് നിസ്കാരത്തിൽ സംബന്ധിക്കേണ്ടതില്ല. ജുമുഅ നിർബന്ധമാണ് (തുഹ്ഫ 2:406)" (അഹ്ലുസ്സുന്നത്തി വൽജമാഅ, റിയാസ് ഫൈസി വെള്ളില, പേജ്: 25).

ഏതൊരു വിഷയത്തിന്റെയും നിജസ്ഥിതി എന്തെന്ന് മൂലപ്രമാണങ്ങളിൽനിന്ന് കണ്ടെത്താൻ ശ്രമിക്കാതെ അന്ധമായി അനുകരിക്കണമെന്നു പറയുന്ന പണ്ഡിതാഭിപ്രായങ്ങളിൽ മാത്രം അള്ളിപ്പിടിച്ച് ജീവിക്കുക എന്നത് വിശ്വാസികൾക്ക് ഭൂഷണമല്ല. വ്യക്തമായ പ്രമാണങ്ങളുണ്ടെങ്കിലും അതിനെ അംഗീകരിക്കാൻ തയ്യാറാകാതെ, ഞങ്ങൾക്കെല്ലാം അറിയാം എന്ന് നടിക്കുന്നത് നാശത്തിന്റെ കവാടം തുറക്കലാണ്.

"അങ്ങനെ അവരിലേക്കുള്ള ദൂതൻമാർ വ്യക്തമായ തെളിവുകളുംകൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവരുടെ പക്കലുള്ള അറിവുകൊണ്ട് അവർ തൃപ്തിയടയുകയാണ് ചെയ്തത്. എന്തൊന്നിനെപ്പറ്റി അവർ പരിഹസിച്ചിരുന്നുവോ അത് (ശിക്ഷ) അവരെ വലയം ചെയ്യുകയുമുണ്ടായി'. (ക്വുർആൻ 40:83).

ക്വബറിങ്കൽവെച്ച് ക്വുർആൻ ഓതരുതെന്നും അവിടെ പാലിക്കേണ്ട മര്യാദകളെന്തെന്നും നബിﷺയുടെ അധ്യാപനങ്ങളിൽനിന്ന് വ്യക്തമാണ്.

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബിﷺപറഞ്ഞു: "നിങ്ങളുടെ വീടുകളെ നിങ്ങൾ ക്വബ്റിടങ്ങളാക്കരുത്. സൂറത്തുൽ ബക്വറ പാരായണം ചെയ്യപ്പെടുന്ന വീട്ടിൽനിന്ന് പിശാച് വിരണ്ടോടും" (മുസ്ലിം).

ക്വബ്ർ സന്ദർശനവേളയിൽ ക്വബ്റാളികൾക്ക് സലാം പറഞ്ഞ് പ്രവേശിക്കണമെന്നും മരണത്തെയോർക്കണമെന്നും മയ്യിത്തിനുവേണ്ടി അല്ലാഹുവിനോട് തേടിയും പ്രാർഥിക്കണമെന്നുമാണ് മതം പഠിപ്പിക്കുന്നത്.

അബ്ദുല്ലാഹിബ്നു അബൂബക്റി(റ)ന്റെ ക്വബ്റിന്മേൽ (തണലിനായി) ചെറിയ കൂര കെട്ടിയുണ്ടാക്കപ്പെട്ടതായി ഇബ്നു ഉമർ(റ) കണ്ടപ്പോൾ അത് എടുത്തു മാറ്റാൻ അദ്ദേഹം കൽപിച്ചതുംഅദ്ദേഹത്തിന് അദ്ദേഹത്തിന്റെ പ്രവൃത്തിതന്നെ തണലാകുമെന്ന് പറഞ്ഞതും ഇമാം ബുഖാരി കിതാബുൽ ജനാഇസിൽ ഉദ്ധരിച്ചതായി കാണാം.

അബൂഹുറയ്റ(റ), അബൂസഈദുൽ ഖുദ്രി(റ) എന്നിവർ മരണസമയത്ത് തങ്ങളുടെ ക്വബ്റിന്മേൽ തണലിനായി ചെറുകൂരകൾ കെട്ടരുതെന്ന് പ്രത്യേകം വസ്വിയ്യത്ത് നൽകിയത് ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിത്തരുന്നു. ക്വബ്റിങ്കലിരുന്ന് കൂലിക്കോ അല്ലാതെയോ ക്വുർആൻ പാരായണം ചെയ്യുന്ന സമ്പ്രദായം അവർക്ക് അജ്ഞാതവുമായിരുന്നു.

നാല് മദ്ഹബുകളുടെ ഇമാമുമാരും ഈ വിഷയത്തിൽ ഏകാഭിപ്രായക്കാരാണ്. അബൂ ഹനീഫ(റഹി)യുടെ നിലപാടിനെ സംബന്ധിച്ച് ഇമാം ഇബ്നു അബിൽഹിസ്സ് അൽ നഫി(റഹി) തന്റെ ശറഹുൽ അക്വീദതിത്ത്വഹാവിയ്യയിൽ പറഞ്ഞത് 'ഇത് പുതുതായി ഉണ്ടാക്കപ്പെട്ടതാണ്, നബിചര്യയിൽ അങ്ങനെ വന്നിട്ടില്ല' എന്നാണ്. ഇബ്നുൽ ഹാജ് അൽമാലികി(റഹി) പറഞ്ഞു: "അബൂ മുഹമ്മദ്(റഹി) പറഞ്ഞത് ഞാൻ കേട്ടു: 'നിശ്ചയം, ക്വബ്റിങ്കൽ ക്വുർആൻ ഓതൽ പുത്തനാചാരമാണ്; നബിചര്യയല്ല. മാലികി മദ്ഹബിന്റെ വീക്ഷണം അത് നിഷിദ്ധമെന്നാണ്" (അൽമദ്ഖൽ).

'മനുഷ്യന് താൻ പ്രയത്നിച്ചല്ലാതെ മറ്റൊന്നുമില്ല' എന്ന സൂറതുന്നജ്മിലെ 39ാം വചനത്തെ വിശദീകരിച്ച് ശാഫിഈ പണ്ഡിതനായ ഇബ്നു കഥീർ(റഹി) പറയുന്നു: 'ഈ പരിശുദ്ധമായ ആയത്തിൽ നിന്നാണ് ഇമാം ശാഫിഈയും അദ്ദേഹത്തെ പിൻപറ്റിയവരും മയ്യിത്തിനു വേണ്ടി ക്വുർആൻ ഓതി ഹദ്‌യ ചെയ്താൽ അതിന്റെ പ്രതിഫലം അവർക്ക് എത്തുകയില്ലെന്ന് ഗവേഷണത്തിലൂടെ മതവിധി മനസ്സിലാക്കിയത്. കാരണം അത് അവരുടെ (മരിച്ചവരുടെ) പ്രവർത്തനമോ സമ്പാദ്യമോ അല്ല.നബിﷺ ഈ കാര്യം സമുദായത്തിന് സുന്നത്താക്കുകയോ ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യക്തമായ സൂചന മുഖേനയും പ്രേരിപ്പിച്ചിട്ടില്ല. അത് നന്മയാണെങ്കിൽ അതിലേക്കവർ മുൻകടക്കുമായിരുന്നു. ഇപ്രകാരം സ്വഹാബികളിൽപ്പെട്ട ഒരാളിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടുമില്ല" (തഫ്സീർ ഇബ്നു കഥീർ).

ഇമാം അബൂദാവൂദ്(റഹി) തന്റെ മസാഇലിൽ പറയുന്നു: "ഇമാം അഹ്മദ്(റ) ക്വബ്റിന്നടുക്കൽ ക്വുർആൻ പാരായണം ചെയ്യുന്നതിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അത് പാടില്ലെന്ന് അദ്ദേഹം പറഞ്ഞത് ഞാൻ കേട്ടു."

മയ്യിത്തിനുവേണ്ടി, ജീവിച്ചിരിക്കുന്നവർ ചെയ്യേണ്ട ബാധ്യതകളെ വിസ്മരിപ്പിക്കും വിധമാണ് പുത്തനാചാരങ്ങളുടെ അതിപ്രസരം. ഇതെല്ലാം ശിർക്കിലേക്ക് നയിക്കുന്ന കാരണങ്ങൾ കൂടിയാണ്. പ്രമാണങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുക എന്നത് കഠിന ശിക്ഷക്ക് കാരണമാകും.

അല്ലാഹു പറയുന്നു: "അവർ അല്ലാഹുവോടും അവന്റെ ദൂതനോടും എതിർത്തു നിന്നതിന്റെ ഫലമത്രെ അത്. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും എതിർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്" (ക്വുർആൻ 8:13).

പി.എൻ സോമൻ
mail@nerpatham.com



ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം 2



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

ദുർവാസാവ് എന്നൊരു മഹർഷിയുണ്ട്. അദ്ദേഹം വളരെ കോപിഷ്ഠനാണ്, ധൃതിക്കാരനാണ്. ഒരിക്കൽ ഈ മഹർഷി ബ്രഹ്മാവിനെ നേരിൽകണ്ടു ഏതോ വരം ചോദിക്കുവാൻ സ്വർഗലോകത്തു ചെന്നു. ബ്രഹ്മദേവൻ തപസ്സിലായിരുന്നതിനാൽ ദുർവാസാവിന്റെ ആഗമനം ശ്രദ്ധിച്ചില്ല. കുറെനേരം കാത്തുനിന്നിട്ടും ബ്രഹ്മാവ് പരിഗണിക്കാതിരുന്നപ്പോൾ ദുർവാസാവ് കോപിഷ്ഠനായി ബ്രഹ്മാവിനെ ശപിക്കുകയാണ്– അതും കൊടു ശാപം! ‘എന്റെ ആഗമനം ഇതുവരെ ശ്രദ്ധിക്കാതിരുന്ന താങ്കളെ നാം ശപിക്കുന്നു. ഭൂമിലോകത്ത് ഒരിടത്തും താങ്കളെ വച്ച് ആരാധിക്കാൻ ക്ഷേത്രങ്ങൾ ഉണ്ടാകാതെ പോകട്ടെ.’ ശാപം ഫലിച്ചോ എന്ന് എനിക്കറിയില്ല. ഭൂമിയിൽ എവിടെയെങ്കിലും ബ്രഹ്മക്ഷേത്രം ഉണ്ടോ എന്ന് അന്വേഷിച്ചിട്ടില്ല. ഈ സംഭവം നടന്നതാണെങ്കിൽ ഇവിടെ ആരാണ് ശക്തൻ? സ്രഷ്ടാവോ സൃഷ്ടിയോ?

ശ്രീകൃഷ്ണൻ ഭക്തർക്ക് ഭഗവാനാണ്, ആരാധ്യനാണ്. എന്നാൽ ആ 'ഭഗവാന്റെ' അന്ത്യത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയുമ്പോൾ സംശയമുണ്ടാവുക സ്വാഭാവികം.

ശ്രീകൃഷ്ണൻ മരത്തിന്റെ മുകളിൽ കാൽ ചലിപ്പിച്ചുകൊണ്ടിരുന്നു. പച്ചിലകൾക്കുള്ളിൽ ഏതോ പക്ഷിയാണെന്നു കരുതി കാട്ടാളൻ (ആദിവാസി) അമ്പ് എയ്തുവിട്ടു. 'ഭഗവാന്റെ' പെരുവിരലിൽ അമ്പ് തറച്ചു, അങ്ങനെ മൃത്യു വരിച്ചു.

ഇത് സംഭവിച്ചതാണെങ്കിൽ ആരാണ് ശക്തൻ? ദൈവമോ, സൃഷ്ടിയായ മനുഷ്യനോ? സംഹാരമൂർത്തിയായ മഹാദേവനെ (ശിവൻ) ഭസ്മാസുരൻ എന്ന ഭക്തൻ കാലങ്ങളോളം തപസ്സു ചെയ്ത് പ്രത്യക്ഷപ്പെടുവിച്ചു. എന്തു വരദാനമാണ് വേണ്ടതെന്ന് ചോദിച്ചു കൊള്ളുക.

ഭസ്മാസുരൻ ചോദിച്ചത് ഞാൻ തൊടുന്നതെന്നും ഭസ്മമായിപ്പോകണം എന്ന വരമായിരുന്നു. 'ഭഗവാൻ' വരാൻ പോകുന്ന അപകടങ്ങൾ ഗ്രഹിക്കാതെ വരം നൽകുന്നു. ഇരുവരും പിരിയും മുമ്പ് ഭസ്മാസുരൻ ചിന്തിച്ചു. ഭഗവാൻ വരദാനം നൽകിയിട്ടുണ്ടോ? ഒന്നു പരീക്ഷിച്ച് ഉറപ്പു വരുത്താം. ഭഗവാനിൽ തന്നെ സ്പർശിച്ചു നോക്കാനായി അടുത്തു ചെന്നപ്പോൾ 'ഭഗവാൻ' അതാ ജീവരക്ഷാർഥം ഓടി രക്ഷപ്പെടുന്നു! ഇവിടെ ഭഗവാനോ, സൃഷ്ടിയോ ആരാണു ശക്തൻ?

ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ (പ്രപഞ്ച നിലനിൽപിന്റെ ശക്തമായ മർമങ്ങൾ എന്നു വിശേഷിപ്പിക്കപ്പെടുന്നവർ) എന്നീ ത്രിമൂർത്തികൾ സംഭവിക്കാൻ പോകുന്ന വിപത്തുകൾ മുൻകൂട്ടി അറിയുന്നതിനോ സ്വയം രക്ഷപ്പെടുന്നതിനോ പ്രാപ്തരല്ലെന്നും എന്നാൽ അവരിൽ കൂടുതൽ ശക്തരായിട്ടുള്ളത് സൃഷ്ടികളാണെന്നും വിശ്വസിക്കേണ്ടിവരുമ്പോൾ ശക്തനായ മറ്റൊരു ഈശ്വരനെ അന്വേഷിക്കേണ്ടതുണ്ടോ?

ഞാൻ കേരളത്തിലെയും ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെയും പല ക്ഷേത്രങ്ങളിലും പോയി ഈശ്വരാരാധനകൾ മനസ്സിലാക്കിയിട്ടുണ്ട്. ചില ക്ഷേത്രങ്ങളിൽ ദേവന് (പ്രതിഷ്ഠ) അടുത്തുനിന്ന് ദർശിക്കണമെങ്കിൽ 100 മുതൽ 500 വരെ രൂപ ഫീസ് കൊടുക്കേണ്ടിവരും. ഓരോ ദേശത്തും ദേശത്തിന്റെ പേരോടുകൂടിയ ദേവീദേവന്മാർ, പല രൂപത്തിലും ഭാവത്തിലും! ചില പ്രതിഷ്ഠകൾ ദർശിക്കുമ്പോൾ ഉള്ളിൽ ഭയം തോന്നും. നാക്ക് പുറത്തേക്ക് നീട്ടിയിട്ട്, രക്തം തുളുമ്പും പോലെ കണ്ണ് തുറിച്ചത്. ചില പ്രതിഷ്ഠകളെ കഴുത്തിൽ മനുഷ്യന്റെ തലയോട്ടികൾ കോർത്ത മാലയണിഞ്ഞും കൈയിൽ വാൾ ഉയർത്തിപ്പിടിച്ചും കാണാം!

ചില ക്ഷേത്രങ്ങളിൽ ആന, കാള, പശു, ഗരുഡൻ, മയിൽ തുടങ്ങിയ പ്രതിഷ്ഠകളും ഈശ്വരസ്ഥാനത്തു കാണാം. അതേപോലെ അത്ഭുതമായ ജാലവിദ്യകൾ കാണിക്കുന്ന മനുഷ്യരും പാട്ടുകാരും സിനിമാ നടൻ-നടിമാരുമൊക്കെ പൂജിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നു.

ഒരു ദേശത്തുള്ള ആരാധനാമൂർത്തിക്ക് അടുത്ത ദേശത്തോ, അടുത്ത ഗ്രാമത്തിലോ യാതൊരു പ്രസക്തിയുമില്ല. അവിടെ വേറെ ദൈവസങ്കൽപം.

ഹൈന്ദവ വിശ്വാസമനുസരിച്ചുള്ള ദേവീദേവന്മാരെക്കുറിച്ച് എനിക്ക് അവിശ്വാസമോ അഭിപ്രായ വ്യത്യാസമോ ഇല്ലായിരുന്നു. പക്ഷേ, സർവവ്യാപിയായ ഈശ്വരന്റെ സ്ഥാനത്ത് ഉൾക്കൊള്ളാൻ കഴിയില്ലെന്നു മാത്രം.

### വിഷപ്പാമ്പും ഞാനും

ഏതൊന്നിൽനിന്നും മനുഷ്യർ പേടിയും ഉപദ്രവവും ഉണ്ടാകുമെന്ന് ഭയപ്പെടുന്നുവോ, ആയതിന് ആരാധനമൂർത്തിയെ നിശ്ചയിക്കുന്ന ഒരു ബലഹീനത മനുഷ്യരിൽ ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കാം. എന്റെ അനുഭവത്തിലുള്ള ഒരു സംഭവം സാക്ഷി. ഞങ്ങളുടെ ഊരിൽ അഞ്ചുപേർ വിഷസർപ്പത്തിന്റെ കടിയേറ്റു മരിച്ചിട്ടുള്ളത് നേരിട്ടു കണ്ടിട്ടുണ്ട്. എനിക്ക് 15-17 വയസ്സ് പ്രായമുള്ളപ്പോൾ ഉപജീവനത്തിനായി വനത്തിൽ പോയപ്പോൾ രണ്ടു തവണ വിഷപ്പാമ്പ് എന്നെ കടിച്ചിട്ടുണ്ട്. രണ്ടാം തവണ മരണത്തെ മുഖാമുഖം കണ്ടിരുന്നു. ഇന്നത്തെപ്പോലെ വിദഗ്ധ ചികിത്സയൊന്നും അന്നില്ലായിരുന്നു. ഊരു ചികിത്സ ഫലിക്കാതെ വന്നപ്പോൾ നാട്ടിൻപുറത്തുള്ള നാട്ടു വിഷചികിത്സാവൈദ്യന്റെ വീട്ടിൽ ചുമന്നു കൊണ്ടുപോയി രണ്ടാഴ്ച ചികിത്സിച്ചു സുഖപ്പെടുത്തി.

എന്നാൽ നാട്ടുവൈദ്യന്റെ മുന്നറിയിപ്പ്; 20 വയസ്സിനുള്ളിൽ ഒരു വിഷസർപ്പത്തിന്റെ കടിയേറ്റ് മരിക്കും. സൂക്ഷിച്ചുകൊള്ളുക!

ഈ മുന്നറിയിപ്പിൽ മാതാപിതാക്കളും സഹോദരങ്ങളും സങ്കടത്തിലായി. മാതാവിന്റെ കണ്ണീരും തേങ്ങലും കൂടി കണ്ടപ്പോൾ ഞാൻ അസ്വസ്ഥനായി. നോക്കുന്നതും കേൾക്കുന്നതും കാണുന്നതും എല്ലാം പാമ്പ് എന്ന തോന്നൽ. ദിവസങ്ങൾ കഴിയുംതോറും മരണം അടുത്തുവരികയായെന്ന ചിന്താഭാരവുമായി ഒരു യാത്ര പോയി. ബസ്സ് ഇറങ്ങിയ സ്റ്റാന്റിൽ അനേകം ഫോട്ടോകൾ നിരത്തിവച്ചു വിൽപന നടത്തുന്നു.

ഞാൻ ഫോട്ടോകളിലെല്ലാം ഒന്നു കണ്ണോടിച്ചു. ഒരുഫോട്ടോ കണ്ടപ്പോൾ ഉള്ള് ഒന്നു ഞെട്ടി. പത്തി വിടർത്തി കഴുത്തിൽ ചുറ്റി നിവർന്നുനിൽക്കുന്ന വിഷസർപ്പം! നെഞ്ചകം പടപടാ അടിക്കുകയാണ്. അധികം ചിന്തിച്ചില്ല. 30 രൂപ കൊടുത്തു ആ ഫോട്ടോ വാങ്ങി. ഇവനെന്റെ കൊലയാളിയാണ്. ഇവനെ ഭയന്നിട്ടു കാര്യമില്ല. ഇവനെ സ്നേഹിച്ചു പ്രീതിപ്പെടുത്തി പൂജിക്കാം. അപ്പോൾ സർപ്പം ചുറ്റിക്കിടക്കുന്ന 'ഭഗവാനെ' കുറിച്ചുപോലും ചിന്തിച്ചില്ല.

ഫോട്ടോ വീട്ടിൽ കൊണ്ടുവന്നു, പ്രത്യേക വിളക്കും ഉണ്ടാക്കി. വിളക്കും വിലകൂടിയ സുഗന്ധങ്ങളും പാലും പഴങ്ങളും വച്ച് ദിവസവും സന്ധ്യക്കും വെളുപ്പിനും മുടങ്ങാതെ പൂജയും ആരാധനയും തുടങ്ങി. കുടുംബക്ഷേത്ര സ്വാമിയുടെ (അമ്മാവൻ) നിർദേശ പ്രകാരം വെള്ളിയാഴ്ച ദിവസങ്ങളിൽ സർപ്പത്തിനായി ഓരോ കോഴിമുട്ടയും മുകൾഭാഗം പൊട്ടിച്ചുവയ്ക്കുമായിരുന്നു. അങ്ങനെ വർഷങ്ങൾ കടന്നുപോയി.

25 വയസ്സായപ്പോൾ ദുരന്തം ഒഴിവായതായി വിശ്വസിച്ചു. ഒരിക്കൽ വീടിനുള്ളിൽ കയറിയ മൂർഖൻ പാമ്പിനെ വീട്ടുകാർ തല്ലിക്കൊന്നു. വിവരമറിഞ്ഞെത്തിയ ഞാൻ വീട്ടുകാരോട് എതിർക്കുകയും വളരെ ദുഃഖഭാരത്തോടുകൂടി ചത്തപാമ്പിനെ പാലിൽ കുളിപ്പിച്ചു, തുളസിപ്പൂവിലും ഇലയിലും പൊതിഞ്ഞു മറവ് ചെയ്തു.

ഈ സമയം, മുമ്പ് ആരാധിച്ചും പൂജിച്ചും വിശ്വസിച്ചിരുന്ന സകല മലദൈവങ്ങളെയും മൂർത്തികളെയും ഉപേക്ഷിച്ച് തികഞ്ഞ ഒരു ശിവഭക്തനായി ഞാൻ മാറി. കാണുന്നതും ചെയ്യുന്നതും സത്യങ്ങളാണെന്നു വിശ്വസിക്കുകയല്ലാതെ മറ്റു വഴികളില്ലല്ലോ! സത്യങ്ങളും അസത്യങ്ങളും വേർതിരിക്കാനുള്ള വിദ്യാഭ്യാസമോ, അറിവോ, പാണ്ഡിത്യമോ ഇല്ലായിരുന്നു.

കുറുമ്പന്റെ പിൻതലമുറയിൽപ്പെട്ട കുറുമ്പൻമൂഴി ഊരുഗ്രമാത്തിലുള്ള ഊരുവാസികൾ കൈമാറി വരുന്ന ഒരു വിശ്വാസ, ആചാരം കൂടി സൂചിപ്പിക്കേണ്ടതുണ്ട്.

### പരമ്പരാഗത വിശ്വാസം

പരമ്പരാഗത വിശ്വാസം അപ്പടി പറയുകയാണ്: 99 മലകൾ കൂടിച്ചേർന്നതാണ് ശബരിമല. ഒന്നാമത്തെ മലയാണ് തലപ്പാറമല. ശബരിമലയിൽ ശ്രീഅയ്യപ്പസ്വാമി കുടികൊള്ളുന്ന കാലം മുതൽ 99 മലമൂപ്പന്മാരിൽ ഒന്നാം മല തലപ്പാറ മലമൂപ്പനും ശ്രീ അയ്യപ്പസ്വാമിയുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു.

വിശ്വാസപരമായ ആചാരാനുഷ്ഠാനം ഒരിക്കലും മുറിഞ്ഞുപോകാത്ത കണ്ണിയായി ബന്ധപ്പെട്ടു കിടക്കുന്നു.

1. തലപ്പാറമല - മലദേവൻ - വീരകേളൻ വില്ലാളി (മുനി)

> **ഞാൻ കേരളത്തിലെയും ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെയും പല ക്ഷേത്രങ്ങളിലും പോയി ഈശ്വരാരാധനകൾ മനസ്സിലാക്കിയിട്ടുണ്ട്. ചില ക്ഷേത്രങ്ങളിൽ ദേവന് (പ്രതിഷ്ഠ) അടുത്തുനിന്ന് ദർശിക്കണമെങ്കിൽ 100 മുതൽ 500 വരെ രൂപ ഫീസ് കൊടുക്കേണ്ടിവരും. ഓരോ ദേശത്തും ദേശത്തിന്റെ പേരോടുകൂടിയ ദേവീദേവന്മാർ, പല രൂപത്തിലും ഭാവത്തിലും! ചില പ്രതിഷ്ഠകൾ ദർശിക്കുമ്പോൾ ഉള്ളിൽ ഭയം തോന്നും. നാക്ക് പുറത്തേക്ക് നീട്ടിയിട്ട്, രക്തം തുളുമ്പും പോലെ കണ്ണ് തുറിച്ചത്. ചില പ്രതിഷ്ഠകളെ കഴുത്തിൽ മനുഷ്യന്റെ തലയോട്ടികൾ കോർത്ത മാലയണിഞ്ഞും കൈയിൽ വാൾ ഉയർത്തിപ്പിടിച്ചും കാണാം!**

2. ഉടുമ്പാറമല - മലദേവൻ - കുഞ്ഞനന്തമുനി (ഋഷി)

3. കൊട്ടതട്ടിമല - മലദേവൻ - കൊച്ചുകുഞ്ഞു കുറുപ്പുനി (ഋഷി)

4. തേവർ മല - മലദേവൻ - തേവർ മുനി (ഋഷി)

5. നമ്പൻമ്പറ മല - മലദേവൻ - നമ്പൻ മുനി (ഋഷി)

6. നീലിമല - നിലിദേവിയമ്മ.

7. ശബരിമല - ശ്രീ അയ്യപ്പസ്വാമി.

എന്നിങ്ങനെ 99 മലകളും മലദേവന്മാരും കണ്ണികളായി നിലകൊള്ളുന്ന ആചാരാനുഷ്ഠാനങ്ങൾ നിലനിന്നുവരുന്നതായി മനസ്സിലാക്കാവുന്നതാണ്.

ഒന്നാം മലയുടെ അധിപൻ വില്ലാളി വീരൻ കേളന്റെ പിൻതലമുറയിൽപ്പെട്ട കുറുമ്പനും പത്നി ചക്കിയും. 150 വർഷങ്ങൾക്ക് മുമ്പ് (1865ൽ) പമ്പാനദിയുടെ തീരത്ത് ആറും തോടും സന്ധിക്കുന്ന സ്ഥലത്ത് താമസിച്ചതിന്റെ പിൻതുടർച്ചയാണ് കുറുമ്പൻ മൂഴി എന്ന എന്റെ ഊര്.

**കുറുമ്പന്റെ പിൻതലമുറയിൽപ്പെട്ട പിൻഗാമികൾ:**

1. രാമനപ്പൻ - കൊച്ചുവേലൻ വിളിപ്പേര്.

2. രാമൻ കേളൻ.

3. രാമൻ രാഘവൻ.

4. രാമൻ തങ്കപ്പൻ (സ്വന്തം അമ്മാവൻ).

5. രാമൻ ഗോപാലൻ (സ്വന്തം അമ്മാവൻ).

ഈ മലവില്ലാളി മൂപ്പന്മാരുമായി ഞാൻ ഇടപഴകി ജീവിച്ചിട്ടുണ്ട്.

ഇവർ ശബരിമല ശ്രീ അയ്യപ്പസ്വാമിയുമായി കണ്ണികളായി തുടർന്നുപോരുന്ന പൂർവചരിത്രം കൂടി മനസ്സിലാക്കിയെങ്കിലേ ഈ വിഷയം പൂർണമാവുകയുള്ളൂ.

പന്തളം രാജകൊട്ടാരത്തിൽ വളർന്ന ശ്രീ അയ്യപ്പസ്വാമിയെ യുവരാജാവായി അഭിഷേകം ചെയ്യാൻ ഉടയാഭരണങ്ങൾ വാങ്ങി സ്ഥാനാരോഹണം ചെയ്യുന്നതിന് രാജരാജവർമ തമ്പുരാൻ മുഹൂർത്തം കുറിച്ചു കാത്തിരിക്കുമ്പോൾ ശ്രീ അയ്യപ്പസ്വാമി രാജാവിനെ (പിതാവ്) തന്റെ ആഗ്രഹം അറിയിക്കുന്നു:

'പിതാവേ, എന്റെ നിയോഗം രാജ്യഭരണമല്ല; വനവാസമാണ്. എന്നെ ശബരിമലയിലേക്ക് യാത്ര ചെയ്യാൻ അനുവദിച്ചാലും.'

12 വയസ്സുള്ള ബാലനായ അയ്യപ്പസ്വാമിയെ ഘോരവനത്തിലേക്ക് ഒറ്റക്ക് അയക്കുന്നതെങ്ങനെ? രാജാവ് ധർമസങ്കടത്തിലായിരിക്കുമ്പോൾ ഒരു രാത്രി മലദേവന്മാരെ (മൂപ്പർ) രാജാവിന് സ്വപ്ന ദർശനമുണ്ടായി. വനാന്തരങ്ങളിൽ വസിക്കുന്ന മലമൂപ്പന്മാരെ രാജകൊട്ടാരത്തിൽ കൊണ്ടുവരാൻ രാജകൽപന ഉണ്ടായി. പടയാളികൾ വനാന്തരങ്ങളിൽ ചെന്ന് മലമൂപ്പന്മാരെ രാജകൽപന അറിയിക്കുന്നു. വിവരമറിഞ്ഞ മലമൂപ്പന്മാർ ഒന്നാം മലയായ തലപ്പാറമല ദേവൻ വില്ലാളി വീരകേളന്റെ നേതൃത്വത്തിൽ പന്തളം രാജകൊട്ടാരത്തിൽ രാജാവിനെ മുഖം കാണിച്ചു.

ശ്രീ അയ്യപ്പസ്വാമിയുടെ വനയാത്രയിൽ തുണയായിരിക്കുവാൻ തലപ്പാറമല മൂപ്പനോട് രാജാവ് കൽപിക്കുകയും രാജമുദ്രയുള്ള അരമണി, ശംഖ്, ഓട്ടുമണി, ഉടവാൾ, അരപ്പട്ട, തലപ്പാവ് എന്നിവ മൂപ്പനു നൽകി രാജാവ് അനുഗ്രഹിച്ച് അയക്കുകയും ചെയ്തു.

ശ്രീ അയ്യപ്പനുമായുള്ള വനയാത്രാമധ്യേ തലപ്പാറമലയിൽ എത്തിയ സന്ധ്യാസന്ദർഭത്തിൽ മൂപ്പന്മാർ കാട്ടുകല്ലുകൾകൊണ്ട് വൃത്തത്തിൽ ഒരു കോട്ട നിർമിച്ചു. കാട്ടിലകൾ വിരിച്ച് മെത്തയുണ്ടാക്കി. അയ്യപ്പസ്വാമി കോട്ടയിൽ നിദ്രകൊള്ളുന്നു. കോട്ടക്കു സമീപം ആഴി (തീ) കത്തിച്ച് ദീപമുണ്ടാക്കി മൂപ്പനും അനുയായികളും അയ്യപ്പ സ്തുതി ഗാനങ്ങളും ശരണമന്ത്രങ്ങളുമായി കഴിഞ്ഞു.

പുലർച്ചെ യാത്രതുടർന്ന് ശബരിമലയിലെത്തി. അവിടെയുണ്ടായിരുന്ന മഹാവിഷ്ണു വിഗ്രഹത്തിൽ അയ്യപ്പസ്വാമി വലയം പ്രാപിച്ചു കുടികൊള്ളുന്നു.

മലമൂപ്പൻ വീരകേളന്റെ പത്നി നീലിയമ്മയെ ശബരിമലയുടെ അടുത്ത നീലിമലയിൽ അയ്യപ്പസ്വാമിക്ക് തുണയായി കുടിയിരുത്തിയതായും പൂർവികർ വിശ്വസിച്ചും ആചരിച്ചും പോരുന്നു. ഈ മല ഇന്നും നീലിമല എന്ന് വിളിക്കപ്പെടുന്നു.

രാജാവ് ദുഃഖിതനായി കഴിയുമ്പോൾ ശ്രീ അയ്യപ്പൻ രാജകൊട്ടാരത്തിൽ രാജാവിനു മുമ്പിൽ പ്രത്യക്ഷപ്പെട്ട് ആശ്വസിപ്പിക്കുന്നു: 'എന്റെ നിയോഗം വനവാസവും ഭക്തരെ അനുഗ്രഹിക്കലും മഹഷി എന്ന ദുർദേവതയെ നിഗ്രഹിക്കലുമാണ്. അധർമത്തെ നിഗ്രഹിച്ച് ധർമം നിലനിർത്താൻ നിയോഗിതനായ എനിക്ക് രാജഭരണം അനിവാര്യമല്ല. തിരുമനസ്സ് എന്നെ രാജാവായി അഭിഷേകം ചെയ്യുന്നതിന് വേണ്ടി പൂർത്തീകരിച്ച തിരുവാഭരണങ്ങളും ഉടയാടകളും വർഷത്തിൽ ഒരിക്കൽ ശബരിമലയിൽ കൊണ്ടുവരുകയും തിരുവാഭരണ വസ്ത്രങ്ങളണിഞ്ഞ് മകര സംക്രമദിവസങ്ങളിൽ എന്നെ അങ്ങേക്ക് ദർശിക്കുകയും ചെയ്യാവുന്നതാണ്.'

പ്രഥമ തിരുവാഭരണ യാത്രയ്ക്ക് മുമ്പായി രാജാവിന് സ്വപ്ന ദർശനമുണ്ടായി: 'വനയാത്രയിൽ എനിക്ക് തുണയായി സേവ ചെയ്ത തലപ്പാറമല വില്ലാളി മലദേവനെ അങ്ങയെപ്പോലെ പിതാവിന്റെ സ്ഥാനത്ത് ഞാൻ ആദരിക്കുന്നതിനാൽ തലപ്പാറമല മൂപ്പനും മാളികപ്പുറത്ത് ദേവിക്കും തിരുവാഭരണങ്ങൾ നിവേദിക്കേണ്ടതാണ്.'

സ്വപ്നദർശനം രാജാവ് നടപ്പിലാക്കുന്നു. എല്ലാ വർഷവും വൃശ്ചികം ഒന്നുമുതൽ ശബരിമല ഉത്സവകാലം രണ്ടുമാസത്തേക്ക് ആരംഭിക്കും. ജനുവരി 12ന് പന്തളം കൊട്ടാരത്തിൽനിന്നും മൂന്ന് തിരുവാഭരണ പേടകങ്ങളും തലയിൽ ചുമന്ന് ശരണമന്ത്രങ്ങളുമായി നിയമ സംരക്ഷണത്തിൽ ഒരു സംഘം അയ്യപ്പഭക്തർ ശബരിമലക്ക് പുറപ്പെടും.

13ാം തീയതി പ്ലാപ്പള്ളി എന്ന സ്ഥലത്ത് കാല

ങ്ങൾക്കുമുമ്പ് നിലനിന്നുവരുന്ന തലപ്പാറ കോട്ടയിൽ തിരുവാഭരണ ഘോഷയാത്രയെത്തും. ഈ സന്ദർഭത്തിനുവേണ്ടി ദിവസങ്ങളോളം വ്രതശുദ്ധിയായും ശരണമന്ത്രങ്ങളുമായി പ്രതീക്ഷിച്ചു നിൽക്കുന്ന തലപ്പാറ മലമൂപ്പനും അനുയായികളും ആനന്ദനിർവൃതിയിൽ പുളകമണിയും. തിരുവാഭരണ പേടകങ്ങൾ കൊച്ചുവേലൻ ഏറ്റുവാങ്ങി പ്രത്യേകം തയ്യാറാക്കിയ വിരിപ്പിൽ ഇറക്കിവച്ചു പൂജാകർമങ്ങൾ ചെയ്യും. പന്തളത്തുനിന്നും തിരുവാഭരണത്തെ അനുഗമിക്കുന്ന രാജാവിനെ കൊച്ചുവേലൻ വണങ്ങി വെറ്റില, അടക്ക ദക്ഷിണ കൊടുക്കും. രാജാവ് വേലനെ അനുഗ്രഹിച്ച് ഒരു പണക്കിഴി സമ്മാനിച്ചു പരസ്പരം ആലിംഗനം ചെയ്ത് യാത്ര തിരിക്കും.

ശ്രീ അയ്യപ്പ സംഭവങ്ങളും ആചാരാനുഷ്ഠാന വിശ്വാസങ്ങളും പൂർവികർ വിശ്വസിച്ചും അനുഷ്ഠിച്ചും പോരുന്നവ പിൻപറ്റി ആദരിച്ചു, വിശ്വസിച്ചു പോരുന്ന തിരിച്ചറിവുകൾ മാത്രമെ എനിക്കുള്ളൂ. മറിച്ചെന്തെങ്കിലും ബോധ്യപ്പെടുത്താൻ എന്റെ പക്കൽ തെളിവുകളൊന്നുമില്ല.

## തലപ്പാറമല വില്ലാളി കൊച്ചുവേലന്മാരുടെ പരമ്പര

പ്രാരംഭം മുതൽ ഈ പരമ്പര മരുമക്കൾ (അനന്തരവൻ) മരുമക്കത്തായം അനുസരിച്ചു കൈമാറുന്നു. പത്തുപതിനഞ്ച് വർഷം തൽസ്ഥാനത്ത് തുടരുന്നവർ മരണപ്പെടുന്നതിനുമുമ്പ് അടുത്ത പിൻഗാമിയെ ആചാരാനുഷ്ഠാനങ്ങളും മന്ത്രങ്ങളും ക്രിയകളുമെല്ലാം പഠിപ്പിച്ച് സ്ഥാനാരോഹണം ചെയ്യിക്കും. പിൻഗാമി നാൽപതുവയസ്സിന് മുകളിലെത്തിയ ആളായിരിക്കണം.

അടുത്ത പിൻഗാമി ഞാനായിരുന്നതിനാൽ മാതുലനോടു ചേർന്ന് കർമ, ക്രിയാചാരങ്ങൾ പഠിച്ചു തുടങ്ങി.

'അയ്യപ്പാ ദൈവമേ, ശരണമെന്റയ്യപ്പാ
അയ്യനല്ലാതൊരു ദൈവമില്ലയ്യപ്പാ
ശരണം വിളിച്ചാൽ മരണം ഇല്ലയ്യാ...'

ഇങ്ങനെ ശരണമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് കന്നിയായും പിന്നീട് തുടർച്ചയായും ശബരിമലക്ഷേത്ര ദർശനം നടത്തി. തുടർന്ന് പടയനി, ഭജന, തീർപ്പ്, ഒഴിപ്പിക്കൽ, മന്ത്രവാദം, പ്രശ്നപരിഹാരക്രിയ തുടങ്ങി പല കർമങ്ങളും അമ്മാവനോടൊപ്പം ചെയ്തു പോന്നു. ചെയ്യുന്ന ഓരോ ചടങ്ങും ഈശ്വരനിയോഗമോ, മനുഷ്യന്റെ പ്രീതിക്കുവേണ്ടിയോ? മദ്യത്തിന്റെ സാന്നിധ്യത്തിൽ പ്രീതിപ്പെടുകയും പ്രശ്നങ്ങൾ പരിഹരിച്ചുതരുന്നവരുമായി കരുതപ്പെടുന്ന ആരാധന മൂർത്തികൾ ശക്തരോ? ഓരോ കർമാരാധന കഴിയുമ്പോഴും ഒന്നിനുപുറകെ ഒന്നായി സംശയങ്ങൾ മനസ്സിൽ മുളച്ചുവരികയാണ്.

സംശയങ്ങൾക്ക് ശക്തി പകരുന്ന, ബലപ്പെടുന്ന ഒരു സംഭവം ഈ കാലയളവിൽ പ്രത്യക്ഷപ്പെട്ടു.

ഞങ്ങളുടെ ഊരു ഗ്രാമത്തിൽനിന്ന് ഒരു കിലോമീറ്റർ ദൂരമുള്ള, 20 കുടുംബങ്ങൾ മാത്രമുള്ള വനത്തിനുള്ളിൽ മറ്റൊരു ഊര് ഗ്രാമം. തുള്ളിക്കളിച്ച് പ്രസന്നവതിയായി വീട്ടുജോലികൾ ചെയ്തു കൊണ്ടിരുന്ന 13 വയസ്സ് പ്രായമുള്ള സുന്ദരിയായ ഒരു പെൺകുട്ടി പൊടുന്നനെ നിശ്ശബ്ദയായി. മറ്റാരുടെയും മുഖത്തു നോക്കാതെ, ചോദ്യങ്ങൾക്കു മറുപടി പറയാതെ തലകുനിച്ച് ഒരേ ഇരുപ്പ്. കുട്ടിയുടെ മാതാപിതാക്കൾ കൊച്ചുവേലന്റെ അടുത്തു വന്നു. രോഗവിവരങ്ങൾ പറഞ്ഞു.

പിറ്റേദിവസം ബാധ ഒഴിപ്പിക്കൽ കർമ്മത്തിനായി അമ്മാവനോടൊപ്പം ഞാനും ഒരു സുഹൃത്തും കൂടി ആ വീട്ടിലെത്തി. പടയനിക്കുള്ള നിവേദ്യങ്ങൾ (മദ്യം, കരിക്ക്, സാമ്പ്രാണി തുടങ്ങി ആവശ്യമുള്ളതെല്ലാം) വീട്ടുകാർ കരുതിയിട്ടുണ്ട്. ചെന്ന ഉടൻതന്നെ വില്ലാളിവീരൻ കൊച്ചുവേലൻ (അമ്മാവൻ) വാറ്റുചാരായം നാടൻ ഫ്രഷ് ഒരു ഗ്ലാസ്സ് അകത്താക്കി. ഞാനും സുഹൃത്തും ആവശ്യത്തിന് അകത്താക്കി.

നേരം ഇരുട്ടി. വേലൻ പൂജ ആരംഭിച്ചു. മുറ്റത്ത് പ്രത്യേകസ്ഥലത്ത് പൂജാവസ്തുക്കൾ നിരത്തി. ഞാനും സുഹൃത്തും അൽപം ദൂരെ മാറി ഒരു മരച്ചുവട്ടിൽ ഇരുന്നു. വേലൻ എണ്ണത്തിരി കത്തിച്ച് ഒരു തേങ്ങയുടെ മുകളിൽ വച്ച് ഒരു കൈയിൽ ഉയർത്തിപ്പിടിച്ച് മലദൈവങ്ങളുടെ പേരുകൾ വിളിച്ച് ഉറഞ്ഞു തുള്ളാൻ തുടങ്ങി.

'തലപ്പാറമല, ഉടുമ്പാറമല, കൊട്ടതട്ടിമല, നത്തക്കാമല, നമ്പൻമല, നീലമല, 99 മല, വില്ലാളി വീരന്മാരേ! മുണ്ടൻ, കേളൻ, കൊമരൻ, കുറുമ്പൻ, കൊച്ചൂഞ്ഞ്, അറുകൊല പിതൃക്കന്മാരേ! ആറ്റുപിശാച്, തോട്ടുപിശാച്, കാട്ടുപിശാച്, മാടൻ, മർദ, ആൺപിശാച്, പെൺപിശാച്, രക്തയക്ഷി... ആരാണ് പെൺകിടാത്തിയിൽ പ്രവേശിച്ചിരിക്കുന്നത് പറ, പറ, പറ...'

ചോദ്യം പെണ്ണിനോട്: 'ഹും പറ, ങേ.. നീ പറയില്ലല്ലേ? ങും, നിന്നേക്കൊണ്ടു ഞാൻ പറയിപ്പിക്കും' - തുള്ളി അട്ടഹസിക്കുകയാണ് വേലൻ.

ഈ സമയത്താണ് മദ്യലഹരിയിൽ എന്റെ അടുത്തിരുന്ന കൂട്ടുകാരൻ ആ 'കുരുത്തക്കേട്' കാട്ടിയത്! **(തുടരും)**

ടി.കെ.അശ്റഫ്
tkashraf100@gmail.com



# തുരത്തണം വർഗീയ വൈറസിനെയും

രാജ്യത്ത് കോവിഡ് വാക്സിൻ 2021 ജനുവരി മുതൽ നൽകിത്തുടങ്ങാനാകുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു. എത്രയും വേഗം ഈ മഹാമാരിയെ പിടിച്ചുകെട്ടാനുള്ള വാക്സിൻ യാഥാർഥ്യമാകുമെന്ന് പ്രത്യാശിക്കാം.

എന്നാൽ രാജ്യത്തെ മൊത്തത്തിൽ ബാധിച്ചുകൊണ്ടിരിക്കുന്ന വർഗീയ വൈറസിനും വാക്സിൻ കണ്ടെത്തേണ്ടിയിരിക്കുന്നു. ആരോഗ്യരംഗം മെച്ചപ്പെട്ടതുകൊണ്ട് മാത്രം രാജ്യത്ത് സമാധാനം ഉണ്ടാകില്ല; മനുഷ്യർ തമ്മിൽ ആരോഗ്യകരമായ സാമൂഹിക ബന്ധംകൂടി ശക്തിപ്പെടുമ്പോൾ മാത്രമെ സ്വസ്ഥമായ ജനജീവിതം യാഥാർഥ്യമാവുകയുള്ളൂ.

ഖേദകരമെന്നു പറയട്ടെ, കോവിഡിന് വാക്സിൻ വരുന്നതോടെ പൗരത്വ ഭേദഗതി നിയമം നടപ്പാക്കുമെന്ന് കേന്ദ്ര അഭ്യന്തര മന്ത്രി അമിത് ഷാ ബംഗാൾ പര്യടനത്തിനിടയിൽ പ്രഖ്യാപിച്ചിരിക്കുന്നു. കൊറോണ വൈറസിന്റെ ആക്രമണം കുറയുമ്പോഴേക്കും വർഗീയ വൈറസിനെ രാജ്യത്ത് വ്യാപിക്കാനാണ് ശ്രമം എന്നർഥം. കോർപ്പറേറ്റുകൾക്ക് രാജ്യത്തെ പൊതുമേഖല സ്ഥാപനങ്ങൾ ഓരോന്നായിഏൽപിച്ചുകൊടുക്കുന്നത്, നിലനിൽപിനായുള്ള സമരത്തിനിടെ കൊടുംതണുപ്പിൽ കർഷകരുടെ ജീവൻ പൊലിയുന്നത്, പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വിലക്കയറ്റം തുടങ്ങിയ ഗൗരവമേറിയ വിഷയങ്ങളിൽനിന്ന് ജനശ്രദ്ധ തിരിക്കാനാണ് വർഗീയ അജണ്ടകൾ വീണ്ടും കുത്തിപ്പൊക്കുന്നത്.

ഉത്തരേന്ത്യയിൽ അടിച്ചുവീശുന്ന വർഗീയവിഷം കേരളത്തിലേക്ക് കടക്കാതിരിക്കാൻ അതീവജാഗ്രത ഉണ്ടാവണം. തദ്ദേശ തെരഞ്ഞെടുപ്പിന്റെ ജയപരാജയങ്ങൾ വിലയിരുത്തുമ്പോൾ രാഷ്ട്രീയ നേതാക്കളും മാധ്യമങ്ങളും അതീവ ജാഗ്രത പാലിക്കണം. ചെറിയ വ്യണങ്ങൾ മാന്തിച്ചൊറിഞ്ഞ് വലുതാക്കുന്ന പോലെ വർഗീയ ചേരിതിരിവിന്റെ ചെറിയ മുറിവുകൾ നാവും പേനയും ഉപയോഗിച്ച് മാന്തിക്കീറി വലുതാക്കുന്ന ദുഷ്പ്രവണത ആരിൽനിന്നും ഉണ്ടായിക്കൂടാ. അത്തരത്തിലുള്ള പ്രസ്താവനകൾ, ലേഖനങ്ങൾ, ചാനൽ ചർച്ചകൾ എന്നിവയിൽനിന്ന് വിവേകമുള്ളവർ വിട്ടുനിൽക്കണം.

വർഗീയത പച്ചയ്ക്ക് പറയുന്നവർക്ക് അടുത്ത കാലംവരെ മലയാള മുഖ്യധാരാ ചാനലുകൾ വലിയ പരിഗണന നൽകിയിരുന്നില്ല. എന്നാൽ സമീപകാലത്ത് അത്തരം ആളുകളെ പ്രത്യേകം തിരഞ്ഞുപിടിച്ച് അന്തിച്ചർച്ചകളിലേക്ക് കൊണ്ടുവരാൻ ചാനലുകൾ പരസ്പരം മത്സരിക്കുന്നതുപോലെ തോന്നുന്നു. കേരളജനതയെ വർഗീയമായി ധ്രുവീകരിക്കാൻ ചില കേന്ദ്രങ്ങൾ ഒരുക്കിയ കെണികളിൽ അറിഞ്ഞും അറിയാതെയും മാധ്യമങ്ങൾ ഭാഗമാകുന്നുണ്ട്. വർഗീയ സംഘടനകൾ സ്വന്തം അനുയായികളിൽ നിശാക്യാമ്പുകളിൽവച്ച് കുത്തിവെക്കുന്ന വർഗീയവിഷം ഒട്ടും ചോരാതെ പൊതുസമൂഹത്തിനുമുന്നിൽ വിളമ്പാൻ ചില ചാനലുകൾ യഥേഷ്ടം സമയം നൽകുന്നത് ആ വിഷത്തിന്റെ സമൂലമായ വ്യാപനത്തിന് കാരണമാകുമെന്നും അത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്നും വിസ്മരിച്ചുകൂടാ.

മതനിരപേക്ഷതയിലധിഷ്ഠിതമായ സാമൂഹ്യ സംവിധാനം നിലനിന്നാലേ ഇന്ത്യയെപ്പോലൊരു രാജ്യത്ത് എല്ലാ വിഭാഗങ്ങൾക്കും സമാധാനജീവിതം സാധ്യമാവുകയുള്ളൂ. വർഗീയയുടെ തുരുത്ത് ചിലർക്ക് താൽക്കാലിക നിലനിൽപിന് പ്രയോജനപ്പെടുമെങ്കിലും രാജ്യമാകുന്ന കപ്പലിൽ വീഴുന്ന ദ്വാരങ്ങളാണ് അവയെന്നും കപ്പലിൽ വെള്ളം കയറിയാൽ ദ്വാരമുണ്ടാക്കിയവർ മാത്രമല്ല മുങ്ങിമരിക്കുക എന്നും മനസ്സിലാക്കിയാൽ എല്ലാവർക്കും നല്ലത്.

കേരളത്തിന്റെ ഗ്രാമപ്രദേശങ്ങൾ എല്ലാമതവിശ്വാസികളും ഇടകലർന്നു ജീവിക്കുന്നവയാണ്. അവിടെയുണ്ടാകുന്ന വർഗീയ വിഭജനം എല്ലാവരെയും ദോഷകരമായി ബാധിക്കുമെന്ന് നാം തിരിച്ചറിയണം. കൊറോണയെക്കാൾ അപകടകാരിയാണ് വർഗീയതയാകുന്ന വൈറസ്. കോവിഡിനെ പ്രതിരോധിച്ച പോലെ വർഗീയതയെയും നമുക്ക് ഒന്നിച്ചു നേരിടാം. അതിനുള്ള വാക്സിൻ അന്വേഷിക്കേണ്ടത് പരീക്ഷണ ലാബുകളിലല്ല; മനുഷ്യരുടെ ഓരോരുത്തരുടെയും മനസ്സിനകത്താണ്.

WISDOM
ബാലവേദി

കുരുന്നു മക്കൾ
വിനോദ-വിജ്ഞാന തീരത്ത്
സംഗമിക്കുന്നു,

# ബാല സമ്മേളനം

## 2020 ഡിസംബർ 25
വെള്ളി 7 PM (IST)

LIVE
Wisdom Students
Wisdom Global TV

wisdomstudents

നിർഭയ ജീവിതം
സുരക്ഷിത സമൂഹം

WISDOM online
കോൺഫറൻസ്
2021 April 1 | 2 | 3 | 4

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 DECEMBER 26

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM
ISLAMIC ORGANIZATION

# അഞ്ചാം വയസ്സിലേക്ക്...

5




ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം
## 2020 ഡിസംബർ: 01 - ഡിസംബർ: 31

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 94477 45299 | **mail@nerpatham.com** | **www.nerpatham.com**